"FREE SAMPLE"
FOR
PERUSAL & PRESCRIPTION.

അഭിനവ മിഡിൽസ്കൂൾ

ഭൂമിശാസ്ത്രം

(ഒന്നാം ഭാഗം—ഒന്നാം ഫാറത്തിലേക്ക്)

തിരുവിതാംകൂർ-കൊച്ചിയിലെ
പുതിയ (1952-53) പാഠപദ്ധതിയനുസരിച്ചുള്ളത്

BY
K. M. JOSEPH, M. A., (COLUMBIA), F. R. G. S.,
SENATE MEMBER, UNIVERSITY OF TRAVANCORE.
(Author of History of the World, and History of India, Text - books for High Schools).

APPROVED

THE EDUCATIONAL BOOK DEPOT,
COLUMBIA VILLA, PATTOM PALACE P. O.
TRIVANDRUM.
1952.

അഭിനവ
മിഡിൽസ്കൂൾ ഭൂമിശാസ്ത്രം

(ഒന്നാം ഭാഗം—ഒന്നാം ഫാറത്തിലേക്ക്)

തിരുവിതാംകൂർ-കൊച്ചിയിലെ
പുതിയ (1952-53) പാഠപദ്ധതിയനുസരിച്ചുള്ളതു്)

BY

K. M. JOSEPH, M. A., (COLUMBIA), F. R. G. S.,
SENATE MEMBER, UNIVERSITY OF TRAVANCORE.
(Author of "THE NEW HIGH SCHOOL GEOGRAPHY" Series,
Text-books for High Schools in Travancore-Cochin).

First Editon—1,000 Copies.

THE EDUCATIONAL BOOK DEPOT,
COLUMBIA VILLA, PATTOM PALACE P. O.,
TRIVANDRUM
1952.

Rights Reserved]

[Price ~~12~~ 11 Annas.

PREFACE

This is the first part of the Series, THE NEW MIDDLE SCHOOL GEOGRAPHY, specially prepared as text-book for Form I of the schools in Travancore-Cochin, according to the latest Syllabus of 1952—53.

In the preparation of this text-book I have attempted to harmonise the requirements of the Revised Syllabus in Geography with the standard of attainment of the pupils concerned, The language of the book is as simple as possible for the standard of Form I, The treatment is clear and concise. The essentials of the several topics alone are included and they are treated in the most elementary manner.

The several illustrations in the book would awaken an intelligent interest in the study of the subject. The questions given at the end of the chapters would serve as suitable revision exercises. In short the book satisfies the requirements of a standard Elementary Text-book in Modern Geography for Form I, according to the latest Syllabus of the Schools in Travancore-Cochin.

Columbia Villa,
Trivandrum,
26th January 1952.

K. M. JOSEPH.

വിഷയവിവരം

അദ്ധ്യായം ... പുറം

I. ഭൂപ്രകൃതിശാസ്ത്രം

1. സൂൎയ്യകുടുംബം (സൗരയൂഥം) 1
2. ഭൂമിയുടെ ചലനങ്ങൾ 8
3. ഭൂലോകം 12

II. ഇൻഡ്യാ

4. ഭൂപ്രകൃതി 15
5. നദികൾ 24
6. കാലാവസ്ഥയും പ്രാകൃതസസ്യാദികളും ... 28
7. കാർഷികപ്രദേശങ്ങളും വിളവുകളും 34
8. ജീവജാലങ്ങൾ 52
9. ലോഹസമ്പത്ത് 54
10. ജനവാസവിതരണം 57
11. ഭരണവിഭാഗങ്ങൾ (പ്രകൃതിവിഭാഗക്രമത്തിന്) ... 62
12. വ്യവസായങ്ങൾ 65
13. ഗതാഗതമാൎഗ്ഗങ്ങളും പട്ടണങ്ങളും 70
14. പ്രധാന കയറ്റുമതികളും ഇറക്കുമതികളും ... 75
15.— ഇൻഡ്യാ ഭരണം: A, B, C വിഭാഗങ്ങളനുസരിച്ചുള്ള രാഷ്ട്രീയ വിഭാഗങ്ങൾ... 78

III. ആസ്ത്രേലിയായും ന്യൂസീലാൻഡും

16. ആസ്ത്രേലിയാ 79
17. ന്യൂസീലാൻഡ് 90

ചിത്രങ്ങൾ

		പുറം
1.	സൂര്യകുടുംബം	2
2.	സൂര്യനു ചുററും ഗ്രഹങ്ങളുടെ സഞ്ചാരപഥം ...	3
3.	ഭൂമിയുടെ ദിവസേനയുള്ള ചക്രഗതി	8
4.	ഭൂമിയുടെ വാർഷികചലനം	10
5.	ശീതോഷ്ണമേഖലകൾ	11
6.	ഭൂഗോളം: അർദ്ധഗോളങ്ങൾ	13
7.	ഇൻഡ്യയും പാക്കിസ്ഥാനും: ഭൂപ്രകൃതി	16
8.	ഏഷ്യാ: തെക്കുപടിഞ്ഞാററൻ മൺസൂൺ കാലം ...	28
9.	ഏഷ്യാ: വടക്കുകിഴക്കൻ മൺസൂൺ കാലം ...	29
10.	ഇൻഡ്യയും പാക്കിസ്ഥാനും: വർഷപാതം അടിസ്ഥാനപ്പെടുത്തിയുള്ള വിഭാഗങ്ങൾ	31
11.	ഇൻഡ്യയും പാക്കിസ്ഥാനും: ജലസേചനവും വിളവുകളും	35
12.	ഗംഗാ സമതലം	38
13.	ഇൻഡസ് (സിന്ധു) സമതലം	42
14.	ഇൻഡ്യാ ഉപദ്വീപ്: ഭൂപ്രകൃതിയും വർഷപാതവും ...	45
15.	ഇൻഡ്യാ ഉപദ്വീപ്: വിളവുകൾ	49
16.	ഇൻഡ്യയും പാക്കിസ്ഥാനും: ധാതുവിതരണം ...	55
17.	ഇൻഡ്യയും പാക്കിസ്ഥാനും: ഭരണവിഭാഗങ്ങൾ ...	61
18.	ഇൻഡ്യയും പാക്കിസ്ഥാനും: വ്യവസായവിതരണം ...	67
19.	ഇൻഡ്യയും പാക്കിസ്ഥാനും: റെയിൽപാതകളും പട്ടണങ്ങളും	72
20.	ഇൻഡ്യയും പാക്കിസ്ഥാനും: വിമാനസഞ്ചാരമാർഗ്ഗങ്ങളും പട്ടണങ്ങളും	73
21.	ആസ്ത്രേലേഷ്യാ: ഭൂപ്രകൃതി	82
22.	ആസ്ത്രേലിയാ: ഭൂപ്രകൃതി, രാജ്യവിഭാഗങ്ങൾ, പട്ടണങ്ങൾ	88
23.	ന്യൂസീലാൻഡ്: പ്രകൃതിവിഭാഗങ്ങളും സാമ്പത്തിക സ്ഥിതിയും	91
24.	ഭൂലോകം: രാജ്യങ്ങൾ, പ്രധാന പട്ടണങ്ങൾ, റെയിൽവേ, കപ്പൽ സഞ്ചാരമാർഗ്ഗങ്ങൾ ...	93

അഭിനവ
മിഡിൽ സ്ക്കൾ ഭൂമിശാസ്ത്രം

(ഒന്നാം പുസ്തകം—ഒന്നാം ഫാറത്തിലേക്ക്)

ഒന്നാംഭാഗം—ഭൂപ്രകൃതിശാസ്ത്രം

അദ്ധ്യായം 1.

സൂര്യകുടുംബം (സൗരയൂഥം)

ആകാശത്തിൽ നക്ഷത്രങ്ങൾ ശോഭിക്കുന്ന ഒരു രാത്രി ആ പ്രകാശഗോളങ്ങളെ സൂക്ഷിച്ചുനോക്കുക. രാത്രിയിൽ കാണുന്ന നക്ഷത്രങ്ങളെ പോലെയുള്ള ഒരു ഗോളമത്രേ പകൽ നമുക്കു പ്രകാശവും ചൂടും നൽകുന്ന സൂര്യൻ. നമ്മുടെ വാസസ്ഥലമായ ഭൂമി സൂര്യഗോളത്തെ ആശ്രയിച്ചു നിൽക്കുന്ന ചെറിയ ഗോള (ഗ്രഹ)ങ്ങളിൽ ഒന്നാണു്.

ഭൂമിയെ കൂടാതെ സൂര്യകുടുംബത്തിൽ മററു പല ഗോളങ്ങൾ ഉണ്ടു്. സൂര്യൻ, ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ, ചെറുഗ്രഹങ്ങൾ, കൊള്ളിമീൻ, വാൽനക്ഷത്രം ഇവയെ ചേർത്തു് സൂര്യകുടുംബം (സൗരയൂഥം) എന്നു പറഞ്ഞു വരുന്നു. ചെറിയഗോളങ്ങളെല്ലാം സൂര്യനിൽ നിന്നുത്ഭവിച്ചവയാണു്; ഇതുനിമിത്തമത്രേ സൂര്യനെ ആശ്രയിച്ചു കഴിയുന്ന ഈ പ്രകാശഗോളങ്ങളെ സൂര്യകുടുംബാംഗങ്ങ

ളായി ഗണിച്ചുവരുന്നതു്. ഇവയിൽ സൂര്യനെയും വലിയ ഗ്രഹങ്ങളെയും സംബന്ധിച്ചു് നമുക്കു് പ്രത്യേകം പഠിക്കാം.



ചിത്രം 1. സൂര്യകുടുംബം (സൗരയൂഥം)

സൂര്യൻ.—സൂര്യഗോളം ഭൂമിയിൽനിന്നും 9 കോടിയിലധികം മൈൽ ദൂരെ വിശാലമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്നു. ഇതിൻെറ വ്യാസം 866,500 മൈൽആണു്. സൂര്യനു് ഭൂമിയുടെ 13 ലക്ഷം മടങ്ങു് കൂടുതൽ വലിപ്പമുണ്ടു്. സൂര്യഗോളം അതിൻെറ അച്ചുതണ്ടിന്മേൽ ഒന്നു ചുററുന്നതിനു് 25 ദിവസം വേണം.

സൂര്യകുടുംബത്തിൻെറ കേന്ദ്രം സൂര്യനാകുന്നു. സൂര്യനു സ്വയം പ്രകാശം മാത്രമല്ല, അത്യുഗ്രമായ ചൂടും ഉണ്ടു്.

ഇതിന്റെ ചൂടു് സാധാരണ ഉഷ്ണമാപിനിയാൽ അളക്കുവാൻ സാധിക്കുന്നില്ല. സൂര്യന്റെ അന്തരീക്ഷത്തിൽ ഭൂമിയുടെ അന്തരീക്ഷത്തിലെപോലെ ലഘുവാതകങ്ങളുണ്ടു്. കൂടാതെ പല ലോഹങ്ങളും സൂര്യന്റെ അന്തരീക്ഷത്തിൽ ആവിയായി ഉൾപ്പെട്ടിരിക്കുന്നു.

സൂര്യൻ ജീവശക്തിയുള്ള ഒരു ഗോളമാണു്. നമ്മുടെ വാസസ്ഥലമായ ഭൂമിക്കും മററു ഗ്രഹങ്ങൾക്കും പ്രകാശവും ചൂടും നൽകി അവയെ ചലിപ്പിക്കുന്നതു് സൂര്യനാകുന്നു. ആകർഷണശക്തിയാൽ ഭൂമിയുടെയും മററു ഗ്രഹങ്ങളുടെയും ഗതി നിയന്ത്രിക്കുന്ന ഒരു മഹായന്ത്രമായി സൂര്യഗോളത്തെ ഗണിക്കാവുന്നതാണു്. സൂര്യപ്രകാശം വിവിധവർണ്ണങ്ങളുള്ള കിരണങ്ങളുടെ സഞ്ചയമാകുന്നു.



ചിത്രം 2. സൂര്യനുചുററും ഗ്രഹങ്ങളുടെ സഞ്ചാരപഥം

ഗ്രഹങ്ങൾ

സൂര്യൻ ഒരു നക്ഷത്രമാണെന്നു മേൽപ്രസ്താവിച്ചിട്ടുണ്ട്. സൂര്യകുടുംബത്തിൽ ഉൾപ്പെട്ട പത്തു ഗ്രഹങ്ങളെ സംബന്ധിച്ചുള്ള അറിവ് നമുക്ക് ലഭിച്ചിട്ടുണ്ട്. അവയുടെ പേർ സൂര്യനിൽ നിന്നുള്ള ദൂരം അനുസരിച്ച് താഴെ ചേർത്തിരിക്കുന്നു.—

1.	ബുധൻ	6.	ശനി
2.	ശുക്രൻ	7.	യുറാനസ്
3.	ഭൂമി	8.	നെപ്റ്റ്യൂൺ
4.	ചൊവ്വാ	9.	പ്ലൂട്ടോ
5.	വ്യാഴം	10.	പീ.

നക്ഷത്രങ്ങളും ഗ്രഹങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. നക്ഷത്രങ്ങൾക്കു സ്വയം പ്രകാശമുണ്ട്. ഗ്രഹങ്ങൾ സൂര്യൻെറയും മററു നക്ഷത്രങ്ങളുടെയും പ്രഭയുടെ പ്രതിഫലനത്താൽ പ്രകാശിക്കുന്നു. നക്ഷത്രങ്ങൾ ഒരേ സ്ഥാനത്തു് സ്ഥിരമായി നിൽക്കുന്നു; എന്നാൽ ഗ്രഹങ്ങൾ ആകാശമണ്ഡലത്തിൽ സ്ഥാനം മാറി സഞ്ചരിക്കുന്നു.

ബുധൻ.—സൂര്യനോട് ഏററവും സമീപിച്ചുള്ള ഈ ഗ്രഹം സൂര്യഗോളത്തിൽനിന്നും ഏകദേശം മൂന്നര കോടി മൈൽ ദൂരെ സ്ഥിതിചെയ്യുന്നു. ഇതിന് ഭൂമിയുടെ ഇരുപതിൽ ഒരു ഭാഗം വലിപ്പമുണ്ട്. ഈ ഗ്രഹമാണ് സൂര്യാസ്തമനസമയം ഒരു സന്ധ്യാനക്ഷത്രംപോലെയും, സൂര്യോദയത്തിനുമുമ്പ് ഒരു പ്രഭാത നക്ഷത്രം പോലെയും സൂര്യനോടു വളരെ അടുത്തുകാണുന്നതു്. സൂര്യൻെറ ആകർഷണശക്തിയുടെ കൂടുതൽ നിമിത്തം ഈ ഗ്രഹത്തിൻെറ ഒരേവശംതന്നെ സൂര്യനഭിമുഖമായിരിക്കുന്നു; തന്നിമിത്തം

ആവശം ഭയങ്കരമായി ചൂടുപിടിച്ചിരിക്കുന്നു. ബുധൻെറ ഉപരിതലത്തിൽ നിർജീവമായ അഗ്നിപർവ്വതങ്ങൾ ഉൾപ്പെട്ടിരിക്കുന്നു; ചൂടുസംഗ്രഹിക്കുവാൻ ശക്തിയില്ലാത്ത അഗ്നിപർവ്വതചാരം ബുധൻെറ ഉപരിതലത്തിൽ മൂടിക്കിടക്കുന്നു. ജീവജാലങ്ങൾ ഇവിടെ ഇല്ല. സൂര്യപ്രകാശം പ്രതിഫലിക്കുന്നതു നിമിത്തമാണു് ഈ ഗോളം പ്രകാശിക്കുന്നതു്.

ശുക്രൻ.—ഭൂമിയോടു ഏററവും അടുത്തു നില്ക്കുന്ന ഗ്രഹം ശുക്രൻ ആകുന്നു. ശുക്രനു ഭൂമിയോളം വലിപ്പമുണ്ടു്. ഈ ഗ്രഹം സൂര്യനിൽനിന്നും ആറേമുക്കാൽ കോടി മൈൽ ദൂരത്തിൽ സ്ഥിതിചെയ്യുന്നു. ഇതു് മേഘങ്ങളാൽ മൂടപ്പെട്ടിരിക്കുന്നു. സൂര്യനും ചന്ദ്രനും കഴിഞ്ഞാൽ ആകാശത്തിൽ ഏററവും കൂടുതൽ പ്രകാശമുള്ള ഗോളം ശുക്രനാണു്. സൂര്യാസ്തമനം കഴിഞ്ഞാലുടനെ പടിഞ്ഞാറും, സൂര്യോദയത്തിനുമുമ്പു് കിഴക്കും ഈ ഗ്രഹം പ്രത്യക്ഷമാകുന്നു. സന്ധ്യാനക്ഷത്രമെന്നും ഉദയനക്ഷത്രമെന്നും ശുക്രനെ വിളിക്കുന്നതു ഇതു നിമിത്തമാണു്. ഓക്സിജൻ അഥവാ പ്രാണവായുവിൻെറ കുറവു നിമിത്തം ഈ ഗ്രഹത്തിൽ സസ്യാദികളോ മററു ജീവികളോ ഉണ്ടായിരിക്കുവാനിടയില്ല.

ഭൂമി.— നമ്മുടെ വാസസ്ഥലമായ ഭൂമി സൂര്യകുടുംബത്തിലെ ഗ്രഹങ്ങളിൽ ഒന്നാണു്. സൂര്യനിൽനിന്നും ഒൻപതേകാൽ കോടി മൈൽ ദൂരെയാണു് ഭൂമിയുടെ സ്ഥാനം, ധ്രുവഭാഗം അല്പം പരന്നും മധ്യരേഖാഭാഗം, അല്പം ഉന്തിയും ഉള്ള ഗോളാകൃതിയാണു് ഇതിനുള്ളതു്. ഭൂഗോളത്തിൻെറ ചുററളവു് 25,000 മൈലും, ശരാശരി വ്യാസം 8,000 മൈലും ആകുന്നു. ഭൂമിയുടെ ഉപരിഭാഗത്തിൻെറ വിസ്തീർണ്ണം 197,000,000 ച: മൈൽ

ആണ്; ഇതിൻെറ ഏഴിൽ രണ്ടുഭാഗം കരയും, ബാക്കി അഞ്ചുഭാഗം ജലവും ആകുന്നു. ചന്ദ്രൻ ഭൂമിയുടെ ഉപഗ്രഹമാണ്.

ചൊവ്വാ.—ഇതു് ഭൂമിയുടെ ഏഴിൽ ഒരുഭാഗം മാത്രം വലിപ്പമുള്ള ഒരു ഗ്രഹമാണ്. സൂര്യനിൽനിന്നും വളരെ ദൂരെ സ്ഥിതിചെയ്യുന്നതിനാൽ ഈ ഗ്രഹത്തിനു് ശുക്രൻെറ ഏകദേശം പത്തിലൊന്നുമാത്രമേ ശോഭയുള്ളൂ. ചൊവ്വായ്ക്കു രണ്ടു് ഉപഗ്രഹങ്ങളുണ്ടു്. ചന്ദ്രഗോളത്തിലെപോലെ ചൊവ്വായുടെ ഉപരിതലത്തിൽ ചൂടു സഹിക്കുവാൻ ശക്തിയില്ലാത്ത അഗ്നിപർവ്വതചാരം മൂടിക്കിടക്കുന്നു. ഇതു വളരെ തണുപ്പുള്ള ഒരു ഗ്രഹമാണ്. ഇവിടെ സസ്യാദികളോ മററു ജീവജാലങ്ങളോ ഉണ്ടായിരിക്കുവാനിടയില്ല. ചൊവ്വായ്ക്കു രണ്ടു ഉപഗ്രഹങ്ങളുണ്ടു്.

വ്യാഴം.—വലിപ്പവും ഭാരവും ഏററവും കൂടുതലുള്ള ഗ്രഹം വ്യാഴം ആണ്. ഇതിനു ഭൂമിയുടെ 1309 ഇരട്ടി വലിപ്പമുണ്ടു്. അതിൻെറ വ്യാസം ഭൂമിയുടെ ഏകദേശം 11 ഇരട്ടിയും, ഭാരം 314 ഇരട്ടിയും ആകുന്നു. വ്യാഴത്തിനു 11 ഉപഗ്രഹങ്ങളുണ്ടു് (1-ാം ചിത്രം നോക്കുക). ഈ ഗ്രഹത്തിൻെറ തണുപ്പ് നമുക്ക് ഊഹിക്കുവാൻ സാധിക്കാത്തവണ്ണം അധികമാണ്. ഇതിൻെറ അന്തരീക്ഷം മേഘങ്ങളാൽ മൂടപ്പെട്ടിരിക്കുന്നു. ഈ ഗ്രഹത്തിൻെറ സ്ഥാനം ഭൂമിയിൽനിന്നും 60 കോടിയിലധികം മൈൽ ദൂരെയാണ്.

ശനി.—ഈ ഗ്രഹത്തിനു ഭൂമിയുടെ 760 ഇരട്ടി വലിപ്പമുണ്ടു്. ഇതിൻെറ സ്ഥാനം ഭൂമിയിൽ നിന്നും 103 കോടിയിലധികം മൈൽ ദൂരെയാണ്. ഇതിനു ഒൻപതു വളയങ്ങളും ഒൻപതു ഉപഗ്രഹങ്ങളും ഉണ്ടു്.

ഈ വലയങ്ങൾ ഉപഗ്രഹങ്ങളേക്കാൾ നിസ്സാരമായ അനവധി ചെറുഗ്രഹങ്ങളാകുന്നു. സൂര്യനിൽനിന്നും 88 കോടിയിലധികം മൈൽ ദൂരെ സ്ഥിതിചെയ്യുന്ന ഈ ഗ്രഹം വളരെ തണുപ്പുള്ളതാണ്. സസ്യാദികളോ ഇതരജീവജാലങ്ങളോ ഈ ഗ്രഹത്തിൽ ഉണ്ടായിരിക്കുവാനിടയില്ല.

യുറാനസ്:—ഭൂമിയുടെ 65 ഇരട്ടി വലിപ്പം ഈ ഗ്രഹത്തിനുണ്ട്. ഭൂമിയിൽ നിന്നും 196 കോടി മൈൽ ദൂരെയാണ് ഇതിന്റെ സ്ഥാനം. സൂര്യനിൽനിന്നും ഈ ഗ്രഹത്തിന്റെ ശരാശരി ദൂരം 178 കോടി മൈൽ ആകുന്നു. യുറാനസിന് നാല് ഉപഗ്രഹങ്ങളുണ്ട്. ഭൂമിയിലുള്ള ഏതൊരു സാധനത്തെയും അപേക്ഷിച്ച് ഈ ഗ്രഹത്തിനു കൂടുതൽ തണുപ്പുണ്ട്.

നെപ്റ്റ്യൂൺ:—ഈ ഗ്രഹത്തിനു ഭൂമിയുടെ 85 ഇരട്ടി വലിപ്പമുണ്ട്. എന്നാൽ ഭൂമിയിൽനിന്നും 291 കോടി മൈൽ ദൂരത്തിലാകയാൽ, ദൂരദർശിനിയിൽ കൂടെ മാത്രമേ ഈ ഗ്രഹത്തെ കാണുവാൻ സാധിക്കുന്നുള്ളൂ. സൂര്യനിൽനിന്നും 279 കോടി മൈൽ ദൂരത്തിലാണ് ഇതിന്റെ സ്ഥാനം; ദൂരക്കൂടുതൽ നിമിത്തം ഈ ഗ്രഹത്തിന്റെ തണുപ്പ് നമുക്കു ഊഹിക്കുവാൻ പാടില്ലാത്ത വിധത്തിൽ കൂടുതലാണ്. ജീവജാലങ്ങൾ ഇവിടെ ഉണ്ടായിരിക്കുവാനിടയില്ല. ഒരു ഉപഗ്രഹം മാത്രമേ ഈ ഗ്രഹത്തിനുള്ളൂ.

പ്ലൂട്ടോ, പീ, എന്നീ ഗ്രഹങ്ങൾ നെപ്റ്റ്യൂണിനേക്കാൾ അകലത്തിൽ സ്ഥിതിചെയ്യുന്നു.

ചോദ്യങ്ങളും അഭ്യാസങ്ങളും

1. സൂര്യകുടുംബത്തിൽ ഉൾപ്പെടുന്ന പ്രകാശഗോളങ്ങൾ ഏവ ?
2. നക്ഷത്രങ്ങളും ഗ്രഹങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?
3. വ്യാഴം, ശനി ഈ ഗ്രഹങ്ങളെ വലിപ്പം, സൂര്യനിൽ നിന്നുള്ള ദൂരം, ഉപഗ്രഹങ്ങളുടെ എണ്ണം, ശീതോഷ്ണസ്ഥിതി ഇവ സംബന്ധിച്ച് ഭൂമിയുമായി താരതമ്യപ്പെടുത്തുക.

അദ്ധ്യായം 2

ഭൂമിയുടെ ചലനങ്ങൾ

മനുഷ്യന്റെ വാസസ്ഥലമായ ഭൂമി സൂര്യകുടുംബത്തിൽ ഉൾപ്പെട്ട ഒരു ഗ്രഹമാണെന്നും, അതിനു ഗോളാ



ചിത്രം 3. ഭൂമിയുടെ ദിവസേനയുള്ള ചലനം (ഭ്രമണം: ചക്രഗതി)

കൃതിയുണ്ടെന്നും മുൻ അധ്യായത്തിൽ നാം പഠിച്ചു. ഭൂമിക്കു് രണ്ടുവിധത്തിലുള്ള ചലനങ്ങളുണ്ടു്.

1. ഭൂഭ്രമണം (ഭൂചക്രഗതി).—സ്വന്തം അച്ചുതണ്ടിന്മേൽ 24 മണിക്കൂറിൽ ഒരു പ്രാവശ്യം ഭൂമി സ്വയം കറങ്ങുന്ന ഗതിയത്രേ ഇതു്.
2. വാർഷികചലനം.—ഭൂമി സൂര്യനെച്ചുററി ഒരു വർഷംകൊണ്ടു് പൂർത്തിയാക്കുന്ന പ്രദക്ഷിണം.

I. ഭൂഭ്രമണം (ഭൂചക്രഗതി)

മററു പല ആകാശഗോളങ്ങളെയുംപോലെ ഭൂമിയും സ്വയംഭ്രമണംചെയ്യുന്നുണ്ടു്. സ്വന്തം അച്ചുതണ്ടിന്മേൽ ഭൂമി കറങ്ങുന്നതിനു 24 മണിക്കൂർ സമയംവേണം. ഭ്രമണഗതിയിൽ സൂര്യനഭിമുഖമായി വരുന്ന ഭൂഗോളത്തിന്റെ പകുതിഭാഗത്തിനു പ്രകാശവും ചൂടും ലഭിക്കുന്നു; മറുവശത്തുള്ള ഭൂഭാഗത്തിനു് അപ്പോൾ പ്രകാശവും ചൂടും ലഭിക്കാതെ അന്ധകാരം ആയിരിക്കും. ഇപ്രകാരം ഭൂഭ്രമണത്താൽ പല ഫലങ്ങൾ സിദ്ധിക്കുന്നു.

ഭൂഭ്രമണത്താലുള്ള ഫലങ്ങൾ.—(1) പകലും രാത്രിയും ഉണ്ടാകുന്നു. ഭൂമിയുടെ ചക്രഗതിയിൽ സൂര്യനു് അഭിമുഖമായി വരുന്ന ഭൂഭാഗത്തിനു് സൂര്യനിൽനിന്നും പ്രകാശം ലഭിക്കുന്നതിനാൽ അവിടെ പകലുണ്ടാകുന്നു. ആ ഭാഗം തിരിഞ്ഞു് എതിർവശത്താകുമ്പോൾ പ്രകാശം ലഭിക്കാത്തതിനാൽ അവിടെ രാത്രിയുണ്ടാകുന്നു. ഇതുപോലെ ഭൂമിയുടെ എല്ലാവശത്തും പകലും രാത്രിയും ഉണ്ടാകുന്നു. (2) ശാസ്ത്രീയരീതിയിൽ സമയം ഗണിക്കുന്നതിനുള്ള ഒരു നല്ല രീതി ഇതിനാൽ സിദ്ധിക്കുന്നു. ഒരു ഭ്രമണത്തിനാവശ്യമുള്ള സമയത്തെ ഒരു പകലും രാത്രിയും ഉൾപ്പെട്ട ദിവസമായും, അതിനെ മണിക്കൂർ, മിനിററ്,

സെക്കൻഡ് ഇവയായി വിഭജിച്ചും സമയം ഗണിച്ചു വരുന്നു. (3) ഭൂമിക്കു ചക്രഗതി ഇല്ലായിരുന്നെങ്കിൽ സൂര്യന്റെ നേരെ സ്ഥിരമായി സ്ഥിതിചെയ്യുന്ന ഭൂമിയുടെ വശത്തു് ചൂടിന്റെ കൂടുതൽ നിമിത്തവും, ചൂടു ലഭിക്കാത്ത എതിർവശത്തു് തണുപ്പിന്റെ കൂടുതൽ നിമിത്തവും മനുഷ്യർക്കു് ജീവിക്കുവാൻ സാധിക്കയില്ലായിരുന്നു. (4) കാററുകളും കടലൊഴുക്കുകളും വടക്കേ അർദ്ധഗോളത്തിൽ വലത്തോട്ടും തെക്കേ അർദ്ധഗോളത്തിൽ ഇടത്തോട്ടും തിരിഞ്ഞുപോകുവാനിടയാകുന്നു. (5) വടക്കുനിന്നും തെക്കുനിന്നും മദ്ധ്യരേഖയിലേയ്ക്കു വീശുന്ന നിരന്തരവാതങ്ങൾ (Trade winds) പടിഞ്ഞാറോട്ടു ചരിഞ്ഞു വീശുന്നു. (6) ഭൂമിക്കു ആകർഷണശക്തി സിദ്ധിച്ചിരിക്കുന്നതു് ഭ്രമണത്തിന്റെ ഫലമായിട്ടാകുന്നു.

II. വാർഷികചലനം (ഭൂപര്യയം)

സ്വന്തം അച്ചുതണ്ടിന്മേലുള്ള ഭ്രമണംകൂടാതെ ഭൂമി സൂര്യനെ ചുററി പ്രദക്ഷിണം ചെയ്യുന്നുണ്ടു്. ഈ പ്രദ



ചിത്രം 4. ഭൂമിയുടെ വാർഷികചലനം

ക്ഷിണത്തിനാവശ്യമുള്ള 365 ¼ ദിവസത്തിന് ഒരു വർഷമെന്നു പറയുന്നു.

ഭൂമിയുടെ വാർഷിക ചലനത്താൽ സിദ്ധിക്കുന്ന കാര്യങ്ങൾ:— (1) വടക്കേ അർദ്ധഗോളത്തിലും തെക്കേ അർദ്ധഗോളത്തിലും ഓരോ കാലത്തും കാണുന്ന നക്ഷത്രങ്ങൾ വ്യത്യാസപ്പെട്ടിരിക്കുന്നു. (2) സൂര്യൻ ദിവസം പ്രതി പടിഞ്ഞാറോട്ടും വർഷംതോറും കിഴക്കോട്ടും ചലിക്കുന്നതായിതോന്നുന്നതു് ഭൂമിയുടെ ചലനം നിമിത്തമാണു്. (3) ഭൂമി സാവധാനത്തിൽ സൂര്യനെ പ്രദക്ഷിണം ചെയ്യുന്നതിനാൽ, സൂര്യൻ നക്ഷത്രങ്ങളുടെ ഇടയിൽ മന്ദമായി സഞ്ചരിക്കുന്നുവെന്നു തോന്നും. (4) സമയം ഗണിക്കുന്നതിനുള്ള ഒരു രീതിയും ഇതിനാൽ സിദ്ധിക്കുന്നു. സൂര്യനേ ചുററിയുള്ള ഭൂമിയുടെ ഒരു പ്രദക്ഷിണത്തിനാവശ്യമുള്ള



ചിത്രം 5. ശീതോഷ്ണമേഖലകൾ

365¼ ദിവസത്തെ ഒരു വൎഷം എന്നു പറയുന്നു. ഒരു വൎഷത്തെ 12 മാസങ്ങളായും, ഒരു മാസത്തെ 30 ദിവസങ്ങളായും, ഒരു ദിവസത്തെ 24മണിക്കൂറായും, ഒരു മണിക്കൂറിനെ 60 മിനിററായും, ഒരു മിനിററിനെ 60 സെക്കൻഡായും വിഭജിച്ചിരിക്കുന്നു. (5) കാലഭേദങ്ങൾ ഉണ്ടാകുന്നതു് സൂൎയ്യനെ ചുററും പ്രദക്ഷിണം ചെയ്യുമ്പോൾ സൂൎയ്യൻെറ ചൂടു് ലഭിക്കുന്നതിലുള്ള വ്യത്യാസമനുസരിച്ചു് ഭൂമിയുടെ എല്ലാഭാഗത്തും ശീതോഷ്ണസ്ഥിതി വ്യത്യാസപ്പെടുന്നതു നിമിത്തമാകുന്നു. ഇപ്രകാരം ഭൂമിയുടെ വിവിധഭാഗങ്ങളെ ശീതോഷ്ണമേഖലകളായി 5-ാംനമ്പർ ചിത്രത്തിൽ കാണിച്ചിട്ടുള്ളതു നോക്കുക.

ചോദ്യങ്ങളും അഭ്യാസങ്ങളും

1. ഭ്രമണം എന്നാലെന്തു്? ഇതുനിമിത്തം സിദ്ധിക്കുന്നഫലങ്ങൾഏവ?
2. ഭൂമിയുടെ വാൎഷികചലനം എന്തെന്നു വിശദമാക്കുക.
3. ഭൂമിയുടെ വാൎഷികചലനത്താൽ സിദ്ധിക്കുന്ന കാൎയ്യങ്ങൾ എഴുതുക.
4. ശീതോഷ്ണമേഖലകളെ കാണിക്കുന്ന 5-ാംനമ്പർ ചിത്രം പകൎത്തുക.

അദ്ധ്യായം 3

ഭൂലോകം

പുരാതനലോകവും നൂതനലോകവും:—6-ാംനമ്പർ ചിത്രത്തിൽ ഭൂഗോളത്തെ കിഴക്കേയും പടിഞ്ഞാറെയും അൎദ്ധഗോളങ്ങളായി വിഭജിച്ചു് പ്രദൎശിപ്പിച്ചിട്ടുള്ളതു കാണുക. കിഴക്കേ (പൂൎവ്വ) അൎദ്ധഗോളത്തിൽ ഏഷ്യാ, യൂറോപ്പ്, ആഫ്രിക്കാ, ആസ്ട്രേലിയാ എന്നീ ഭൂഖണ്ഡങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. 15-ാം ശതാബ്ദത്തിൽ അമേരിക്കാ കണ്ടുപിടിച്ചതുവരെ അറിയപ്പെട്ടിരുന്ന

ലോകം പൂർവ്വാർദ്ധഗോളം മാത്രമായിരുന്നു. ഈ അർദ്ധഗോളത്തെ പുരാതനലോകം എന്നു വിളിച്ചുവരുന്നു. 15-ാം ശതാബ്ദത്തിൽ അമേരിക്കാ കണ്ടുപിടിച്ചശേഷം വടക്കേ അമേരിക്കയും തെക്കേ അമേരിക്കയും ഉൾപ്പെട്ട പശ്ചിമാർദ്ധഗോളത്തെ നൂതന ലോകം എന്നു വിളിച്ചുവന്നു.

ചിത്രം 6. ഭൂഗോളം: അർദ്ധഗോളങ്ങൾ.

ഭൂമധ്യരേഖയും ധ്രുവങ്ങളും—ഭൂഗോളത്തിൽ സ്ഥലങ്ങളുടെ സ്ഥാനം നിർണ്ണയിക്കുന്നതിന് പ്രത്യേക രേഖകൾ സങ്കല്പിച്ചിട്ടുണ്ട്. ഭൂഗോളത്തിനു ചുററും കിഴക്കു പടിഞ്ഞാറ് തുല്യ അകലത്തിൽ കടന്നു പോകുന്നതായി സങ്കല്പിച്ചിട്ടുള്ള രേഖകളെ അക്ഷാംശ രേഖകൾ എന്നു പറയുന്നു. ഒരു ഗോളത്തെ 360 ഡിഗ്രി (90 ഡിഗ്രി വീതമുള്ള 4 സമകോണങ്ങളായി വിഭജിച്ചിരിക്കുന്നു. ഭൂമധ്യരേഖ പൂജ്യം (ശൂന്യം) ഡിഗ്രിയായും, അവിടെ നിന്നും ഭൂഗോളത്തിന്റെ അച്ചുതണ്ടിന്റെ വടക്കേ അററം, (ഉത്തരധ്രുവം) വരെ 90 ഡിഗ്രിയായും, തെക്കേ

ആറാം ക്ഷിണധ്രുവം) വരെ 90 ഡിഗ്രിയായും സങ്ക ല്പിച്ചു ഗണിച്ചുവരുന്നു (5-ാംചിത്രം നോക്കുക)·

ഉത്തരാർദ്ധഗോളവും ദക്ഷിണാർദ്ധഗോളവും— 5-ാംനമ്പർ ചിത്രം നോക്കുക. മദ്ധ്യരേഖയ്ക്കു വടക്കും തെക്കും കിടക്കുന്ന ഭൂഭാഗങ്ങളെ ഉത്തരാർദ്ധഗോളം, ദക്ഷിണാർദ്ധഗോളം എന്ന രണ്ടു് പ്രത്യേക അർദ്ധഗോളങ്ങളായി ഇതിൽ കാണിച്ചിരിക്കുന്നു. ആസ്ട്രേലിയായും തെക്കേ അമേരിക്കയുടെ ദക്ഷിണഭാഗവും മാത്രമാണു് ദക്ഷിണാർദ്ധഗോളത്തിലുള്ള വൻകരകൾ; ഈ അർദ്ധഗോളത്തിന്റെ മിക്കവാറും ഭാഗങ്ങൾ ജലാശയങ്ങളാണു്· എന്നാൽ ഉത്തരാർദ്ധഗോളം വൻകരകളാൽ നിറഞ്ഞിരിക്കുന്നു; ഇവിടെയുള്ള പ്രധാന ഭൂഖണ്ഡങ്ങൾ ഏഷ്യാ, യൂറോപ്പു്, ആഫ്രിക്കാ, വടക്കേ അമേരിക്കാ, തെക്കേ അമേരിക്കാ (വടക്കു ഭാഗത്തുള്ള മുക്കാൽ ഭാഗം) ഇവയാണു്.

മേൽ വിവരിച്ചപ്രകാരം കരയും ജലവും ക്രമീകരിച്ചിട്ടുള്ളതിന്റെ ഫലം പലവിധത്തിൽ പ്രത്യക്ഷമായിട്ടുണ്ടു്. കര അധികമുള്ള ഉത്തരാർദ്ധഗോളത്തിൽ ജനവാസം കേന്ദ്രീഭവിച്ചിരിക്കുന്നു. ദക്ഷിണാർദ്ധഗോളത്തിൽ ജനവാസം കുറവാണു്. സാമ്പത്തികസ്ഥിതിയിലും സാമാന്യമായ പുരോഗതിയിലും ഉത്തരാർദ്ധഗോളം വലിയ പ്രാധാന്യം അർഹിക്കുന്നു. ദക്ഷിണാർദ്ധഗോളം ഉത്തരാർദ്ധഗോളത്തെ അപേക്ഷിച്ചു് വളരെ നിസ്സാരമായ നില മാത്രമേ അർഹിക്കുന്നുള്ളു. ഇവിടെയുള്ള ആസ്ട്രേലിയാ ഭൂഖണ്ഡം ജനങ്ങൾ തിങ്ങിവസിക്കുന്ന ഉത്തരാർദ്ധഗോളത്തിൽ നിന്നും വളരെ ദൂരെ സ്ഥിതിചെയ്യുന്നു. തന്നിമിത്തം ഈ ഭൂഖണ്ഡം കണ്ടുപിടിക്കുന്നതിനും പരിഷ്കൃത

ലോകത്തിലെ ജനങ്ങൾ അവിടെ കുടിയേറുന്നതിനും വളരെ കാലതാമസം നേരിട്ടു. ദക്ഷിണധ്രുവത്തിനു ചുററും കിടക്കുന്ന അൻറാർട്ടിക്കാ ഭൂഖണ്ഡം മഞ്ഞുമൂടികിടക്കുന്നതിനാൽ, മനുഷ്യവാസത്തിനു സൗകര്യമുള്ളതല്ല.

ചോദ്യങ്ങളും അഭ്യാസങ്ങളും.

1. പുരാതനലോകം, നൂതനലോകം ഇവ ഓരോന്നിലും ഏതെല്ലാം ഭൂഖണ്ഡങ്ങൾ ഉൾപ്പെട്ടിരിക്കുന്നു? ഇവയ്ക്കു ഈ പേരുകൾ നൽകുവാൻ കാരണമെന്തു്?
2. ഭൂമധ്യരേഖയ്ക്കു വടക്കുള്ള ഉത്തരാർദ്ധഗോളത്തിനു ദക്ഷിണാർദ്ധഗോളത്തെ അപേക്ഷിച്ചു് കൂടുതൽ പ്രാധാന്യം കല്പിച്ചു വരുന്നതിനു കാരണങ്ങൾ പറയുക.

രണ്ടാംഭാഗം—ഭൂപ്രകൃതി.

അദ്ധ്യായം 4

ഇൻഡ്യാ: ഭൂപ്രകൃതി

സ്ഥാനം.—ഉത്തരാർദ്ധഗോളത്തിൽ, ഭൂമദ്ധ്യരേഖ സമീപിച്ചു് വടക്കു് നമ്മുടെ മാതൃരാജ്യമായ ഇൻഡ്യാ സ്ഥിതിചെയ്യുന്നു. 5-ാം ചിത്രത്തിൽനോക്കി ഇൻഡ്യാ ഏതു മേഖലയിൽ സ്ഥിതിചെയ്യുന്നു എന്നു പറയുക. ഉത്തരഅക്ഷാംശം എട്ടും മുപ്പത്താറും ഡിഗ്രികൾക്കു മദ്ധ്യേ, അതായതു ഉഷ്ണമേഖലയിൽആണു് ഇതിൻെറ സ്ഥാനം. ഇതുനിമിത്തം രാജ്യത്തിൻെറ എല്ലാഭാഗത്തും സൂര്യരശ്മി ലംബമായി പതിയുകയും, ചൂടു് കൂടുതലായി

രിക്കയും ചെയ്യുന്നു. കിഴക്കേ രേഖാംശം 61,97 ഈ ഡിഗ്രികൾക്ക മദ്ധ്യേയുമാണു് ഇൻഡ്യയുടെ സ്ഥാനം. കാലവാതങ്ങളുടെ ഗതിയിൽ സമുദ്രത്തോടടുത്തു് സ്ഥിതി ചെയ്യുന്നതിനാൽ ഇവിടെ മഴ ധാരാളം വർഷിക്കുകയും ജലം സമൃദ്ധിയായി ലഭിക്കുകയും ചെയ്യുന്നു.



ചിത്രം 7. ഇൻഡ്യയും പാക്കിസ്ഥാനും: ഭൂപ്രകൃതി

അതിരുകൾ:—പർവ്വതങ്ങളും സമുദ്രവും ഇൻഡ്യയുടെ അതിർത്തികളായിരിക്കുവാൻ പ്രകൃതിതന്നെ നിർണ്ണയിച്ചിട്ടുണ്ട്. 7–ാം നമ്പർ ചിത്രത്തിൽ ഇൻഡ്യയുടെ ചുററും ഉള്ള അതിർത്തികൾ കാണുക. വടക്കു ഹിമാലയാ പർവ്വതനിരകളും, വടക്കുപടിഞ്ഞാറു കർത്താർ, സുലൈമാൻ, ഹിന്ദുക്കുഷ് എന്നീ പർവ്വതനിരകളും, വടക്കുകിഴക്ക് പാട്കായ്, നാഗാ, ലൂഷായ് എന്നീ പർവ്വതങ്ങളും ഇൻഡ്യയുടെ പ്രകൃത്യാ ഉള്ള അതിരുകളാണ്. തെക്കും തെക്കുകിഴക്കും തെക്കുപടിഞ്ഞാറും സമുദ്രം ഇൻഡ്യയുടെ അതിർത്തിയായിരിക്കുന്നു. ഈ സമുദ്രത്തിൻെറ പേർ പറയുക. ഹിമാലയാപർവ്വതം വടക്കുനിന്നുള്ള ശത്രുക്കളെയും തണുത്ത കാററിനെയും തടഞ്ഞു് ഇൻഡ്യയെ സ്വതന്ത്രമായി സംരക്ഷിക്കുവാൻ സഹായിച്ചിട്ടുണ്ട്.

വലിപ്പം:—ഇൻഡ്യയുടെ ആകെ വിസ്തീർണ്ണം 1,220,011 ചതുരശ്ര മൈൽ ആകുന്നു. ഇതു് തിരുവിതാംകൂർ-കൊച്ചിയുടെ 133 ഇരട്ടിയാണ്. തെക്കു കന്യാകുമാരികോടി മുതൽ വടക്കു കാശ്മീരം വരെ ഏകദേശം 2,000 മൈലും, കിഴക്ക് ആസ്സാം മുതൽ പടിഞ്ഞാറ് പഞ്ചാബ്‌വരെ ഏകദേശം 2000 മൈലും ഇൻഡ്യയ്ക്ക് അളവുണ്ട്.

സമുദ്രതീരം:— ഏകദേശം 2500 മൈൽ ദീർഘമായി ഇൻഡ്യയുടെ സമുദ്രതീരം കിടക്കുന്നു. സമുദ്രതീരം ഇത്ര വളരെ ദീർഘമാണെങ്കിലും, ഉൾക്കടലുകൾ നാലുഭാഗങ്ങളിൽ മാത്രമേയുള്ളു; കച്ച് ഉൾക്കടൽ, കാംബേ ഉൾക്കടൽ, മന്നാർഉൾക്കടൽ, ബംഗാൾതീരം, ഈ ഭാഗങ്ങളിൽ മാത്രമേ സമുദ്രം കരയിലേക്കു കയറി കിടക്കുന്നുള്ളു. കപ്പലുകൾ കരയിൽ അടുക്കുവാൻ സൗകര്യമുള്ള ഭാഗങ്ങൾ ഇൻഡ്യയിൽ വളരെ കുറവാകുന്നു. രാജ്യ

ത്തിന്റെ വിസ്തീർണ്ണത്തിനു അനുയോജ്യമായ തുറമുഖ സൗകര്യങ്ങൾ ഇൻഡ്യയ്ക്ക് ഇല്ലെന്നു് യൂറോപ്പ്വൻകര, ഗ്രേററ്ബ്രിട്ടൺ, ജപ്പാൻ മുതലായ ഭൂഭാഗങ്ങളുമായി താരതമ്യപ്പെടുത്തിയാൽ ഗ്രഹിക്കാവുന്നതാണ്. ഇൻഡ്യയുടെ തീരം സമീപിച്ച് ദ്വീപുകൾ ഇല്ല; തീരത്തിനു ചുററുമുള്ള കടൽ ആഴംകുറഞ്ഞതാണ്; തീരം പല ഭാഗത്തും മണൽ കയറി നിരപ്പായികിടക്കുന്നു. ഇൻഡ്യയുടെ പശ്ചിമതീരത്തിന്റെ ചിലഭാഗങ്ങൾ പാറക്കെട്ടുകളോടുകൂടിയതാണ്; ഇവയിൽ ഏതാനുംഭാഗങ്ങളിൽ പർവ്വതങ്ങൾ തീരം വരെ എത്തുന്നു. പൂർവ്വതീരത്തു് പാറക്കെട്ടുകൾ കുറവുണ്ട്. എന്നാൽ തീരംസമീപിച്ച് സമുദ്രം ആഴംകുറഞ്ഞതാകയാൽ, വലിയ കപ്പലുകൾക്ക് തീരത്തോടു സമീപിക്കുവാൻ സാധിക്കുന്നില്ല.

ദ്വീപുകൾ:— ഇൻഡ്യയുടെ തീരം സമീപിച്ച് ദ്വീപുകൾ അപൂർവ്വമാണെന്നു മേൽ പ്രസ്താവിച്ചിട്ടുണ്ട്. ഇൻഡ്യയിൽ ഉൾപ്പെട്ട പ്രധാന ദ്വീപുകൾ കച്ച്, ആൻഡമാൻസ്, നിക്കോബാഴ്സ് ഇവയാകുന്നു.

ഭൂപ്രകൃതി

ഇൻഡ്യയും പാക്കിസ്ഥാനും ഉൾപ്പെട്ട ഉപഭൂഖണ്ഡത്തിൽ പർവ്വതങ്ങൾ, പീഠപ്രദേശങ്ങൾ, സമതലങ്ങൾ എന്നീ പ്രകൃതിവിശേഷങ്ങൾ എല്ലാം കാണപ്പെടുന്നു. ഭൂപ്രകൃതി അടിസ്ഥാനപ്പെടുത്തി ഈ ഉപഭൂഖണ്ഡത്തെ താഴെ പറയുന്ന അഞ്ചു പ്രദേശങ്ങളായി വിഭജിക്കാം:—

1. വടക്കും വടക്കുപടിഞ്ഞാറും ഉള്ള പർവ്വത പ്രദേശം.
2. സിന്ധുഗംഗാ സമതലം (ബ്രഹ്മപുത്രാ തടം ഉൾപ്പെടെ).

3. ഡക്കാൺ പീഠപ്രദേശം.
4. പൂർവ്വതീര സമതലം.
5. പശ്ചിമതീര സമതലം.

1. വടക്കും വടക്കുപടിഞ്ഞാറും ഉള്ള പർവ്വതപ്രദേശം:—വടക്കുപടിഞ്ഞാറും വടക്കും വടക്കുകിഴക്കും ഇൻഡ്യയുടെ അതിർത്തിയായി പർവ്വതനിരകൾ കിടക്കുന്നു. ഇവയിൽ ഏററവും പ്രധാനപ്പെട്ടതു് ഹിമാലയാ പർവ്വതനിരകളാണു്. ഹിമവാൻ ലോകത്തിലേക്കും ഉയരമേറിയ പർവ്വതമാകുന്നു. ഇതിന്റെ മൂന്നുനിരകളിൽഉള്ള കൊടുമുടികളിൽ ഏററവും ഉയരംക്കൂടിയതു് എവറസ്റ്റ് (29000 അടി) ആണു്. ഹിമാലയാപർവ്വതം, വടക്കുപടിഞ്ഞാറെ അതിർത്തിയിലുള്ള ഹിന്ദുക്കുഷ്, സുലൈമാൻ,കർതാർ എന്നീ പർവ്വതങ്ങൾ പാമിർ ഉന്നതതടത്തിൽ നിന്നും പുറപ്പെട്ടു് ഇൻഡ്യയുടെ കോട്ടകളായി സ്ഥിതിചെയ്യുന്നു. കൈബർപാസ്സ്, ബോളൺപാസ്സ് മുതലായ മലമ്പാതകൾ ഇൻഡ്യയുടെ വടക്കുപടിഞ്ഞാറെ അതിർത്തിയിലുള്ള പർവ്വതപ്രദേശത്തുണ്ടു്. ആര്യന്മാരും മുസ്സൽമാന്മാരും ഇൻഡ്യയിൽ പ്രവേശിച്ചതു് ഈ മാർഗ്ഗങ്ങളിൽക്കൂടെയായിരുന്നു. വടക്കുകിഴക്കേ അതിർത്തിയിലുള്ള പർവ്വതങ്ങൾ ഉയരം കുറഞ്ഞവയും, ഹിമാലയാനിരകളുടെ തുടർച്ചയും ആണു്.

2. സിന്ധു ഗംഗാ സമതലം:— വടക്കുഭാഗത്തുള്ള ഈ സമതലത്തിൽ മൂന്നു പ്രത്യേക വിഭാഗങ്ങൾ ഉൾപ്പെട്ടിരിക്കുന്നു:—

1. ഗംഗാ നദിയുടെ ഡൽററാപ്രദേശം.
2. ഗംഗാ-ബ്രഹ്മപുത്രാ സമതലം.
3. സിന്ധുസമതലം.

ബംഗാൾ, ആസ്സാം ഈ സംസ്ഥാനങ്ങൾ ഗംഗാ ഡൽററായിൽ ഉൾപ്പെടുന്നു. ബ്രഹ്മപുത്രാ നദിയുടെ തടം ഈ ഡൽററായുടെ കിഴക്കേഭാഗമാണു്. ഉത്തരപ്രദേശം(U. P.) ഗംഗാസമതലത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ഗംഗാ ഡൽററായിലും സമതലത്തിലും ബ്രഹ്മപുത്രായുടെ താഴ്വരയിലും മഴ ധാരാളം വർഷിക്കുന്നു. എന്നാൽ സിന്ധുസമതലം മഴ വളരെ കുറവുള്ള ഒരു പ്രദേശമാണു്. പഞ്ചാബിലും സിൻഡിലും ജലസേചനത്താൽ കൃഷിചെയ്തു വരുന്നു.

സിന്ധുഗംഗാ സമതലം അറേബ്യൻകടൽ മുതൽ ബംഗാൾ ഉൾക്കടൽ വരെ ഏകദേശം രണ്ടായിരം മൈൽ നീളത്തിലും, ഇരുന്നൂറുമൈൽ വീതിയിലും വ്യാപിച്ചുകിടക്കുന്നു. നദികളുടെ ഗതിയിൽ നിന്നും ഈ സമതലത്തിൻെറ ചരിവ് നിർണ്ണയിക്കാം. സിന്ധുനദീതടം വടക്കുനിന്നും തെക്കുപടിഞ്ഞാറോട്ടും, ഗംഗാനദീതടം പടിഞ്ഞാറുനിന്നു കിഴക്കോട്ടും, ബ്രഹ്മപുത്രായുടെ തടം കിഴക്കുനിന്നും തെക്കുപടിഞ്ഞാറോട്ടുംചരിഞ്ഞുകിടക്കുന്നു. ഈ മഹാ സമതലത്തിൽ ഉന്നതപ്രദേശങ്ങളില്ല. ഇതിൻെറ ഉയരം സമുദ്രനിരപ്പിൽനിന്നും ആയിരം അടിയിൽ കുറവാകുന്നു. ഫലഭൂയിഷ്ഠമായ ഈ സമതലത്തിൽ ഇൻഡ്യയിലെയും പാക്കിസ്ഥാനിലെയും ജനങ്ങളിൽ പകുതിയിലധികം വസിക്കുന്നു. ഫലപുഷ്ടിയും ജനവാസ സൗകര്യവും സാമ്പത്തികാഭിവൃദ്ധിയും ഉള്ള ഈ മഹാസമതലത്തെ "ഇൻഡ്യയുടെ ഹൃദയം" എന്നു വിളിച്ചുവരുന്നു. സിന്ധുസമതലത്തേക്കാൾ കൂടുതൽ പ്രാധാന്യം അർഹിക്കുന്നതു് ഗംഗാസമതലമാണു്; കൂടുതൽ മഴയും ഫലപുഷ്ടിയും ജനവാസവും ഗംഗാ സമ

തലത്തിലാണുള്ളത്. സിൻഡ് ഒരു മരുഭൂമിയാണ്; ജലസേചനത്താൽ ഈ പ്രദേശത്ത് ഇപ്പോഠം കൃഷി നടപ്പാക്കിയിട്ടുണ്ട്.

3. മാാംവാ-ഡക്കാൺ പീഠപ്രദേശം:— ഗംഗാ സമതലത്തിൻെറ തെക്കേ അതിൎത്തി വിന്ധ്യാ, സാററ്പുറാ എന്ന പൎവ്വതനിരകളാണ്. ഈ പൎവ്വതനിരകഠംക്കു തെക്ക്, പൂൎവ്വ പശ്ചിമ പൎവ്വതങ്ങഠംക്കു മദ്ധ്യേ ഒരു പീഠപ്രദേശം സ്ഥിതിചെയ്യുന്നു. ഇതിൻെറ വടക്കേ ഭാഗത്താണ് മാാംവാ അഥവാ മധ്യഭാരത സംസ്ഥാനം സ്ഥിതി ചെയ്യുന്നത്. ബാക്കിയുള്ള ഭാഗത്തെ ഡക്കാൺ എന്നു സാധാരണ വിളിക്കുന്നു. ഈ പ്രദേശത്തിനു സമുദ്രനിരപ്പിൽ നിന്നും വളരെ ഉയരമുണ്ട്. പശ്ചിമഘട്ടങ്ങളിൽ നിന്നുത്ഭവിക്കുന്ന മഹാനദി, ഗോദാവരി, കൃഷ്ണാ, കാവേരി ഇത്യാദി ഈ പീഠപ്രദേശത്തുള്ള നദികളുടെ ഗതി 7-ാം നമ്പർ ഭൂപടത്തിൽ കാണുക. ഇവയുടെ ഗതിയിൽനിന്നും ഈ പീഠപ്രദേശത്തിൻെറ ചരിവ് പടിഞ്ഞാറു നിന്നു കിഴക്കോട്ടാണെന്നു ഗ്രഹിക്കാം.

4. പൂൎവ്വതീരസമതലം:—മഹാനദി, ഗോദാവരി, കൃഷ്ണാ, കാവേരി, ഇത്യാദി നദികളുടെ ഫലഭൂയിഷ്ഠമായ ഡൽററാ പ്രദേശമത്രേ ഇത്. നെല്ല്, തിന ഇത്യാദി ധാന്യങ്ങളും പഞ്ഞിയും ഇവിടെ കൃഷിചെയ്തുവരുന്നു. ജനവാസം ഈ പ്രദേശത്തിൻെറ വടക്കുഭാഗത്ത് കുറവും, തെക്ക് മദ്രാസ് പ്രോവിൻസിൽ കൂടുതലും ആണ്. ഈ പ്രദേശത്തുള്ള പ്രധാന പട്ടണങ്ങഠം മദ്രാസ്, തൂത്തുക്കുടി, പോണ്ടിച്ചേരി, മസൂലിപട്ടണം, വിശാഖപട്ടണം ഇവയാകുന്നു. വിശാഖപട്ടണം പ്രകൃത്യാതന്നെ മനോഹരമായ ഒരു നൗകാശ്രയമാകുന്നു. പൂൎവ്വതീരം ധനപുരമായി

ഡക്കാണിനേക്കാഠം കൂടുതൽ പ്രാധാന്യമുള്ളതാണെങ്കിലും, പശ്ചിമതീരത്തോളം പ്രാധാന്യമുള്ളതല്ല.

പൂവ്പവ്തപ്രദേശത്തുള്ള പ്രധാന സുഖവാസസ്ഥലങ്ങഠംനീലഗിരി,ഉട്ടാക്കമെണ്ഡ് (ഊട്ടി)ഇവയാകുന്നു.

5. പശ്ചിമതീരസമതലം:–വടക്ക് താപ്തി നദിമുതൽതെക്ക കന്യാകുമാരിവരെവ്യാപിച്ചിട്ടുള്ള ഈ തീരസമതലം ഇൻഡ്യയിലെ പ്രധാന പ്രകൃതിവിഭാഗങ്ങളിൽ ഒന്നാണ്. പശ്ചിമപവ്തനിരകഠംക്കും അറേബ്യൻ സമുദ്രത്തിനും മദ്ധ്യേയുള്ള ഈ ഇടുങ്ങിയ തീര സമതലത്തിൻെറ വീതി 20മുതൽ 100 മൈൽവരെ മാത്രമാകുന്നു. വീതികൂടിയഭാഗം തിരുവിതാംകൂറിലാണ്. വടക്കോട്ട പോകുന്തോറും വീതികുറവാണ്. ഈ പ്രദേശത്ത് ചൂട് കൂടുതലും, തെക്കു പടിഞ്ഞാറൻ, വടക്കുകിഴക്കൻ എന്നീ മൺസൂൺ കാലങ്ങളിൽ ആകെ പെയ്യുന്ന മഴ ശരാശരി 100 ഇഞ്ചിൽ കൂടുതലും ആകുന്നു. കോയമ്പത്തൂർ, മലബാർ ഈ ജില്ലകഠംക്കു മദ്ധ്യേ പശ്ചിമപവ്തനിരയിൽ 16 മൈൽ വീതിയുള്ള ഒരു പാതയുണ്ട്. ഇതിനെ പാലക്കാട്ട പാത എന്നു പറയുന്നു. മുൻകാലങ്ങളിൽ റെയിൽവേ നടപ്പിലാകുന്നതിനുമുമ്പ് ഈ പാതയിൽക്കൂടെ കിഴക്കു ഭാഗത്തുള്ള തമിഴ്നാടും തീരപ്രദേശത്തുള്ള മലബാറും തമ്മിൽ ഗതാഗതം ഉണ്ടായിരുന്നു. പശ്ചിമപ്രദേശത്തുള്ള പ്രധാന സുഖവാസസ്ഥലങ്ങഠം പൂവ്പവ്തങ്ങളുടെ സംഗമ സ്ഥാനത്ത് നീലഗിരി മലയിലുള്ള കുന്നൂർ പഴനി മലയിലുള്ള കൊഡേയ്ക്കനാൽ,ആനമല പ്രദേശത്തുള്ള പീരുമേട്, മൂന്നാർ; പൊന്മുടി, മുത്തുക്കുഴിവയൽ ഇവയാണ്.

മൂന്നു പ്രകൃതി വിഭാഗങ്ങൾ ഈ പ്രദേശത്തു കാണപ്പെടുന്നു:— (1) പശ്ചിമപൎവ്വതത്തിൻെറ പടിഞ്ഞാറെ ചരിവുകൾ; (2) തീരം സമീപിച്ചുള്ള സമതലം; (3) ഇവ രണ്ടിനും മദ്ധ്യേയുള്ള 'മദ്ധ്യപ്രദേശം' തിരുവിതാംകൂറിൽ ഈ മൂന്നു പ്രദേശങ്ങളും ഉണ്ട്; എന്നാൽ വടക്കോട്ടു പോകുന്തോറും മദ്ധ്യസമതല പ്രദേശത്തിൻെറ വീതി ക്രമേണ കുറഞ്ഞു് ഒടുവിൽ അതു പ്രത്യേകം കാണപ്പെടുന്നുമില്ല.

പെരിയാർതടം മുതലായി പല നദീതടങ്ങൾ ഉൾപ്പെട്ടതീരസമതലത്തിലെ എക്കലും മണലും കലൎന്നമണ്ണിൽ നെല്ല്,തെങ്ങ് ഇവ സമൃദ്ധിയായി വിളയുന്നു. ചെങ്കൽ കലൎന്ന മണ്ണുള്ള മദ്ധ്യപ്രദേശത്തു് കുരുമുളക്, തെങ്ങ്, നെല്ല്, വാഴ, കരിമ്പ് ഇത്യാദി കൃഷിചെയ്തുവരുന്നു. തീരസമതലത്തിലും മദ്ധ്യപ്രദേശത്തും ജനങ്ങൾ തിങ്ങിപ്പാൎക്കുന്നു. ഇവിടെ കൃഷിയും കയർ മുതലായ വ്യവസായങ്ങളും വിദേശവാണിജ്യവും അഭിവൃദ്ധികരമായി നടത്തിവരുന്നതിനാൽ, ധനസമ്പാദന മാൎഗ്ഗങ്ങളും ജീവിതസൗകര്യങ്ങളും വളരെയുണ്ട്. ജനവാസം കേരളത്തിൽ കൂടിയിരിക്കുന്നതിനു കാരണം ഇതു തന്നെയാണ്. എന്നാൽ പൎവ്വതങ്ങളുടെ ചരിവുപ്രദേശങ്ങളിൽ ജീവിതസൗകര്യങ്ങൾ കുറവാകയാൽ ജനവാസം കുറവാകുന്നു. ഈ വനപ്രദേശം വെട്ടിത്തെളിച്ച് തേയില, ഏലം, റബ്ബർ മുതലായവ കൃഷിചെയ്തുവരുന്നു. തിരുവിതാംകൂറിലെ ഏലമലയും കൊച്ചിയിലെ നെല്ലിയാമ്പതി കുന്നുകളും ഈ പ്രദേശത്താണ്. ബോംബേ സമീപിച്ച് ഈ തീരപ്രദേശത്തിൻെറ വടക്കുഭാഗത്തു് ജനവാസം കൂടുത

ലുണ്ട്; വ്യവസായങ്ങളും വാണിജ്യവും അഭിവൃദ്ധിപ്പെട്ടിട്ടുള്ളതാണ് ഇതിനു കാരണം.

ഈ തീരത്തുള്ള പ്രധാന പട്ടണങ്ങൾ സൂററ്റ്, ബോംബേ, കോഴിക്കോട്, കൊച്ചി, എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ഇവയാണ്.

ചോദ്യങ്ങളും അഭ്യാസങ്ങളും

1. ഇൻഡ്യയുടെ പ്രധാന ഭൂപ്രകൃതിവിഭാഗങ്ങൾ ഏവ?
2. സിന്ധുസമതലം, ഗംഗാസമതലം, പശ്ചിമതീരസമതലം ഇവ മററു വിഭാഗങ്ങളേക്കാൾ ധനസ്ഥിതിയിലും ജനവാസത്തിലും മുന്നിട്ടു നിൽക്കുവാൻ കാരണമെന്ത്?
3. ഇൻഡ്യയുടെ ഒരു ഔട്ട്ലൈൻ പടത്തിൽ പ്രധാന ഭൂപ്രകൃതിവിഭാഗങ്ങളും പർവ്വതങ്ങളും നദികളും അടയാളപ്പെടുത്തുക.

അദ്ധ്യായം 5

ഇൻഡ്യയിലെ നദികൾ

നദികൾ ഒരു രാജ്യത്തിന് എത്രമാത്രം പ്രയോജനകരമാണെന്നു ചിന്തിക്കുക. ജലസമൃദ്ധി ഭൂമിയെ ഫലപുഷ്ടിയുള്ളതാക്കിത്തീർക്കുകയും, ഫലസമൃദ്ധി വരുത്തുകയും ചെയ്യുന്നു. ഗതാഗതസൗകര്യം, മത്സ്യസമൃദ്ധി, വൈദ്യുതശക്തി ഉല്പാദിപ്പിക്കുവാനുള്ള സൗകര്യം ഇത്യാദി പല മാർഗ്ഗങ്ങളിലും നദികൾ പ്രയോജകീഭവിക്കുന്നു. ഇൻഡ്യയിലെ പ്രധാന നദികളെ സംബന്ധിച്ചുള്ള വിവരങ്ങൾ 4-ാം അദ്ധ്യായത്തിൽ പ്രകൃതിവിഭാഗങ്ങളോടു ചേർത്ത്

പ്രതിപാദിച്ചിട്ടുണ്ട്. കൂടുതൽ പ്രാധാന്യമുള്ള ഏതാനും നദികളെ സംബന്ധിച്ച് ഇവിടെ നമുക്കു പഠിക്കാം.

1. സിന്ധു (ഇൻഡസ്):—7–ാം നമ്പർ ഇൻഡ്യാഭൂപടത്തിൽ ഈ നദിയുടെ സ്ഥാനം കാണുക. സിന്ധുനദി ഹിമാലയാ പർവ്വതത്തിൽ നിന്നും ഉത്ഭവിച്ച് കാശ്മീരത്തിലും പഞ്ചാബിലും സിൻഡിലുംകൂടെ തെക്കുപടിഞ്ഞാറോട്ട് ആകെ 1975 മൈൽ ദൂരം ഒഴുകി, അറേബ്യൻ സമുദ്രത്തിൽ വീഴുന്നു. ഇതിൻെറ പ്രധാന പോഷകനദികൾ ഝലം, ചിനാബ്, റാവി, ബീയസ്, സട്‌ലജ് ഇവയാണ്. ഈ അഞ്ചു നദികളിലെ (പഞ്ചാബ്) ജലം മഴകുറവുള്ള ഈ പ്രദേശങ്ങളെ ഫലപുഷ്ടിയുള്ളവയാക്കിത്തീർത്തിരിക്കുന്നു. വളരെ പുരാതനകാലത്ത് ആദിദ്രാവിഡരുടെ സംസ്കാരകേന്ദ്രമായിരുന്നത് സിൻഡ് ആയിരുന്നു. തദനന്തരം ആര്യന്മാർ ഇൻഡ്യയിൽ പ്രവേശിച്ച് ആദ്യം വാസം ഉറപ്പിച്ചതു പഞ്ചാബിലായിരുന്നു. ഈ നദിയിൽ സുക്കൂർ എന്ന സ്ഥലത്ത് അണകെട്ടി ജലസേചനം സാധിച്ചതോടുകൂടി മുമ്പ് മരുഭൂമിയായിരുന്ന സിൻഡ് ഫലപുഷ്ടിയേറിയ ഒരു പ്രദേശമായിത്തീർന്നിരിക്കുന്നു. ഈ നദിയുടെ തീരത്തുള്ള പ്രധാന പട്ടണങ്ങൾ ശ്രീനഗരം, ലാഹോർ, മുൾടാൻ, ഹൈദ്രബാദ് ഇവയാണ്.

2. ഗംഗാ (ഗാൻജസ്):— ഗംഗാനദി ഹിമാലയാപർവ്വതത്തിൽ നിന്നും പുറപ്പെട്ട് ഉത്തരപ്രദേശ്, ബീഹാർ, ബംഗാൾ ഈ പ്രോവിൻസുകളിൽകൂടി കിഴക്കോട്ട് ആകെ 1680 മൈൽ ദൂരം ഒഴുകി ബംഗാൾ ഉൾക്കടലിൽ വീഴുന്നു. പ്രധാന പോഷകനദികൾ സോൺ, ജംനാ (യമുനാ), ഗുംതി, ഗോഗ്രാ, ഗണ്ഡക്ക്, കോസി ഇവ

യാണ്. ഇൻഡ്യയിൽ ഏററവും കൂടുതൽ ഫലപുഷ്ടിയും ജനബാഹുല്യവും ഉള്ള ഭാഗം ഗംഗാ സമതലമാകുന്നു. പുരാതനകാലത്ത് ആര്യന്മാർ പഞ്ചാബിൽ നിന്നും ഇവിടെ കുടിയേറിപ്പാർത്ത് സർവ്വവിധത്തിലും പുരോഗമിച്ചു. ഇൻഡ്യയിലെ പ്രധാന സാമ്രാജ്യങ്ങളെല്ലാം ഇവിടെയായിരുന്നു സ്ഥാപിതമായത്. ഇവിടെയുള്ള പ്രധാന പട്ടണങ്ങൾ ഡൽഹി(തലസ്ഥാനം), ആഗ്രാ, ലക്നൗ, കാൺപോർ, ബനാറീസ്, അലഹബാദ്, പാററ്നാ, കൽക്കട്ടാ ഇവയാണ്.

3. ബ്രഹ്മപുത്രാ:—നീളത്തിൽ ഇൻഡ്യയിലെ രണ്ടാമത്തെ നദിയായ ബ്രഹ്മപുത്രാ ഹിമാലയപർവ്വതത്തിൽ നിന്നും ഉത്ഭവിച്ച് ആസ്സാമിൽകൂടി ആദ്യം കിഴക്കോട്ടും, പിന്നീട് കിഴക്കേ ബംഗാളിൽകൂടി തെക്കോട്ടും, ആകെ 1800 മൈൽ ദൂരം ഒഴുകി ബംഗാൾ ഉൾക്കടലിൽ വീഴുന്നു. അതിവർഷമുള്ള ഈ നദിയുടെ തടത്തിൽ ആസ്സാമിലെ ഉന്നതപ്രദേശങ്ങളിൽ തേയിലയും, കിഴക്കേ ബംഗാൾ സമതലത്തിൽ ചണവും സമൃദ്ധിയായി വിളയുന്നു. ഈ നദീതടത്തിലുള്ള പ്രധാന പട്ടണങ്ങൾ ആസ്സാമിൽ സിൽഹററും, കിഴക്കേ ബംഗാളിൽ ഡാക്കായും (പാക്കിസ്ഥാൻെറ തലസ്ഥാനം) ആകുന്നു.

മററു നദികൾ:— പ്രധാനനദികളായ സിന്ധു, ഗംഗാ, ബ്രഹ്മപുത്രാ ഇവകൂടാതെ ഇൻഡ്യാ ഉപദ്വീപിലും പല നദികളുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ നർമ്മദാ, താപ്തി, ഗോദാവരി(900 മൈൽ), കൃഷ്ണാ(800 മൈൽ), വടക്കേ പെന്നാർ, പാലാർ (230 മൈൽ), കാവേരി (475 മൈൽ), വൈഗാ, താമ്രവർണ്ണി, പെരിയാർ മുതലായ നദികൾ നമ്മുടെ മാതൃരാജ്യത്തെ ജലസമൃദ്ധിയും ഫലസമൃദ്ധിയും ഉള്ള ഒരു രാജ്യമാക്കിത്തീർത്തിരിക്കുന്നു.

ഈ നദികളുടെ ഉത്ഭവസ്ഥാനം, ഒഴുകുന്ന പ്രദേശം (നദീതടം), പതനം, തീരത്തുള്ള പട്ടണങ്ങൾ ഇത്യാദി വിവരങ്ങൾ ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ള 7, 11, 13, ഈ നമ്പർ ഭൂപടങ്ങൾ നോക്കി ഗ്രഹിക്കുക.

ഉത്തരഇൻഡ്യൻ നദികളും ദക്ഷിണ ഇൻഡ്യൻ നദികളും (താരതമ്യം)

സിന്ധു, ഗംഗാ, ബ്രഹ്മപുത്രാ എന്നീ ഉത്തര ഇൻഡ്യൻ നദികൾ ഗോദാവരി, കൃഷ്ണാ, കാവേരി ഇത്യാദി ദക്ഷിണഇൻഡ്യൻ നദികളെ അപേക്ഷിച്ച് വളരെ വ്യത്യാസപ്പെട്ടവയാണ്. നീളം, വീതി, ആഴം, ജലപ്രവാഹം ഈ കാര്യങ്ങളിൽ ഉത്തര ഇൻഡ്യൻ നദികൾ മുന്നിട്ടു നിൽക്കുന്നു; ദക്ഷിണഇൻഡ്യൻ നദികൾ അവയേക്കാൾ ഈ കാര്യങ്ങളിൽ നിസ്സാരമായിരിക്കുന്നു. ജലസേചനത്തിലും കൂടുതൽ പ്രയോജനകരമായിട്ടുള്ളതു് ഉത്തര ഇൻഡ്യൻ നദികളാണ്. കപ്പലുകൾക്കും വള്ളങ്ങൾക്കും സഞ്ചരിക്കുവാൻ കൂടുതൽ സൗകര്യപ്രദമായിട്ടുള്ളതു് ആഴമേറിയ ഉത്തരഇൻഡ്യൻ നദികളാണ്. നദീമുഖത്തു് മണ്ണുവീണ് ആഴം കുറയുന്നതിനാൽ, ദക്ഷിണഇൻഡ്യൻ നദികൾ ഉത്തരഇൻഡ്യൻ നദികളോളം സഞ്ചാരസൗകര്യമുള്ളവയല്ല.

ചോദ്യങ്ങളും അഭ്യാസങ്ങളും

1. സിന്ധു, ഗംഗാ, ബ്രഹ്മപുത്രാ ഈ നദികളെ നീളം, നദീതടത്തിന്റെ പ്രാധാന്യം, ജനവാസസൗകര്യം, തീരത്തുള്ള പട്ടണങ്ങൾ, ഇത്യാദികാര്യങ്ങളിൽ താരതമ്യപ്പെടുത്തുക.
2. നദികൾ ഒരു രാജ്യത്തിന്റെ അഭിവൃദ്ധിക്ക് സഹായകരമായിരിക്കുന്നതെങ്ങനെ?
3. ഇൻഡ്യയുടെ ഒരു ഔട്ട്‌ലൈൻ പടത്തിൽ പ്രധാന നദികളും അവയുടെ തീരത്തുള്ള പ്രധാന പട്ടണങ്ങളും അടയാളപ്പെടുത്തുക.

അദ്ധ്യായം 6

കാലാവസ്ഥയും പ്രാകൃത സസ്യാദികളും

കാലാവസ്ഥ

ഒരു സ്ഥലത്തിന്റെ കാലാവസ്ഥ അതിന്റെ ശീതോഷ്ണസ്ഥിതി, മഴയും മഞ്ഞും മുഖാന്തരം ഭൂമിക്കു ലഭിക്കുന്ന ഈൎപ്പം, ഇത്യാദി അന്തരീക്ഷ സ്ഥിതികളുടെ ശരാ

ചിത്രം 8. ഏഷ്യാ: തെക്കുപടിഞ്ഞാറൻ മൺസൂൺകാലം

ശരി അവസ്ഥ ആണു്. ഇൻഡ്യയുടെ കാലാവസ്ഥ മൺസൂൺ കാററുകളാൽ (കാലവാതങ്ങൾ) നിയന്ത്രിക്കപ്പെടുന്നു. വ്യത്യസ്തങ്ങളായ രണ്ടു് കാലങ്ങൾ ഏഷ്യയിലുള്ള മൺസൂൺ രാജ്യങ്ങളിൽ അനുഭവപ്പെടുന്നു;—(1) കട-

ചിത്രം 9. ഏഷ്യാ: വടക്കുകിഴക്കൻ മൺസൂൺ കാലം

ലിൽനിന്നും കരയിലേക്കു് കാററടിച്ചു് കരയിൽ ധാരാളം മഴപെയ്യുന്ന ഉഷ്ണകാലം (കാലവർഷം അഥവാ ഇടവപ്പാതിവർഷം;8-ാം നമ്പർ ഏഷ്യാഭൂപടം നോക്കുക); (2) കരയിൽ നിന്നും കടലിലേക്കു് കാററടിക്കുന്നതിനാൽ കര

പ്രദേശങ്ങളിൽ മഴയില്ലാത്ത ശീതകാലം. ഇൻഡ്യയിൽ ശീതകാലത്തും മഴ ലഭിക്കുന്നുണ്ട്; ശീതകാലത്ത് പഞ്ചാബിൽ ചുഴലിക്കാററുകൾ മഴപെയ്യിക്കുന്നു; ഒക്ടോബർ നവംബർ ഈ മാസങ്ങളിൽ കിഴക്കേ തീരപ്രദേശത്തും കേരളത്തിലും മഴ ധാരാളം വർഷിക്കുന്നു (9-ാം ചിത്രം നോക്കുക). ഈ വർഷകാലങ്ങൾക്കു മദ്ധ്യേ മാർച്ചു മാസം മുതൽ ജൂൺ മദ്ധ്യഭാഗംവരെ ഇൻഡ്യ ഒട്ടുക്ക് മഴയില്ലാത്ത അത്യുഷ്ണകാലമാണ്. ഇപ്രകാരം ഇൻഡ്യയിൽ മൂന്നു കാലങ്ങൾ ആണ്ടുതോറും അനുഭവമാകുന്നു.

വേനൽക്കാലത്ത് സൂര്യന്റെ ചൂട് ഇൻഡ്യയുടെ വടക്കുപടിഞ്ഞാറും മദ്ധ്യഭാഗത്തും അത്യധികമാണ്. അപ്പോൾ കരയിൽ വായു സമ്മർദ്ദം കുറവും, സമുദ്രത്തിന്മീതെ കൂടുതലും ആയിരിക്കയാൽ, ഇൻഡ്യൻ മഹാസമുദ്രത്തിൽ നിന്നും തെക്കുപടിഞ്ഞാറൻ മൺസൂൺ കാററുകൾ ഇടവപ്പാതി(കാലവർഷം)കാലത്ത് ഇൻഡ്യയിലേക്ക് വീശുന്നു. പശ്ചിമപർവ്വതവും ഹിമാലയാപർവ്വതവും ഈ കാററുകളെ തടഞ്ഞു നിർത്തി ഇൻഡ്യയിൽ ധാരാളം മഴപെയ്യിക്കുന്നു. കാററ് കരയിൽനിന്നും കടലിലേക്ക് തിരിച്ചടിക്കുന്ന വടക്കുകിഴക്കൻ മൺസൂൺ കാലത്ത് (തുലാവർഷം) മദ്രാസ്തീരത്ത് മഴ ധാരാളം വർഷിക്കുന്നു. മഴ അധികമായും, മിതമായും, കുറവായും പെയ്യുന്ന ഭാഗങ്ങൾ താഴെ ചേർത്തിട്ടുള്ളതു പരിശോധിക്കുക.

വർഷപാതം അനുസരിച്ചുള്ള ഇൻഡ്യയിലെ കാലാവസ്ഥ പ്രദേശങ്ങൾ:— വർഷപാതം അടിസ്ഥാനമാക്കി ഇൻഡ്യയേയും പാക്കിസ്ഥാനെയും വിശാലമായ നാലു് പ്രത്യേക പ്രദേശ

ങ്ങളായി വിഭജിക്കാം:— (1) അധികം വർഷമുള്ള (80 ഇഞ്ചിൽ കൂടുതൽ) പ്രദേശങ്ങൾ; (2) മഴ ധാരാളമുള്ള



ചിത്രം 10. ഇൻഡ്യയും പാക്കിസ്ഥാനും: വർഷപാതം അനുസരിച്ചുള്ള വിഭാഗങ്ങൾ.

(40-80 ഇഞ്ച്) പ്രദേശങ്ങൾ; (3) വർഷപാതം മിതമായുള്ള (20-40 ഇഞ്ച്) പ്രദേശങ്ങൾ; (4) ശുഷ്കമായ (മഴ 20 ഇഞ്ചിൽ കുറവുള്ള) പ്രദേശങ്ങൾ. വിശാലമായ ഈ വകുപ്പുകളിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ 10-ാം നമ്പർ ഭൂപടത്തിൽ ചേർത്തിട്ടുള്ളതു നോക്കുക.

I· അത്യധികവർഷപാത (പ്രതിവർഷം 80 ഇഞ്ചിൽ കൂടുതൽ) പ്രദേശങ്ങൾ:—

1. പശ്ചിമതീരം:—
2. ബംഗാളും ആസ്സാമും.

II. മഴ ധാരാളമുള്ള (40-80 ഇഞ്ചു്) പ്രദേശങ്ങൾ:-

1. വടക്കുകിഴക്കുഭാഗത്തുള്ള പീഠപ്രദേശവും മധ്യ ഗംഗാതടവും.

III. മിതവർഷപാത (20-40 ഇഞ്ചു്) പ്രദേശങ്ങൾ:-

1. കർണ്ണാട്ടിക്കു് (തമിഴ്) പ്രദേശം. ഉദാ: മദ്രാസ്. ഇവിടെ മഴ കൂടുതൽ പെയ്യുന്നതു് ഒക്ടോബർ, നവംബർ ഈ മാസങ്ങളിലാകുന്നു.
2. ഡക്കാണിലെ തെക്കും പടിഞ്ഞാറും ഭാഗങ്ങൾ– ഉദാ: ഹൈദ്രബാദ്.
3. ഗംഗാസമതലത്തിന്റെ മേൽഭാഗം: ഇവിടെ ചൂടു് ജാനുവരിയിൽ കുറവും ജൂലൈ മാസത്തിൽ വളരെ കൂടുതലുമാണ്. ഉദാ: ഡൽഹി.
4. ഉത്തര പഞ്ചാബ് സമതലങ്ങൾ: ശീതകാലത്തു് ഇവിടെ ധാരാളം മഴ വർഷിക്കുന്നു. ഉദാ: ലാഹോർ.

IV· ശുഷ്ക (മഴ കുറവുള്ള; വർഷപാതം ആണ്ടിൽ 20 ഇഞ്ചിൽ കുറവുള്ള) പ്രദേശങ്ങൾ:—

1. വടക്ക പടിഞ്ഞാറെ സമതലം: ഇതിൽ ദക്ഷിണ പഞ്ചാബ് സമതലങ്ങളും, സിൻഡ്, താർമരുഭൂമി, രാജസ്ഥാനിലെ ഉന്നത പ്രദേശങ്ങൾ, ഇവയും ഉൾപ്പെടുന്നു.
2. വടക്കപടിഞ്ഞാറെ പീഠപ്രദേശം: ഇതിൽ ബലൂചിസ്ഥാനും വടക്കപടിഞ്ഞാറെ അതിർത്തിയിലുള്ള പർവതപ്രദേശവും ഉൾപ്പെടുന്നു.

ഇപ്രകാരം ഇൻഡ്യയിൽ വിവിധകാലങ്ങൾ അനുഭവമാകുന്നു. ഒക്ടോബർ മുതൽ ഫെബ്രുവരിവരെ ഇൻഡ്യയുടെ വടക്കുഭാഗത്തു് ശീതകാലം അനുഭവപ്പെടുന്നു. മറെറല്ലാ മാസങ്ങളിലും ഉത്തരഇൻഡ്യയിൽ ചൂടു്

കൂടുതലാണ്. ദക്ഷിണഇൻഡ്യയിൽ എല്ലാക്കാലത്തും ചൂട് അധികമാണു. വർഷപാതം സുലഭമായ എല്ലാ ഭാഗങ്ങളിലും, വിശിഷ്യ തീരപ്രദേശങ്ങളിലും കാലാവസ്ഥ സുഖപ്രദമാണ്. ചൂടും മഴയും ജല സമൃദ്ധിയും സമ്മേളിച്ചുള്ള ഈ കാലാവസ്ഥ ജനവാസത്തിന് സൗകര്യപ്രദം തന്നെയാണ്.

പ്രാകൃതസസ്യാദികൾ

മനുഷ്യർ ഭേദപ്പെടുത്താതിരുന്നാൽ ഭൂമിയിൽ പ്രകൃതിയനുസരിച്ച് മൂന്നു വിധം പ്രദേശങ്ങൾ ഉണ്ടായിരിക്കുന്നതാണ്:— (i) മഴക്കൂടുതലുള്ള വനപ്രദേശങ്ങൾ; (ii) മഴ മിതമായുള്ള പുൽപ്രദേശങ്ങൾ; (iii) മഴ തീരെ കുറവുള്ള (ശുഷ്കമായ) മരുഭൂമികൾ.

ഇൻഡ്യയിൽ ഈ വിഭാഗങ്ങൾ എല്ലാം കാണപ്പെടുന്നു:—(i) പശ്ചിമതീരവും ആസ്സാം സമീപിച്ചുള്ള ഹിമാലയൻ താഴ്‌വരകളും, മഴ ധാരാളമുള്ളതിനാൽ വനപ്രദേശങ്ങളാണ്. ഇവിടെ തേക്ക്,ഈട്ടി, ചന്ദനം ഇത്യാദി വൃക്ഷങ്ങളും ഈറയും(മുള)ധാരാളം കാണപ്പെടുന്നു. കോലരക്ക് വനങ്ങളിൽനിന്നും ധാരാളം ശേഖരിച്ചുവരുന്നു. വനപ്രദേശങ്ങൾ വെട്ടിത്തെളിച്ച് ആസ്സാമിൽ തേയിലയും, പശ്ചിമതീര പ്രദേശങ്ങളിൽ സ്ഥലത്തിൻെറ ഉയരമനുസരിച്ച് തേയില, റബ്ബർ, കുരുമുളക് ഇവയും ധാരാളം കൃഷി ചെയ്തുവരുന്നു. (ii) ഉത്തരഇൻഡ്യയും ഡക്കാണും മിതമായിമാത്രം മഴലഭിക്കുന്ന പുൽപ്രദേശങ്ങൾ(സാവന്നാ) ആണ് കോതമ്പ്, തിന ഇത്യാദി ധാന്യങ്ങൾ ഇവിടെ ധാരാളം കൃഷിചെയ്തുവരുന്നു.

(iii) രാജസ്ഥാൻ, സിൻഡ് ഇവ മഴ തീരെ കറവുള്ള മരുഭൂമിപ്രദേശങ്ങളാണ്. എന്നാൽ സിന്ധുനദിയിൽ അണകെട്ടി ജലസേചന സൗകര്യം ഉണ്ടാക്കിയതോടു കൂടി സിൻഡിലെ വിസ്തൃത പ്രദേശങ്ങളിൽ നെല്ലും മററു വളരെയധാരാളം കൃഷിചെയ്തുവരുന്നു.

ചോദ്യങ്ങളും അഭ്യാസങ്ങളും

1. ഇൻഡ്യയിൽ അനുഭവപ്പെടുന്ന വ്യത്യസ്തങ്ങളായ രണ്ടു മൺസൂൺ ഏവ? ഇവ നിമിത്തം ഇൻഡ്യയുടെ കാലാവസ്ഥയിൽ എന്തു ഭേദഗതിയുണ്ടാകുന്നു?
2. വർഷപാതം അനുസരിച്ചു ഇൻഡ്യയെ ഏതെല്ലാം പ്രദേശങ്ങളായി വിഭജിക്കാം?
3. വർഷപാതവും പ്രാകൃതസസ്യാദികളും അടിസ്ഥാനപ്പെടുത്തി ഭൂലോകത്തെ എങ്ങനെയാണു വിഭജിച്ചിരിക്കുന്നതു്?
4. ഇൻഡ്യയിലെ പ്രാകൃത സസ്യപ്രദേശങ്ങൾ ഏവ?
5. ഇൻഡ്യയുടെ ഒരു ഔട്ട്ലൈൻ പടത്തിൽ 10-ാം നമ്പർ ചിത്രത്തിൽ കാണിച്ചിട്ടുള്ള വർഷപാതപ്രദേശങ്ങൾ അടയാളപ്പെടുത്തുക.

അദ്ധ്യായം 7

കാർഷികപ്രദേശങ്ങളും വിളവുകളും

11-ാം നമ്പർ ഇൻഡ്യാ ഭൂപടത്തിൽ ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽ കൃഷിചെയ്തുവരുന്ന വിളവുകളും ജലസേചനവും രേഖപ്പെടുത്തിയിട്ടുള്ളതു് പരിശോധിക്കുക. തോടുകൾ, കിണറുകൾ, കുളങ്ങൾ ഇത്യാദി മാർഗ്ഗങ്ങളിൽ മഴവെള്ളവും നദീജലവും ശേഖരിച്ചു് വിതരണം ചെയ്തു് കൃഷിയെ സഹായിക്കുകയാണു് ജലസേചനത്താൽ സാധിക്കുന്നതു്.

കാർഷിക പ്രദേശങ്ങൾ

ഇൻഡ്യയിലെയും പാക്കിസ്ഥാനിലെയും പ്രധാന കൃഷിപ്രദേശങ്ങൾ:— (1) പൂർവ്വഗംഗാ സമതലം; (2) പശ്ചിമഗംഗാ സമതലം; (3) ഉത്തര ഇൻഡസ് സമ

ചിത്രം 11. ഇൻഡ്യയും പാക്കിസ്ഥാനും: ജലസേചനവും വിളവുകളും

തലം; (4) ദക്ഷിണ ഇൻഡസ് സമതലം; (5) മാറാവാഡക്കാൺ പീഠപ്രദേശം; (6) പശ്ചിമതീര സമതലം; (7) പൂർവ്വതീര സമതലം.

1. പൂർവ്വഗംഗാസമതലം:— പൂർവ്വഗംഗാ സമതലത്തിൽ പാക്കിസ്ഥാനിൽ ചേർന്ന കിഴക്കേബംഗാൾ, ഇൻഡ്യയുടെ ഭാഗങ്ങളായ പശ്ചിമബംഗാൾ, ബീഹാർ ഈ പ്രോവിൻസുകൾ ഉൾപ്പെട്ടിരിക്കുന്നു. ബീഹാർ തനിച്ച് മധ്യഗംഗാ സമതലമായി ഗണിക്കപ്പെടാറുണ്ട്. ഇവിടെ ബീഹാറിനെ മധ്യഗംഗാ സമതലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കിഴക്കേ ബംഗാൾ:— പൂർവ്വ പാക്കിസ്ഥാൻ എന്നുവിളിച്ചുവരുന്ന ഈ പ്രോവിൻസിൽ മുൻ ബംഗാൾ സംസ്ഥാനത്തിന്റെ മൂന്നിൽ രണ്ടു ഭാഗത്തോളവും മുൻ ആസ്സാമിൽ ഉൾപ്പെട്ടിരുന്ന സിൽഹററ് പ്രദേശവും ഉൾപ്പെട്ടിരിക്കുന്നു. ഗംഗാ ഡൽററായുടെ മിക്കവാറും ഭാഗങ്ങളും ഗംഗയുടെ പോഷകനദിയായ ബ്രഹ്മപുത്രായുടെ ഡൽററായും ഉൾപ്പെട്ടതും, ഫലപുഷ്ടിയേറിയതും, ച. മൈലിന് 600-ൽപരം ജനങ്ങൾ തിങ്ങിപ്പാർക്കുന്നതുമായ ഒരു പ്രധാന പ്രദേശമത്രേ ഇതു്. നദീമുഖം സമീപിച്ചുവന്നടിയുന്ന മണ്ണും എക്കലും വീണു ത്രികോണാകൃതിയിൽ ആവിർഭവിക്കുന്ന സമതലത്തെ ഡൽററാ എന്നു പറഞ്ഞുവരുന്നു. ഈ നൂതന ഡൽററായിലെ പ്രധാന വിളവുകൾ നെല്ലും ചണവും ആകുന്നു. ചണം ഏററവും അധികം ഉല്പാദിപ്പിച്ച് കയററുമതിചെയ്യുന്നതായി ലോകത്തിലെ ഒന്നാമത്തെ പ്രദേശം ഇതാണ്. പൂർവ്വ ബംഗാളിലെ പ്രധാന പട്ടണമായ ഡാക്കാ ഈ നൂതന ഡൽററായിലെ ഫലപുഷ്ടിയേറിയ പ്രദേശങ്ങളുടെ കേന്ദ്രവും, പൂർവ്വ പാക്കിസ്ഥാന്റെ തലസ്ഥാനവും ആകുന്നു.

പശ്ചിമബംഗാൾ.— ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ ഭാഗമായ പശ്ചിമബംഗാൾ പ്രോവിൻസിൽ ഗംഗയുടെ പുരാതന ഡൽററാ മുഴുവനും ഉൾപ്പെട്ടിരിക്കുന്നു. ഗംഗയുടെയും ബ്രഹ്മപുത്രയുടെയും പ്രവാഹഗതി ഭേദപ്പെട്ടകയാൽ, അവയുടെ പുതിയ ഡൽററാ കിഴക്കോട്ടു മാറി ആവിർഭവിച്ചിരിക്കുകയാണ്. പഴയഡൽററായ്ക്കും പുതിയഡൽററായ്ക്കും ഇടയ്ക്കുള്ള മധ്യബംഗാൾ പ്രദേശത്തെ നദികൾവററി ചതുപ്പുപ്രദേശമായിത്തീന്നിരിക്കുന്നു; ഇവിടെ നെൽകൃഷി ചെയ്തുവരുന്നു. സമുദ്രത്തോടു സമീപിച്ചുള്ള പ്രദേശം സുന്ദരവനം എന്നറിയപ്പെടുന്ന ചതുപ്പുവനമായി കാണപ്പെടുന്നു. ഗംഗയുടെ ഒരു പ്രധാന കൈവഴിയായ ഹൂഗ്ലിനദിയുടെ പടിഞ്ഞാറു മുതൽ പശ്ചിമബംഗാളിൽ സ്ഥലത്തിൻെറ ഉയരം ക്രമേണ കൂടുതലായും, മണ്ണിൻെറ ഫലപുഷ്ടി കുറവായും കട്ടപ്പും കൂടുതലായും കാണുന്നു. ചൊട്ടാ നാഗപ്പൂർ പീഠപ്രദേശത്തിൻെറ അതിത്തിമുതൽ സമതലം അപ്രത്യക്ഷമാകയും ചെയ്യുന്നു. ലോകത്തിലെ മൂന്നാമത്തെനഗരമായ കൽക്കട്ടാ (ഒന്നും രണ്ടും സ്ഥാനങ്ങൾ ലണ്ഡൻ, ന്യൂയോക്ക് ഇവയ്ക്കാണ്) ഹൂഗ്ലിയുടെ കരയിൽ സ്ഥിതിചെയ്യുന്നു. ഹൂഗ്ലിയുടെ മറുകരയിലുള്ളതും ഒരു വമ്പിച്ച പാലത്താൽ ബന്ധിക്കപ്പെട്ടിട്ടുള്ളതും ആയ ഹൌറാ പട്ടണത്തെ കൽക്കട്ടായുടെ ഒരു ഭാഗമായി ഗണിച്ചുവരുന്നു. കല്കട്ടാ മുമ്പ് ബ്രിട്ടീഷ് ഇൻഡ്യയുടെ തലസ്ഥാനമായിരുന്നു. ലോകത്തിലെഏററവും പ്രധാനപ്പെട്ട ചണവ്യവസായകേന്ദ്രം കൽക്കട്ടായ്ക്കു ചുററുമുള്ള പ്രദേശമാണ്. നെല്ലുകുത്ത്, കടലാസ് നിമ്മാണം ഇത്യാദി വ്യവസായങ്ങളും കൽക്കട്ടായിൽ നടത്തിവരുന്നു. പശ്ചിമ ബംഗാളിൻെറയും ബീഹാ

റിൻെറയും അതിർത്തിയിലുള്ള വമ്പിച്ച കൽക്കരിഖനി പ്രദേശത്തു് ജംഷഡ്പൂരിൽ ഇൻഡ്യയിലെ ഏററവും പ്രധാനപ്പെട്ട ഇരുമ്പും ഉരുക്കും വ്യവസായം ററാററാ കമ്പനിക്കാർ നടത്തിവരുന്നു. പശ്ചിമബംഗാളിൻെറ വടക്കുഭാഗത്തു് ഹിമാലയപർവ്വതത്തിൻെറ ഒരു ഭാഗത്തു ഡാർജിലിങ് എന്ന സുഖവാസസ്ഥലം സ്ഥിതിചെയ്യുന്നു.

2. മദ്ധ്യഗംഗാസമതലം:— ബീഹാർ പ്രോവൻസിൻെറ മദ്ധ്യഭാഗത്തു്, വടക്ക് നേപ്പാളിൻെറ അതി



ചിത്രം 12. ഗംഗാസമതലം.

ത്തി സമീപിച്ചുള്ള തറയി വനപ്രദേശത്തിനും തെക്കു ഭാഗത്തു് ചൊട്ടാനാഗപ്പൂർ പീഠപ്രദേശത്തിനും മദ്ധ്യേയാണ് മദ്ധ്യ ഗംഗാ സമതലത്തിൻെറ സ്ഥാനം. ഈ പ്രദേശം മിക്കവാറും മഴവന്നും കൃഷിചെയ്തുവരുന്നു. പ്രധാന

വിളവ് നെല്ല് ആണ്. ജനവാസം ഇവിടെ വളരെ അധികമുണ്ട്. പ്രധാന പട്ടണം ബീഹാറിൻെറ തല സ്ഥാനമായ പാററ്നാ ആകുന്നു.

3. പശ്ചിമ (അപ്പർ) ഗംഗാസമതലം:—ഈ സമതലത്തിൽ ഉത്തരപ്രദേശ് (U. P.), ഡൽഹി, രാജപുട്ടാണാ ഈ പ്രദേശങ്ങൾ ഉൾപ്പെടുന്നു.

ഉത്തരപ്രദേശ്:— ആഗ്രാ, അയോദ്ധ്യാ എന്നീ ഭാഗങ്ങൾ ചേൎന്ന ഉത്തരപ്രദേശം പശ്ചിമബംഗാൾ കഴിഞ്ഞാൽ ഇൻഡ്യയിലെ ഏററവും കൂടുതൽ ജനബാഹുല്യമുള്ള പ്രോവിൻസ് ആണ്. ഇതിൻെറ വടക്കേ അതിൎത്തിയിലുള്ള ഹിമാലയൻ പ്രദേശത്തു് മസ്സൂറി, നൈനീതൽ മുതലായ സുഖവാസസ്ഥലങ്ങൾ പണിതീൎത്തിട്ടുണ്ട്. ഹിമാലയൻ താഴ്‌വര സുഖപ്രദമായ പ്രദേശമല്ല. അപ്പർ ഗംഗാ തടം പഞ്ചാബുപോലെ ഒരു കുന്നുപോലും ഇല്ലാത്ത വിശാല സമതലമാണ്. ഡൽഹിമുതൽ കിഴക്കോട്ട് ഈ പ്രദേശം ചരിഞ്ഞുകിടക്കുന്നതായി നദികളുടെ ഗതിയിൽ നിന്നും കാണാം. ശീതകാലത്തു് ഇവിടെ വലിയ തണുപ്പും ഉഷ്ണകാലത്തു് അത്യുഷ്ണവും ആണ്. പഞ്ചാബ് സമതലത്തിൽ ഇതിലധികം ചൂട് അനുഭവപ്പെടുന്നു. അപ്പർ ഗംഗാതടത്തിൽ എല്ലായിടത്തും പ്രതിവൎഷം 40 ഇഞ്ചിൽ കുറവായി മാത്രം മഴ വൎഷിക്കുന്നതിനാൽ, ജലസേചനംമുഖാന്തരമാണ് കൃഷി ചെയ്യുവരുന്നതു്. ഗാൻജസ്-ജംനാ ദ്വാബിൽ ജലസേചനത്തിനുള്ള തോടുകൾ വളരെയുണ്ട്. ഇവിടെ കൃഷിചെയ്യുന്ന പ്രധാന വിളവുകൾ കോതമ്പ്, ബാർലി, നെല്ല് ഇവയാണ്; ഇവയെല്ലാം ജലസേചനത്താൽ കൃഷിചെയ്യു

വരുന്നു. ചോളം, മുതിര, പഞ്ഞി, കരിമ്പ് ഇവയും ധാരാളം കൃഷിചെയ്തുവരുന്നുണ്ട്. 11-ാം നമ്പർ ഇൻഡ്യാ ഭൂപടത്തിൽ നോക്കി ജലസേചനത്താൽ ഇവിടെ കൃഷിചെയ്തുവരുന്ന പ്രദേശങ്ങളും വിളവുകളും കാണുക. 90 ശ. മ. ജനങ്ങളും കൃഷകരാണ്; 10 ശ. മ. ജനങ്ങൾ മാത്രമേ പട്ടണങ്ങളിൽ വസിക്കുന്നുള്ളു. ഇത്രവളരെ ജനബാഹുല്യമുള്ള അപ്പർ ഗംഗാതടത്തിൽ ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ളതായി ഏകദേശം പത്തു പട്ടണങ്ങൾമാത്രമേ ഉള്ളു; ലക്നൗ, അലഹബാദ്, മീറട്ട്, കാൺപോർ, ആഗ്രാ ഇവയാണ് കൂടുതൽ പ്രാധാന്യമുള്ള പട്ടണങ്ങൾ. മദ്ധ്യഗംഗാസമതലത്തിന്റെ ഒരു ഭാഗവും ഉത്തരപ്രദേശത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ബനാറിസ്, ഗൊറാക്പൂർ ഇവ ഇവിടെയുള്ള പ്രധാന പട്ടണങ്ങളാണ്.

ഡൽഹി പ്രോവിൻസും രാജപുട്ടാണായും പശ്ചിമഗംഗാ സമതലത്തിൽ ഉൾപ്പെടുന്നു. ഇൻഡ്യയുടെ തലസ്ഥാനമായ ന്യൂഡൽഹി ഇവിടെ സ്ഥിതിചെയ്യുന്നു. രാജപുട്ടാണായുടെ മദ്ധ്യഭാഗത്ത് അരവല്ലി പർവ്വതവും, അതിനു വടക്കുപടിഞ്ഞാറു മുതൽ സിന്ധുതടവും പഞ്ചാബ് സമതലവും വരെ താർ (ഗ്രേറ്റ് ഇൻഡ്യൻ) മരുഭൂമിയും സ്ഥിതി ചെയ്യുന്നു. മഴ പ്രതിവർഷം 10 ഇഞ്ചിൽ കുറവാണ്; ജലസേചനത്തിന് നദികൾ ഇല്ലായ്കയാൽ, ഇവിടെ വിളവുകൾ കൃഷിചെയ്‌വാൻ സൗകര്യമില്ല. രാജപുട്ടാണായിലെ ഉയർന്നഭാഗങ്ങളിൽ പലതരം ചോളം കൃഷിചെയ്തുവരുന്നു. രാജപുത്രരാജ്യ യൂണിയനായ രാജസ്ഥാന്റെ തലസ്ഥാനം ജയിപ്പൂർ ആകുന്നു.

4. ഉത്തരഇൻഡസ് സമതലം (പഞ്ചാബ്):— ഈ പ്രദേശത്തിൽ ഇൻഡ്യയുടെ ഭാഗങ്ങളായ പൂർവ്വപഞ്ചാബും(തലസ്ഥാനം ജലന്ധർ), പട്യാലയും-പൂർവ്വപഞ്ചാബ് സ്റ്റേററ്സ് യൂണിയനും, പശ്ചിമപാക്കിസ്ഥാൻെറ ഭാഗമായ പശ്ചിമപഞ്ചാബും (തലസ്ഥാനം ലാഹൂർ)ഉൾപ്പെട്ടിരിക്കുന്നു. 11-ാം ചിത്രത്തിൽ ഈ പ്രദേശം കാണുക. സിന്ധുവിൻെറ പോഷകനദികളായ ഝലം,ചിനാബ്, റാവി, ബീയസ്, സട്ലജ് എന്ന അഞ്ചുനദികളുടെ രാജ്യമത്രേ ഇതു്. തെക്കുപടിഞ്ഞാറൻ മൺസൂൺ വേനൽക്കാലത്തു ഹിമാലയത്തിൽ മഞ്ഞുരുകിയും മഴ പെയ്തും ഈ നദികളിൽ ധാരാളം ജലം പ്രവഹിക്കുന്നു. മറെറല്ലാ മാസങ്ങളിലും ഇവിടെ ജലം കുറവാകയാൽ, ജലസേചനം കൃഷിയ്ക്കു് അത്യന്താപേക്ഷിതമാണ്. ബ്രിട്ടീഷ്ഭരണകാലത്തു് ജലസേചനം ഇൻഡ്യയിൽ ഏററവും അധികം സൗകര്യപ്പെടുത്തിയതു് പഞ്ചാബിലാണ്. 11-ാം ചിത്രത്തിൽ ഈ പ്രദേശത്തെ ജലസേചന ഭാഗങ്ങളും വിളവുകളും കാണുക. ആണ്ടിൽ രണ്ടു പ്രാവശ്യം കൃഷിചെയ്‌വാൻ ഇവിടെ സാധിക്കുന്നു. പ്രധാന വിളവായ കോതമ്പ് വസന്തകാലത്തു കൊയ്തു ശേഷം, അതേ വയലുകളിൽ തന്നെ പലതരം ചോളം കൃഷിചെയ്തു് ശരൽകാലത്തു് (ആഗസ്റ്റ്-ഒക്‌റേറാബർ) കൊയ്യുന്നു. വളരെ കോതമ്പ് ഇവിടെനിന്നും കയററുമതി ചെയ്തുവരുന്നു. ബാർലിയും പഞ്ഞിയും എണ്ണക്കുരുക്കളും ഇവിടെ ധാരാളം കൃഷിചെയ്യുന്നുണ്ടു്. ഇവിടെ ഉണ്ടാക്കുന്ന മേൽത്തരമായ അമേരിക്കൻ പഞ്ഞി കറാച്ചിമാർഗ്ഗം കയററുമതി ചെയ്തുവരുന്നു. ജനങ്ങൾ ഭൂരിപക്ഷവും

കൃഷിക്കരാണ്; വലിയ പട്ടണങ്ങൾ അധികമില്ല. പശ്ചിമ പഞ്ചാബിന്റെ തലസ്ഥാനമായ ലാഹോർ, തെക്കുപടിഞ്ഞാറെ ശുഷ്കസമതലത്തിന്റെ കേന്ദ്രമായ മുൾട്ടാൻ ഇവ പശ്ചിമപഞ്ചാബിലെ പ്രധാന പട്ടണങ്ങളാണ്. പൂർവ്വപഞ്ചാബിലെ പ്രധാന പട്ടണങ്ങൾ സിക്കുകാരുടെ വിശുദ്ധസ്ഥലമായ അമൃതസരസ്സ്, ഗുജ്രാൻ വാലാ,



ചിത്രം 13. ഇൻഡസ് (സിന്ധു) സമതലം

പഞ്ഞിവ്യവസായ കേന്ദ്രമായ ലൂദിയാനാ ഇവയാണ്. ഇൻഡ്യാഗവണ്മെൻറിന്റെ വേനൽക്കാലത്തെ തലസ്ഥാനവും സുപ്രസിദ്ധ സുഖവാസസ്ഥലവും ആയ

സിംലാ പൂർവ്വപഞ്ചാബിന്റെ വടക്ക് സ്ഥിതിചെയ്യുന്നു. ഈ വനപ്രദേശത്ത് ദേവതാരം, നീലപൈൻ, ചിർ പൈൻ ഇത്യാദി വൃക്ഷങ്ങൾ വളരെയുണ്ട്.

5. ദക്ഷിണ ഇൻഡസ് സമതലം(സിൻഡ്):—പടിഞ്ഞാറ് ബലൂചിസ്ഥാൻ പീഠപ്രദേശം മുതൽ കിഴക്ക് താർ മരുഭൂമിവരെ വ്യാപിച്ചിട്ടുള്ള വിശാലവും ശുഷ്കവും ആയ ഒരു എക്കൽ സമതലമത്രേ സിൻഡ്. ഇതിന്റെ ജീവനായ സിന്ധുനദി മദ്ധ്യത്തിൽക്കൂടി വടക്കുതെക്കായി ഒഴുകുന്നു. ഈജിപ്റ്റ് നൈൽനദിയുടെ ദാനമായിരിക്കുന്നതുപോലെ, സിൻഡ് ഇൻഡസ് നദിയുടെ ദാനമാകുന്നു. സിൻഡിന്റെ വടക്കുഭാഗത്തുള്ള സുക്കൂർ പ്രദേശത്ത് ഇൻഡസ് നദിയിൽ ഒരു വലിയ അണ കെട്ടിയിട്ടുണ്ട്. ഇവിടെനിന്നും സ്ഥിരമായ തോട്ടുകളിൽ കൂടി സിന്ധുജലം തിരിച്ചുവിട്ട് ശുഷ്കമായ സിൻഡ് പ്രദേശത്തു കൃഷിചെയ്തുവരുന്നു. ജലസേചനസൗകര്യം ലഭിച്ചിട്ടുള്ള ഭാഗങ്ങൾ 11-ാം ചിത്രത്തിൽ കാണുക. കോതമ്പും ചോളവും പഞ്ഞിയും ജലസേചനമുള്ള ഭാഗങ്ങളിലെ പ്രധാന വിളവുകൾ ആകുന്നു. ജലസേചന സൗകര്യമില്ലാത്ത ഭാഗങ്ങൾ മരുഭൂമിയായി ശേഷിച്ചിരിക്കുന്നു. സിൻഡിലെ ഏററവും പ്രധാനപ്പെട്ട പട്ടണം പാക്കിസ്ഥാന്റെ തലസ്ഥാനമായ കറാച്ചി ആകുന്നു. ഇതു വളരെ പ്രാധാന്യമുള്ള ഒരു തുറമുഖവും വാണിജ്യകേന്ദ്രവും ആണ്. ഇൻഡസ് ഡൽററായുടെ വടക്കേ അററത്തുള്ള ഹൈദ്രബാദും ഒരു പ്രധാന പട്ടണമാകുന്നു.

6. മാൾവാ-ഡക്കാൺ പീഠപ്രദേശം:— ഈ പ്രദേശത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാന രാജ്യവിഭാഗങ്ങൾ:— (1) മദ്ധ്യ

ഭാരതവും വിന്ധ്യാപ്രദേശവും ഉൾപ്പെട്ട സെൻട്രൽ ഇൻഡ്യാ; (2) വടക്കുപടിഞ്ഞാറെ ബോംബേ-ഡക്കാൺ കരിമൺപ്രദേശം; (3) മദ്രാസ് പ്രോവിൻസിൽ ഉൾപ്പെട്ട ഡക്കാൺപ്രദേശം; (4) മൈസൂർ; (5) ഹൈദ്രബാദ്; (6) മധ്യപ്രദേശ്.

(i) മധ്യഭാരതവും വിന്ധ്യാപ്രദേശവും:— മധ്യഭാരതപ്രോവിൻസ് രാജപുട്ടാണയിലെ ഉന്നതപ്രദേശത്തും, വിന്ധ്യാപ്രദേശ് മധ്യഇൻഡ്യയിലും സ്ഥിതിചെയ്യുന്നു. തെക്ക് വിന്ധ്യാപർവ്വതം മുതൽ വടക്കോട്ടു ഗംഗാ സമതലത്തിന്റെ ദക്ഷിണഭാഗത്തേക്ക് കയറിക്കിടക്കുന്ന മധ്യേൻഡ്യാഉന്നതപ്രദേശം (Central Indian Foreland) ഗംഗാസമതലത്തിലേക്ക് ചരിഞ്ഞുകിടക്കുന്നു. ഗംഗാനദിയുടെ വലത്തുകരയിലെ പോഷകനദികളുടെ ഗതിയിൽനിന്നും ഇതു ഗ്രഹിക്കാം. ഇവിടെ മഴ മിതമായിട്ടേ ഉള്ളു (40 ഇഞ്ച്); ചോളവും പഞ്ഞിയും ഇവിടെ കൃഷിചെയ്തുവരുന്നു.

(ii) വടക്കുപടിഞ്ഞാറെ ബോംബേ-ഡക്കാൺപ്രദേശം:— ഗുജറാററ്, പശ്ചിമതീരത്തിന്റെ വടക്കുഭാഗം (കൊങ്കണതീരം), ഡക്കാൺ ലാവാ (അഗ്നിശില) പ്രദേശം, ഇവ ഇതിൽ ഉൾപ്പെടുന്നു.

ദക്ഷിണഗുജറാററ് ഇന്ത്യയിൽ ഏറ്റവും കൂടുതലുള്ള പ്രദേശമാണ്. തീരപ്രദേശത്തെ ഉപ്പുരസമുള്ള മണ്ണ് മിക്കവാറും ഉപയോഗശൂന്യമാണ്. ഉൾപ്രദേശങ്ങളിലെ ഫലപുഷ്ടിയേറിയ കരിമണ്ണിൽ നെല്ല്, ചോളം, നല്ലതരം പഞ്ഞി, കരിമ്പ് ഇവ കൃഷിചെയ്തുവരുന്നു. ഇവിടെ ജനവാസവും



ചിത്രം 14. ഇൻഡ്യാ ഉപദ്വീപ്: ഭൂപ്രകൃതിയും വർഷപാതവും

കൂടുതലുണ്ട്. ഗുജറാററിലെ പ്രധാനപട്ടണങ്ങൾ:— സൂററ് (പുരാതനതുറമുഖം), കാംബേ, അഹമ്മദബാദ് (പഞ്ഞിനെയ്ത്തു് വ്യവസായകേന്ദ്രം), ബറോഡാ ഇവ റെയിൽവേ ബന്ധമുള്ള പട്ടണങ്ങളാകുന്നു.

ബോംബേ ഒരു പ്രധാന തുറമുഖവും വ്യവസായ കേന്ദ്രവും വാണിജ്യകേന്ദ്രവും ആണ്. ഇതിനു പിമ്പിലുള്ള വമ്പിച്ച പരിപോഷണ പ്രദേശത്തു് പഞ്ഞി ധാരാളം വിളയുന്നു. പശ്ചിമപവ്വതത്തിൽ നിന്നു പുറപ്പെടുന്ന നദികൾ ജലപാത വൈദ്യുത ശക്തി ഉല്പാദിപ്പിക്കുവാൻ സൗകര്യപ്രദമായിരിക്കുന്നു. വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുവാൻ ആവശ്യമായ സൗകര്യങ്ങളുള്ള ഈ പ്രദേശത്തു് പഞ്ഞിവ്യവസായം വളരെ പുരോഗമിച്ചിട്ടുണ്ട്. പൂനാ, ഷോലാപ്പൂർ ഇവയും ഈ പ്രദേശത്തുള്ള പ്രധാന പട്ടണങ്ങളാകുന്നു.

(iii) മദ്രാസ്-ഡക്കാൺ പ്രദേശം:—ബല്ലാറി, കർണ്ണൂൽ, അനന്തപ്പൂർ, കടപ്പാ, ചിററൂർ ജില്ലയുടെ ഒരു ഭാഗം ഇവ ഡക്കാൺ പീഠപ്രദേശത്തു സ്ഥിതിചെയ്യുന്നു. പശ്ചിമ പവ്വതത്തിൻെറ മഴനിഴൽപ്രദേശത്തു് സ്ഥിതി ചെയ്യുന്ന ഈ ഭാഗത്തു മഴ വളരെ കുറവാണ് (20 ഇഞ്ചിൽ താഴെ; ഇതുതന്നെയും നിശ്ചിതമല്ല, ക്രമമായി ലഭിക്കുന്നുമില്ല. ഉയരംകൂടിയ പ്രദേശമാകയാൽ ചൂട് കുറവുണ്ടെങ്കിലും, സമുദ്ര സാമീപ്യമില്ലായ്കയാൽ ശീതോഷ്ണസ്ഥിതിയിൽ വളരെ വ്യത്യാസം കാണുന്നു. മണ്ണ് അത്ര ഫലപുഷ്ടിയുള്ളതല്ല; ഇവിടെ പ്രധാനമായി കൃഷി ചെയ്തുവരുന്നതു് ചോളവും പഞ്ഞിയും ആണ് (15-ാം ചിത്രം നോക്കുക). ഇവിടെ ആടുകളെ മേയിച്ചു വരുന്നു. ജനവാസം ഇവിടെ വളരെ അധികമില്ല.

(iv) മൈസൂർ:— ഡക്കാൺ പീഠപ്രദേശത്തിൻെറ തെക്കേ അററത്തു് ഈ സംസ്ഥാനം സ്ഥിതിചെയ്യുന്നു. മൈസൂറിലെ ഉന്നതപ്രദേശങ്ങളിൽ ചൂടു മിതവും കാലാവസ്ഥ സുഖപ്രദവും ആണു്. ചോളം, പഞ്ഞി, കാപ്പി ഇവ ധാരാളം കൃഷിചെയ്തുവരുന്നു. പീഠപ്രദേശത്തിൽ ജലസേചനസൗകര്യമുള്ള ഭാഗങ്ങളിൽ നെല്ലു് കൃഷി ചെയ്തുവരുന്നുണ്ടു്. കോളാർപ്രദേശത്തു സ്വർണ്ണം ഖനനം ചെയ്തുവരുന്നു. മാങ്ഗനീസും ഇവിടെ ഉണ്ടു്. തലസ്ഥാനം മൈസൂർ പട്ടണം ആണു്; എന്നാൽ പ്രധാന പട്ടണവും ഗവണ്മെൻറിൻെറ ഇരിപ്പിടവും ബാങ്ഗ്ളൂർ ആകുന്നു.

(v). ഹൈദ്രബാദ്:— ഡക്കാൺ പീഠപ്രദേശത്തിൽ ചേന്ന ഈ വിശാലപ്രദേശത്തു് ജലസൗകര്യം കുറവാണു്. പഞ്ഞിയും ചോളവും ആണു് ഇവിടത്തെ പ്രധാന വിളവുകൾ. തലസ്ഥാനമായ ഹൈദ്രബാദ് പട്ടണം, ഗുൽബർഗാ, ഔറങ്ഗബാദ് ഇവ ഈ സംസ്ഥാനത്തെ പ്രധാന പട്ടണങ്ങളാകുന്നു.

(vi) മദ്ധ്യപ്രദേശ്:— ഈ പ്രോവിൻസിൽ പഴയ സെൻട്രൽപ്രോവിൻസസ്സുംബീഹാറും ഉൾപ്പെട്ടിരിക്കുന്നു ഈ സംസ്ഥാനത്തിൻെറ വടക്കുഭാഗത്തു് ഇൻഡ്യാഉപദ്വീപിൻെറയും ഉത്തരഇൻഡ്യയുടെയും അതിത്തിയായ സാററ്പുറാ പവ്വതം സ്ഥിതിചെയ്യുന്നു. ബീറാർ പഞ്ഞി കൃഷിക്കു് സുപ്രസിദ്ധിയുള്ള ഡക്കാൺകരിമൺ പ്രദേശത്തിൻെറ ഭാഗമാണു്. ഗോദാവരിനദീതടം, മഹാനദീതടം (ചററിസ്ഗാർസമതലം), മദ്ധ്യഭാഗത്തുള്ള ഉന്നതപ്രദേശങ്ങൾ ഇവ ഈ സംസ്ഥാനത്തിൽ ഉൾപ്പെട്ടിരിക്കുന്നു. പഞ്ഞി, ചോളം, കോതമ്പു് ഇവ ഇവിടെ കൃഷിചെയ്തു

വരുന്നു. ഇവയിൽ ധനപരമായി കൂടുതൽ അഭിവൃദ്ധിപ്പെട്ടിട്ടുള്ളതു് പഞ്ചിക്കൃഷി വികസിപ്പിച്ചിട്ടുള്ള ബീറാർ പ്രദേശമാണു്. ജബ്ബൽപുർ മദ്ധ്യപ്രദേശത്തെ സുപ്രധാന പട്ടണം ആകുന്നു.

7. പശ്ചിമതീരം:— പശ്ചിമതീരത്തിന്റെ വടക്കേഭാഗമായ കൊങ്കണതീരം മുതൽ തെക്കോട്ടു് തീരപ്രദേശം കൂടുതൽ വീതിയുള്ളതായി കാണപ്പെടുന്നു. മലബാർ ജില്ലയും തിരുവിതാംകൂർ-കൊച്ചി രാജ്യവും ചേർന്നുള്ള ഈ കേരളത്തിൽ കിഴക്കുള്ള പർവ്വതപ്രദേശം, പടിഞ്ഞാറുള്ള സമുദ്രതീരപ്രദേശം, ഇവയ്ക്കു മദ്ധ്യേയുള്ള മദ്ധ്യസമതലം എന്ന മൂന്നു പ്രകൃതിവിഭാഗങ്ങൾ പ്രത്യേകം കാണപ്പെടുന്നുണ്ടു്. ചൂടും, ധാരാളം മഴയും, ജലസമൃദ്ധിയും സംമ്മേളിച്ചുള്ള ഈ പ്രദേശത്തു് സസ്യാദികൾ ധാരാളം കൃഷിചെയ്തുവരുന്നു. ഉന്നതപ്രദേശങ്ങളിൽ തേക്കു്, ഈട്ടി മുതലായ വന്യവൃക്ഷങ്ങൾ ധാരാളമുണ്ടു്. വനങ്ങൾ വെട്ടിത്തെളിച്ചു് തേയില, ഏലം, റബ്ബർ ഇത്യാദി വിളവുകൾ വമ്പിച്ച തോതിൽ തോട്ടങ്ങളിൽ കൃഷിചെയ്തുവരുന്നു. മദ്ധ്യപ്രദേശത്തു് കുരുമുളകു്, തെങ്ങ്, നെല്ല്, മരച്ചീനി, കരിമ്പ്, മുതലായവ ധാരാളം കൃഷിചെയ്യുന്നുണ്ടു്. കുട്ടനാട്, നാഞ്ചിനാട് എന്നീ വിശാലപ്രദേശങ്ങൾ നെൽകൃഷിക്കു് സുപ്രസിദ്ധിയുള്ളവയാണു്. തീരപ്രദേശത്തു് തെങ്ങും നെല്ലും സമൃദ്ധിയായി കൃഷിചെയ്തുവരുന്നു; വ്യവസായങ്ങളും വാണിജ്യവും ഇവിടെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്. ഇപ്രകാരം കൃഷിയും വ്യവസായങ്ങളും വാണിജ്യവും അഭിവൃദ്ധിപ്രാപിച്ചിട്ടുള്ള കേരളത്തിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നു; ധനസ്ഥിതിയിലും കേരളം



ചിത്രം 15. ഇൻഡ്യാ ഉപദ്വീപ്: വിളവുകൾ

R=നെല്ല്; Cot=പഞ്ഞി; Co=തെങ്ങ്; T=തേയില; S=കരിമ്പ്; M=തിന; W—കോതമ്പ്.

പുരോഗമിച്ചുവരുന്നു. ഇവിടെയുള്ള പ്രധാന പട്ടണങ്ങൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി കോഴിക്കോട്, മംഗലപുരം ഇവയാകുന്നു.

8. പൂർവ്വതീരം:— ഇൻഡ്യയുടെ കിഴക്കേതീരം മഹാനദി, ഗോദാവരി, കൃഷ്ണാ, കാവേരി മുതലായ നദികളുടെ ഫലപുഷ്ടിയേറിയ ഡൽററാപ്രദേശമാണ്. ഈ പ്രദേശത്തെ രണ്ടായി വിഭജിക്കാം:— (1) തെക്കുഭാഗത്തുള്ള കർണ്ണാററിക്ക് പ്രദേശം; (2) വടക്കേസെർക്കാഴ്സ് പ്രദേശം.

കർണ്ണാററിക്ക് പ്രദേശം:— ബംഗാൾ ഉൾക്കടലിൻെറ തെക്കേതീരംമുതൽ ഏലമലവരെ ഈ പ്രദേശംവ്യാപിച്ചിരിക്കുന്നു. ഇതിൽതന്നെ തീരസമതലം,കുന്നുകളുള്ള പശ്ചിമഭാഗം എന്നു രണ്ടു വിഭാഗങ്ങളുണ്ട്.തീരസമതലംഎക്കൽമണ്ണുള്ള നദീസമതലമാണ്. കുന്നുകളുള്ള പശ്ചിമപ്രദേശത്തെ മണ്ണ് ഫലപുഷ്ടിയുള്ളതല്ല. ഇൻഡ്യയിൽ മററൊരിടത്തും ഇല്ലാത്ത കാലാവസ്ഥയാണ് ഇവിടെ അനുഭവപ്പെടുന്നത്; ഒക്ടോബർ,നവംബർ,ഡിസംബർ ഈ മാസങ്ങളിലാണ് ഇവിടത്തെ വർഷകാലം; ഇതു് വടക്കുകിഴക്കൻ മൺസൂൺ അഥവാ തുലാവർഷ കാലമാകുന്നു. മഴ 40 ഇഞ്ചിൽ കുറവും, അനിശ്ചിതവുമാണ്. കുളങ്ങൾ മുഖേനയുള്ള ജലസേചനത്താൽ നെല്ല്, ചോളം, നിലക്കടല ഇവ കൃഷിചെയ്യുവരുന്നു. മഴ കുറവുള്ള വർഷങ്ങളിൽ ഈ പ്രദേശത്തു ക്ഷാമം നേരിടാറുണ്ട്. ജലസേചനം കൂടുതൽ പ്രയോജനകരമാക്കുവാൻ ഗവണ്മെൻറ് ശ്രമിച്ചുവരുന്നു. പെരിയാർ ജലസേചന പദ്ധതി, കാവേരി പദ്ധതി, ഇത്യാദി ജലസേചന പദ്ധതികൾ വളരെ പ്രയോജനകരമായിട്ടുണ്ട്. ഇൻഡ്യയിലെ മൂന്നാമത്തെ പട്ടണമായ മദ്രാസ് ഇവിടെ സ്ഥിതിചെയ്യുന്നു.

വടക്കേ സക്കാഴ്സ് പ്രദേശം:— നെല്ലൂർ മുതൽ ഒറീസ്സായുടെ വടക്കേ അററംവരെയും പൂർവ്വപർവ്വതനിരകൾക്കും ബംഗാൾ ഉൾക്കടലിനും മദ്ധ്യേ ഈ പ്രദേശം വ്യാപിച്ചിരിക്കുന്നു. തീരമാണെങ്കിലും ഇതു് ഒരു സമതലമല്ല; തീരംവരെ കുന്നുകൾ ഇവിടെ പലയിടത്തും കാണപ്പെടുന്നു. ഇതിന്റെ ഏകദേശം മദ്ധ്യഭാഗത്തു് ഗോദാവരി, കൃഷ്ണാ ഇവയുടെ ഡൽററാപ്രദേശം സ്ഥിതിചെയ്യുന്നു. 30 ഇഞ്ചു മാത്രമാണു് ഇവിടത്തെ വർഷപാതം. ഡൽററാ പ്രദേശങ്ങളിൽ ജലസേചനത്താൽ നെല്ലും ചോളവും കൃഷി ചെയ്തുവരുന്നു. മഴക്കൂടുതലുള്ള ഭാഗങ്ങളിൽ നെല്ലും കുറവുള്ള ഭാഗങ്ങളിൽ ചോളവും ആണു് കൃഷി ചെയ്തുവരുന്നതു്. മഹാനദീ ഡൽററായിൽ (ഒറീസ്സാ) നെൽകൃഷി അഭിവൃദ്ധികരമായി നടത്തിവരുന്നു. ഇവിടെ ജനവാസം വളരെയുണ്ടു്.

ചോദ്യങ്ങളും അഭ്യാസങ്ങളും

1. ഇൻഡ്യയിൽ കൃഷിക്കു കൂടുതൽ പ്രാധാന്യമുള്ള പ്രദേശങ്ങൾ ഏവ?
2. ഇൻഡ്യയിൽ കൃഷിചെയ്തുവരുന്ന പ്രധാന വിളവുകൾ ഏവ? ഇവ ഓരോന്നും ഏതെല്ലാം പ്രദേശങ്ങളിൽ കൃഷിചെയ്തുവരുന്നു? ഈ വിളവുകൾ കൃഷിചെയ്യുന്നതിനു് ആ പ്രദേശങ്ങളിലുള്ള പ്രത്യേക സൗകര്യങ്ങൾ ഏവ?
3. ജലസേചനം എന്നാലെന്തു്? ഇൻഡ്യയിൽ ജലസേചനം ഏതെല്ലാം വിധത്തിൽ നടത്തിവരുന്നു?
4. ഇൻഡ്യയുടെ ഒരു ഔട്ട്ലൈൻ പടത്തിൽ 11-ാം ചിത്രത്തിൽ കാണിച്ചിട്ടുള്ള നദികൾ, ജലസേചനപ്രദേശങ്ങൾ, പ്രധാനവിളവുകൾ ഇവ അടയാളപ്പെടുത്തുക

അദ്ധ്യായം 8

ജീവ ജാലങ്ങൾ

ജീവജാലങ്ങൾ ധാരാളമുള്ള ഒരു ഉപഭൂഖണ്ഡമത്രേ ഇൻഡ്യാ. വനപ്രദേശങ്ങളിൽ സിംഹം, കടുവാ, ആന, പുലി, കടമാൻ, മുതലായ മൃഗങ്ങൾ വളരെയുണ്ട്. എല്ലാ കാലത്തും ഭക്ഷ്യസാധനങ്ങൾ സുലഭമാകയാൽ, പല തരം പക്ഷികൾ ഇൻഡ്യയിൽ കാണപ്പെടുന്നു. മയിൽ, കുയിൽ, തത്ത ഇത്യാദികൾ ഇവയിൽ ഉൾപ്പെടുന്നു. വളർത്തു മൃഗങ്ങളിൽ പ്രധാനപ്പെട്ടവ കന്നുകാലികൾ, ആട്,കുതിര, കഴുത, ഒട്ടകം ഇവയാണ്.

ഇതര രാജ്യങ്ങളെ അപേക്ഷിച്ച് ഇൻഡ്യയിൽ കന്നുകാലികളുടെ എണ്ണം വളരെ അധികമാണ്; എന്നാൽ നല്ലതരം കന്നുകാലികളെ വളർത്തുകയും ശരിയായി പോഷിപ്പിക്കുകയും ചെയ്യാതിരിക്കുകയാൽ, അവയാലുള്ള പ്രയോജനം വളരെ കുറവായി മാത്രമേ ഉണ്ടാകുന്നുള്ളൂ. ഇൻഡ്യയുടെ മിക്കവാറും എല്ലാ ഭാഗങ്ങളിലും കന്നുകാലികളെ വളർത്തിവരുന്നു. ബംഗാൾ (250 ലക്ഷം), ഉത്തരപ്രദേശം (220 ലക്ഷം), മദ്രാസ് (165 ലക്ഷം), ഈ പ്രദേശങ്ങളിലാണ് കൂടുതൽ കന്നുകാലികൾ വളർത്തപ്പെടുന്നത്. ഭൂപ്രകൃതിയും സസ്യാദികളും അടിസ്ഥാനപ്പെടുത്തി ഇവയുടെ വിതരണം നിർണ്ണയിക്കപ്പെടുന്നു. ജലസമൃദ്ധിയും ധാരാളം പുല്ലും ഉള്ള സമതലങ്ങൾ കന്നുകാലിവളർത്തലിനു് അനുയോജ്യമാകുന്നു. സിന്ധു ഗംഗാ സമതലത്തിൽ കന്നുകാലികൾ ധാരാളം വളർത്തപ്പെടുന്നതു് ഈ കാരണത്താലത്രേ.

ആട്ട വളത്തലിന്ന അനുയോജ്യമായിരിക്കുന്നത് മഴ കുറവായും കുററിക്കാട്ടുകൾ ധാരാളമായും ഉള്ള കുന്നുംപുറങ്ങളാണ്. മദ്രാസ്, പഞ്ചാബ്, ബീഹാർ, ഒറീസ്സാ, ഉത്തരപ്രദേശം, ബോംബേ ഈ പ്രദേശങ്ങളിലുള്ള ഉയൻ്റ ഭാഗങ്ങളിൽ ധാരാളം ആട്ടവളത്തിവരുന്നു. രോമം, മാംസം ഇവയ്ക്കായിട്ടാണ് ആട്ട വളത്തുന്നത്. ഇൻഡ്യയിലെ ആട്ടവളത്തൽ കന്നുകാലിവളത്തലോളം പ്രാധാന്യമുള്ളതല്ല. രോമവ്യവസായം കാശ്മീരത്തിലും കാൺപൂരിലും വളരെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്.

കറാച്ചി, ഇംഗ്ലീഷ് മുതലായ നല്ലജാതി കന്നുകാലികളെയും ആട്ടകളെയും വളത്തുകയും, അവയെ നല്ലപോലെ പോഷിപ്പിക്കുകയും ചെയ്താൽമാത്രമേ ഇൻഡ്യയിൽ കന്നുകാലിവളത്തൽ അഭിവൃദ്ധിപ്പെട്ടവാൻ ഇടയുള്ളൂ.

ചോദ്യങ്ങളും അഭ്യാസങ്ങളും

1. കന്നുകാലിവളത്തലിന് അനുകൂലമായ ഭൂപ്രകൃതി, കാലാവസ്ഥ, ഇൻഡ്യയിൽ അതിന്ന കൂടുതൽ സൗകര്യമുള്ള പ്രദേശങ്ങൾ ഇവ എഴുതുക.

2. ആട്ട വളത്തലിന് അനുയോജ്യമായ ഭൂപ്രകൃതിയും കാലാവസ്ഥയും വിവരിക്കുക. ഇൻഡ്യയിൽ അതിന്ന പററിയ പ്രദേശങ്ങൾ ഏവ?

3. ഇൻഡ്യയിലെ കന്നുകാലിവളത്തൽ കൂടുതൽ അഭിവൃദ്ധിപ്പെടുത്തുവാൻ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

അദ്ധ്യായം 9

ലോഹ സമ്പത്തു്

ലോഹസമ്പത്തു് വളരെ ഉള്ള ഒരു രാജ്യമാണ് ഇൻഡ്യാ. ഭൂഗർഭത്തിലുള്ള ധാതുക്കളെയും ലോഹങ്ങളെയും സംബന്ധിച്ച അന്വേഷണം കൂടുതലായി ഇവിടെ നടത്തിവരുന്നതേയുള്ളൂ. 16-ാം ചിത്രത്തിൽ ഇൻഡ്യയിലെ ധാതുക്കളുടെയും ലോഹങ്ങളുടെയും വിതരണം ചേർത്തിട്ടുള്ളതു് പരിശോധിക്കുക.

ധാതുക്കൾ

കൽക്കരി, മണ്ണെണ്ണ, ഉപ്പു്, അഭ്രം ഇത്യാദി ധാതുക്കൾ ഇൻഡ്യയുടെ ഏതാനും ഭാഗങ്ങളിൽ കാണപ്പെടുന്നു. ഇവ ഓരോന്നും ഏതെല്ലാം ഭാഗങ്ങളിൽ കാണപ്പെടുന്നു എന്നു് 16-ാം നമ്പർ ചിത്രത്തിൽ കണ്ടുപിടിക്കുക.

കൽക്കരി:— ബംഗാളിൽ റാണിഗഞ്ച്, ബീഹാറിൽ ഝാറിയായും ഗിരിഡിയും, ഒറിസ്സാ, ഹൈദ്രബാദ്. മധ്യപ്രദേശം, ഈ ഭാഗങ്ങളിൽ കൽക്കരി ഖനനം ചെയ്തുവരുന്നു. ബീഹാറിലെ കല്ക്കരിഖനികൾ സമീപിച്ചാണ് ജംഷഡ്പൂരിലെ വമ്പിച്ച ഇരുമ്പും ഉരുക്കും വ്യവസായശാലകൾ സ്ഥാപിച്ചിട്ടുള്ളതു്.

മണ്ണെണ്ണ:— ആസ്സാം, പഞ്ചാബ്, ബലൂചിസ്ഥാൻ ഈ പ്രദേശങ്ങളിൽ മണ്ണെണ്ണ ഖനനം ചെയ്തുവരുന്നു.

ഉപ്പു്:— സിൻഡ്, ബോംബേ, മദ്രാസ്, ദക്ഷിണതിരുവിതാംകൂർ ഈ പ്രദേശങ്ങളിൽ സമുദ്രജലം സൂര്യപ്രകാശത്താൽ വററിച്ചു് ഉപ്പുണ്ടാക്കിവരുന്നു.

ചിത്രം 16. ഇൻഡ്യാ: ധാതുക്കളും ലോഹങ്ങളും ഇവയുടെ വിതരണം

അഭ്രം:— മദ്രാസിൽ നെല്ലൂർ, ബീഹാറിൽ ഹസാരിബാഗ്, ഗയാ, മോങ്ഘീർ എന്നീ ഭാഗങ്ങളിൽ ധാരാളം അഭ്രം ഖനനം ചെയ്തുവരുന്നുണ്ട്.

ലോഹങ്ങൾ

ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ ഇരുമ്പ്, സ്വർണ്ണം, മാങ്ങനീസ്, വെള്ളി, ചെമ്പ് ഇത്യാദിലോഹങ്ങൾ ധാരാളം കാണപ്പെടുന്നു. 16-ാം ചിത്രത്തിൽ ഇവ ഓരോന്നും ഏതെല്ലാം ഭാഗങ്ങളിൽ കാണപ്പെടുന്നു എന്നു കണ്ടുപിടിക്കുക.

സ്വർണ്ണം:— മൈസൂറിലുള്ള കോലാർ ഖനികളിലും, ഹൈദ്രബാദിൽ ഹട്ടിഖനികളിലും, ബോംബേയിൽ ധാർവാർ ഡിസ്ക്രിക്ററിലും, മദ്രാസിൽ അനന്തപുരം ഡിസ്ക്രിക്ററിലും സ്വർണ്ണംഖനനം ചെയ്തുവരുന്നു.

മാങ്ങനീസ്:— ഉരുക്കുവ്യവസായത്തിന് അത്യന്താപേക്ഷിതമായ മാങ്ങനീസ് ഉല്പാദിപ്പിക്കുന്ന പ്രധാന രാജ്യങ്ങൾ ഇൻഡ്യാ റഷ്യാ, ആഫ്രിക്കയിലെ ഗോൾഡ് കോസ്റ്റ് ഇവയാണ്. ഇൻഡ്യയിൽ ആകെയുണ്ടാകുന്നതിൽ മുക്കാൽഭാഗം മാങ്ങനീസ് ഖനനംചെയ്തുവരുന്നതു് മധ്യപ്രദേശത്തുള്ള ബലഘട്ട്, ബണ്ഡര, ചിൻഡ്വര, ജബ്ബൽപൂർ, നാഗപ്പൂർ ഈ ഡിസ്ക്രിററുകളിലാണ്. മദ്രാസിൽ സാൻഡൂർ, ഒറീസ്സായിൽ കൊയൻ ഝാർ ഈ സ്ഥലങ്ങളിലും മാങ്ങനീസ് ഖനനം ചെയ്തുവരുന്നു.

ഇരുമ്പ്:— ഇൻഡ്യയിൽ ഇരുമ്പ് ഖനനം ചെയ്തുവരുന്നതു് പ്രധാനമായി ഒറീസ്സായിലുള്ള മയൂർബഞ്ച്, കൊയൻ ഝാർ, ബീഹാറിലുള്ള സിങ്ഭം; മധ്യപ്രദേശത്തു് റെയിപ്പൂർ; മദ്രാസിൽ സേലം; മൈസൂറിൽ ഭദ്രാവതി, ഈ ഭാഗങ്ങളിലാണ്.

ചോദ്യങ്ങളും അഭ്യാസങ്ങളും

1. ഇൻഡ്യയിൽ കൽക്കരി, മണ്ണെണ്ണ, അഭ്രം ഈ ധാതുക്കൾ ഖനനം ചെയ്യുന്ന പ്രധാനപ്രദേശങ്ങൾ ഏവ?

2. ഇരുമ്പ്, സ്വർണ്ണം, മാങ്ഗനീസ് ഈ ലോഹങ്ങൾ ഇൻഡ്യയിൽ ഖനനം ചെയ്യുന്ന പ്രധാനഭാഗങ്ങളുടെ പേർ പറയുക.
3. ഇൻഡ്യയുടെ ഒരു ഔട്ട്ലൈൻ പടത്തിൽ കൽക്കരി, മണ്ണെണ്ണ, ഇരുമ്പ്, സ്വർണ്ണം, മാങ്ഗനീസ് ഇവ ഖനനം ചെയ്യുന്ന പ്രധാന സ്ഥലങ്ങൾ അടയാളപ്പെടുത്തുക (16-ാം ചിത്രം നോക്കുക).

അദ്ധ്യായം 10

ജനവാസ വിതരണം

1951-ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ. — 1951. ജാനുവരിയിൽ എടുത്ത കണക്കനുസരിച്ച് ഇൻഡ്യയിൽ ആകെ 36 കോടി 18 ലക്ഷം ജനങ്ങളുണ്ട്; പാക്കിസ്ഥാനിൽ ആകെ 7 കോടി 57 ലക്ഷം ജനങ്ങൾ ഉള്ളതായി കണക്കാക്കിയിരിക്കുന്നു. ഇൻഡ്യയുടെ വിവിധ സംസ്ഥാനങ്ങളിലെ ആകെ ജനസംഖ്യയും, ചതുരശ്രമൈലിനുള്ള ജനസംഖ്യയും താഴെ പട്ടികയിൽ ചേർത്തിട്ടുള്ളതു് പരിശോധിക്കുക.

1951 ലെ ജനസംഖ്യ

I. A വിഭാഗത്തിലുള്ള രാജ്യങ്ങൾ	ആകെ ജനസംഖ്യ (ലക്ഷം)	ച: മൈലിനു് ജനസംഖ്യ
1. ആസ്സാം	91	169
2. ബീഹാർ	402	573
3. ബോംബേ	359	332
4. മദ്ധ്യപ്രദേശ്	213	162
5. മദ്രാസ്	569	467
6. ഒറീസ്സാ	146	248
7. പഞ്ചാബ്	126	337
8. ഉത്തരപ്രദേശ്	632	562
9. പശ്ചിമബംഗാൾ	247	847

II. B വിഭാഗത്തിലുള്ള രാജ്യങ്ങൾ	ആകെ ജനസംഖ്യ (ലക്ഷം)	ച. മൈലിന് ജനസംഖ്യ
1. ഹൈദ്രബാദ്	186	225
2. ജമ്മുവും കാശ്മീരവും (1950)	44	52
3. മദ്ധ്യഭാരത്	79	170
4. മൈസൂർ	90	307
5. പെപ്സു (പട്യാലയും പൂർവ്വപഞ്ചാബ് സ്റ്റേറ്റ്സ് യൂണിയനും)	35	343
6. രാജസ്ഥാൻ	152	119
7. സൗരാഷ്ട്ര (ഗുജറാറ്റ്)	41	197
8. തിരുവിതാംകൂർ-കൊച്ചി (9,265,157)	93	1012
III. C വിഭാഗത്തിലുള്ള രാജ്യങ്ങൾ		
1. ആജ്മിർ	7	288
2. ഭോപാൽ	8	121
3. ബിലാസ്പുർ	1	282
4. കൂർഗ്	2	144
5. ഡൽഹി	17	3038
6. ഹിമാചലപ്രദേശ്	10	98
7. കച്ച്	5	33
8. മണിപ്പൂർ	6	67
9. ത്രിപുര	6	161
10. വിന്ധ്യാപ്രദേശ്	35	146
IV. D. ആൻഡമാൻ-നിക്കോബർ	3	

ഇൻഡ്യയിലെ പ്രധാന ജനവിഭാഗങ്ങൾ ഹിന്ദുക്കൾ, മഹമ്മദീയർ, ബുദ്ധമതക്കാർ, ക്രിസ്ത്യാനികൾ, സിക്കുകാർ, ജയിനർ ഇവരാകുന്നു. ഈ ജനവിഭാഗങ്ങൾ ഈ രാജ്യത്തുള്ള മതവിഭാഗങ്ങൾ തന്നെയാണ്. ഇൻഡ്യൻ ജനതയിൽ ഉൾപ്പെട്ടിട്ടുള്ള പ്രധാന വർഗ്ഗവിഭാഗങ്ങൾ ടർക്കോഐറേനിയർ, ഇൻഡോആര്യർ, സൈതോ ദ്രാവിഡർ, ആര്യദ്രാവിഡർ, മങ്ഗോളിയദ്രാവിഡർ, മങ്ഗോളിയർ ഇവരാകുന്നു. ആകെ ഇൻഡ്യയിൽ 170 ഭാഷകൾ പ്രചാരത്തിലിരിക്കുന്നുണ്ട്. ഇവയിൽ ഹിന്ദുസ്ഥാനി ഉത്തരപ്രദേശത്തും മദ്ധ്യഭാരതത്തിലും; ബംഗാളി ബംഗാൾ, ആസ്സാം, ബീഹാർ, ഒറീസ്സാ ഈ സംസ്ഥാനങ്ങളിലും; തെലുങ്ക് മദ്രാസിലും ഹൈദ്രബാദിലും; തമിഴ് മദ്രാസിലും മൈസൂറിലും; പഞ്ചാബി പഞ്ചാബിലും നോർത്തുവെസ്റ്റ് ഫ്രണ്ടിയർ പ്രോവിൻസിലും; രാജസ്ഥാനി രാജപുട്ടാണായിലും മദ്ധ്യഭാരതത്തിലും; കാനറീസ് മൈസൂറിലും ബോംബേയിലും ഹൈദ്രബാദിലും; ഒറിയാ ബീഹാറിലും ഒറീസ്സായിലും; ഗുജറാത്തി ബോംബേയിലും ബറോഡായിലും രാജപുട്ടാണായിലും; മലയാളം കേരളത്തിലും; സിന്ധി സിൻഡിലും ബലൂചിസ്റ്റാനിലും; ആസ്സാമിസ് ഭാഷ ആസ്സാമിലും; കാശ്മീരി കാശ്മീരിലും സംസാരിച്ചുവരുന്നു. ഇൻഡ്യ ഒട്ടുക്ക് ഒരു ഭാഷ നടപ്പിൽവരുന്നത് ഐക്യത്തിനും പുരോഗതിക്കും അത്യന്താപേക്ഷിതമാണ്. ഇപ്പോൾ ഇൻഡ്യയിൽ ഇംഗ്ലീഷ് ഔദ്യോഗിക ഭാഷയായിരിക്കുന്നു.

പാക്കിസ്റ്റാനിലെ ജനങ്ങളിൽ ഭൂരിപക്ഷം മഹമ്മദീയരും ന്യൂനപക്ഷം ഹിന്ദുക്കളും ആകുന്നു. പാക്കിസ്റ്റാനിലെ ജനവാസവിതരണം താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു:—

പാക്കിസ്ഥാൻ (1951)

പ്രോവിൻസുകൾ.	ആകെ ജനസംഖ്യ (ലക്ഷം)	ച: മൈലിനു ജനസംഖ്യ.
1. പൂർവ്വബംഗാളും സിൽഹററും	421	778
2. പശ്ചിമപഞ്ചാബ്	206	332
3. സിൻഡ്	49	103
4. നോർത്ത് വെസ്റ്റ് ഫ്രണ്ടിയർപ്രോവിൻസ്	57	399
5. ബലൂചിസ്ഥാൻ	12	9
ആകെ.	757	10

ചോദ്യങ്ങളും അഭ്യാസങ്ങളും

1. 1951-ലെ സെൻസസ് പ്രകാരം ഇൻഡ്യയിലെ ആകെ ജനസംഖ്യ എത്ര?
2. മേൽ ചേർത്തിട്ടുള്ള പട്ടിക പരിശോധിച്ചു ച: മൈലിൽ ശരാശരി ജനസംഖ്യ ഏററവും കൂടുതലുള്ളതും, ഏററവും കുറവുള്ളതുമായ സംസ്ഥാനങ്ങൾ കണ്ടുപിടിക്കുക. ഇപ്രകാരം ജനവാസം കൂടുകയും കുറയുകയും ചെയ്യാൻ കാരണമെന്തു?
3. ഇൻഡ്യൻ ജനതയുടെ പ്രധാന വിഭാഗങ്ങൾ ഏവ?
4. പാക്കിസ്ഥാനിലെ ആകെ ജനസംഖ്യ എത്ര? ഏററവും കൂടുതലും ഏററവും കുറവും ജനവാസമുള്ള വിഭാഗങ്ങളുടെ പേരും, ജനവാസം കൂടുകയും കുറയുകയും ചെയ്യാൻ കാരണവും എഴുതുക.
5. ഇൻഡ്യയുടെ ഒരു ഔട്ട്ലൈൻ പടത്തിൽ 17-ാം ചിത്രത്തിൽ കാണിച്ചിട്ടുള്ള രാജ്യവിഭാഗങ്ങളും ഓരോന്നിലും ച: മൈലിനുള്ള ജനസംഖ്യയും ആകെ ജനസംഖ്യ (ലക്ഷം)യും എഴുതുക.



ചിത്രം 17. ഇൻഡ്യൻ റിപ്പബ്ലിക്കും പാക്കിസ്ഥാനും: ഭരണവിഭാഗങ്ങൾ (1951)

അദ്ധ്യായം 11

പ്രോവിൻസുകൾ

(പ്രകൃതി പ്രദേശക്രമത്തിനു്)

പ്രോവിൻസുകൾ	തലസ്ഥാനം
I. ഹിമാലയാ പ്രദേശത്തിലെ പ്രോവിൻസുകൾ:—	
A. പാക്കിസ്ഥാനിൽ.	
1. ബലൂചിസ്ഥാൻ	ക്വെററാ
2. നോത്ത്്വെസ്റ്റ് ഫ്രണ്ടിയർ പ്രോവിൻസ്:	പേഷ്വാർ
B. ഇൻഡ്യയിൽ.	
1. ജമ്മുവും കാശ്മീരവും	ശ്രീനഗർ
2. ഹിമാചൽ പ്രദേശ്	മാൻഡി
3. ബിലാസ്പൂർ	ബിലാസ്പൂർ
II. സിന്ധു-ഗംഗാ-ബ്രഹ്മപുത്രാ സമതലത്തിലെ പ്രോവിൻസുകൾ:—	
A. സിന്ധുസമതലത്തിൽ:	
(a) പാക്കിസ്ഥാനിൽ	
1. സിൻഡ്	കറാച്ചി
2. പശ്ചിമ പഞ്ചാബ്	ലാഹൂർ
(b) ഇൻഡ്യയിൽ:	
1. പൂർവ്വപഞ്ചാബ് (പഞ്ചാബ്)	ജലന്ധർ
2. പെപ്സു (പട്യാലയും പൂർവ്വപഞ്ചാബ് സ്റ്റേററ്സ് യൂണിയനും)	പട്യാല

B. ഗംഗ-ബ്രഹ്മപുത്രാ സമതലത്തിൽ:

(a) ഇൻഡ്യയിൽ

1.	ഡൽഹി	ഡൽഹി
2.	ഉത്തരപ്രദേശ്	ലക്നൗ
3.	ബീഹാർ	പാററ്നാ
4.	പശ്ചിമബംഗാൾ	കൽക്കട്ടാ
5	ആസ്സാം	ഷില്ലോങ്ങ്
6.	മണിപ്പൂർ	ഇംഫാൽ
7.	ത്രിപുര	അഗത്തല

(b) പാക്കിസ്ഥാൻ

1.	പൂർവ്വബംഗാൾ	ഡാക്കാ

III. ഡക്കാൺ പീഠപ്രദേശത്തുള്ള പ്രോവിൻസുകൾ:—

1.	മധ്യഭാരത്	ഗ്വാളിയർ
2.	ഭോപാൽ	ഭോപാൽ
3.	വിന്ധ്യാപ്രദേശ്	റീവാ
4.	മധ്യപ്രദേശ്	നാഗപ്പൂർ
5.	ഒറീസ്സാ	കട്ടക്ക്; (ഭുവനേശ്വരം)
6.	ഹൈദ്രബാദ്	ഹൈദ്രബാദ്
7.	മൈസൂർ	മൈസൂർ; ബാങ്ഗ്ളൂർ
8.	കൂർഗ്ഗ്	മെർക്കാറാ

IV. വടക്കപടിഞ്ഞാറെ ഇൻഡ്യയിലുള്ള പ്രോവിൻസുകളും:—

1.	രാജസ്ഥാൻ	ജയിപ്പൂർ
2.	ആജ്മിർ	ആജ്മിർ
3.	കച്ച്	ഭുജ്
4.	സൗരാഷ്ട്ര	രാജ്കോട്ട്
5.	ബോംബേ	ബോംബേ

V. പശ്ചിമതീരം:—

1. കേരളം (തിരുവിതാംകൂർ-കൊച്ചി); തിരുവനന്തപുരം

VI. പൂർവ്വതീരം:—

1. മദ്രാസ് മദ്രാസ്
2. ആൻഡമാൻ-നിക്കോബർ ദ്വീപുകൾ: പോർട്ട് ബ്ലെയർ

ആകെ ഇൻഡ്യയിൽ 28; പാക്കിസ്ഥാനിൽ 5 പ്രോവിൻസുകൾ.

മേൽ ചേർത്തിട്ടുള്ള ഭരണവിഭാഗങ്ങളെയും പ്രകൃതി വിഭാഗങ്ങളെയും സംബന്ധിച്ചുള്ള ഭൂമിശാസ്ത്രസംബന്ധമായ വിവരങ്ങൾ 7-ാം അദ്ധ്യായത്തിൽ ചേർത്തിട്ടുണ്ട്.

ഭരണരീതി:–ഇൻഡ്യൻ ജനകീയ രാഷ്ട്രത്തിന്റെ കീഴിൽ ഉപഭാഗങ്ങളായ രാഷ്ട്രങ്ങളെ ഭരണരീതി അനുസരിച്ച് നാലായിതരംതിരിച്ചിരിക്കുന്നു. ഈ ലിസ്റ്റ് 10-ാം അദ്ധ്യായത്തിൽ പട്ടികയിൽ ചേർത്തിട്ടുള്ളതു നോക്കുക.

A ക്ലാസ്സിൽ ഉൾപ്പെട്ട സംസ്ഥാനങ്ങൾക്ക് ഗവർണർ, മന്ത്രിസഭ, നിയമസഭ ഈ സ്ഥാപനങ്ങളുള്ള ഭരണം അനുവദിച്ചിരിക്കുന്നു.

B ക്ലാസ്സിലെ സംസ്ഥാനങ്ങൾക്ക് രാജപ്രമുഖൻ, മന്ത്രിസഭ, നിയമസഭ ഈ സ്ഥാപനങ്ങളോടുകൂടിയ ഭരണമാണുള്ളതു്.

C ക്ലാസ്സിലെ സംസ്ഥാനങ്ങളിൽ കേന്ദ്രഗവണ്മെൻറിലെ പ്രസിഡണ്ടിന്റെ മേൽനോട്ടത്തിൽ ചീഫ്കമ്മീ

ഷണർ മുഖാന്തരമുള്ള ഭരണം നടത്തിവരുന്നു. ആൻഡമാൻ-നിക്കോബർ ദ്വീപുകൾ (D ക്ലാസ്സ്) പ്രസിഡണ്ടിൻെറ മേൽനോട്ടത്തിൽ ഭരിക്കപ്പെട്ടുവരുന്നു.

ചോദ്യങ്ങളും അഭ്യാസങ്ങളും

1. ഇൻഡ്യയുടെ പ്രകൃതിവിഭാഗങ്ങളും അവ ഓരോന്നിലും ഉൾപ്പെട്ട രാഷ്ട്രീയവിഭാഗങ്ങളും എഴുതുക.
2. A, B, C. ക്ലാസ്സുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള രാഷ്ട്രീയവിഭാഗങ്ങളുടെ പേരും, ഭരണരീതിയും എഴുതുക.
3. ഇൻഡ്യയുടെ ഒരു ഔട്ട്ലൈൻ പടത്തിൽ 17-ാം ചിത്രത്തിലുള്ള രാഷ്ട്രീയവിഭാഗങ്ങൾ അടയാളപ്പെടുത്തുക.

അദ്ധ്യായം 12

വ്യവസായങ്ങൾ

കൃഷി, വ്യവസായങ്ങൾ, വാണിജ്യം ഇത്യാദി ധനസമ്പാദനമാർഗ്ഗങ്ങൾ പലതുണ്ട്. ഇവയിൽ വ്യവസായം കൂടുതൽ പ്രാധാന്യം അർഹിക്കുന്നു. കൃഷി പ്രധാന തൊഴിലായുള്ള ഒരു രാജ്യമാണ് ഇൻഡ്യാ. അസംസ്കൃത സാധനമായ പഞ്ഞി തുണിയായി രൂപാന്തരപ്പെടുത്തി (വ്യവസായം ചെയ്ത്) നാം ഉപയോഗിക്കുന്നു. ഇപ്രകാരം പ്രകൃതിയിൽ നിന്നും ലഭിക്കുന്ന സാധനങ്ങളെ ഉപയോഗയോഗ്യമാക്കിത്തീർക്കുന്ന ജോലിയത്രേ വ്യവസായം. സാധനങ്ങളെ നാം വ്യവസായം ചെയ്യുന്നില്ലെങ്കിൽ, മററു വ്യവസായരാജ്യങ്ങളിൽ നിന്നും അവ കൂടുതൽ വിലയ്ക്കുവാങ്ങേണ്ടതായ് വരും; അതുനിമിത്തം കൂടുതൽ നഷ്ടം ഉണ്ടാകുന്നതുമാണ്. ഈ കാരണത്താൽ കഴിവുള്ള എല്ലാ വ്യവസായങ്ങളും നമ്മുടെ രാജ്യത്തു്

നടത്തുകയും, ഇവിടെ ഉണ്ടാക്കുവാൻ സാധിക്കാത്ത വ്യവസായസാധനങ്ങൾ അന്യരാജ്യങ്ങളിൽ നിന്നും നാം വിലയ്ക്ക് വാങ്ങുകയും ചെയ്യുന്നു.

കുടിൽവ്യവസായങ്ങൾ.—ഇൻഡ്യയിൽ ചെറുതരം വ്യവസായങ്ങളും വൻതരം വ്യവസായങ്ങളും നടത്തിവരുന്നു. നമ്മുടെ ചെറുതരം വ്യവസായങ്ങളിൽ പ്രധാനപ്പെട്ടവ കൈത്തറി ഉപയോഗിച്ചുള്ള പഞ്ഞി നെയ്ത്ത്, പട്ടുനൂൽ വ്യവസായം, കൊല്ലന്മാർ നടത്തിവരുന്ന ഇരുമ്പും ഉരുക്കും വ്യവസായം, മൺപാത്രവ്യവസായം, ചെരിപ്പ് വ്യവസായം, ദന്ത വ്യവസായം, എണ്ണക്കുരുക്കളും കൊപ്രായും നാടൻചക്കുകളിൽ ആട്ടി എടുക്കുന്ന വ്യവസായം, ഇവയാകുന്നു. ഗ്രാമോദ്ധാരണത്തിനുള്ള പ്രധാനമാർഗ്ഗം ചെറുതരം (കുടിൽ) വ്യവസായങ്ങൾ നടത്തുകയാണെന്ന് നിങ്ങൾ സിവിക്സിൽ പഠിച്ചു. കയർ പിരിക്കുക, ചകിരിമെത്തയുണ്ടാക്കുക, ചെമ്പ്, പിച്ചള, സ്വർണ്ണം ഇത്യാദി ലോഹവ്യവസായം, കണ്ണാടിവ്യവസായം മുതലായ ചെറുതരം വ്യവസായങ്ങൾ പട്ടണങ്ങളിൽ നടത്തിവരുന്നുണ്ട്.

വൻതരം വ്യവസായങ്ങൾ

യന്ത്രസാമഗ്രികളുടെ സഹായത്തോടുകൂടി വമ്പിച്ചതോതിൽ നടത്തിവരുന്ന പല വ്യവസായങ്ങൾ ഇൻഡ്യയുടെ പല ഭാഗങ്ങളിലുണ്ട്.

1. പഞ്ഞിവ്യവസായം.—ഇൻഡ്യയിൽ ആകെ നാനൂറിലധികം പഞ്ഞിവ്യവസായശാലകളുണ്ട്. പഞ്ഞി കൃഷിചെയ്യുന്നതു് പ്രധാനമായി ഡക്കാൺ, പഞ്ചാബ്, മദ്രാസ് സംസ്ഥാനം ഈ ഭാഗങ്ങളിലാണ്. പഞ്ഞി ഒരുക്കുന്ന വ്യവസായശാലകൾ ബോംബേ സംസ്ഥാനം,

മധ്യപ്രദേശ്, മദ്രാസ്, പഞ്ചാബ്, ഉത്തരപ്രദേശ് എന്നീ പ്രദേശങ്ങളിലാകുന്നു. തുണിനെയ്ത്തു വ്യവസായം നടത്തിവരുന്ന കേന്ദ്രങ്ങൾ അഹമ്മദബാദ്,



ചിത്രം 18. ഇൻഡ്യയും പാക്കിസ്ഥാനും: വ്യവസായവിതരണം.

ഷോലപ്പൂർ, സൂറററ്, മദ്രാസ്, മധുര, കോയമ്പത്തൂർ, കാൺപൂർ, നാഗപ്പൂർ എന്നീ പട്ടണങ്ങളാണ് (18-ാം

ചിത്രം നോക്കുക). ഇൻഡ്യയിൽ ആകെയുള്ള നാന്തറിൽപരം പഞ്ഞിവ്യവസായശാലകളിൽ ഏററവും പ്രധാനപ്പെട്ട പഞ്ഞിവ്യവസായകേന്ദ്രം ബോംബേ ആകുന്നു. കാരണങ്ങൾ:— (1) പഞ്ഞി കുറഞ്ഞ ചെലവിൽ വ്യവസായശാലകളിൽ എത്തിക്കുന്നതിനും മില്ലുകളിൽനിന്നും തുണി വിദൂരസ്ഥലങ്ങളിലേക്ക് അയയ്ക്കുന്നതിനും ഉള്ള സൗകര്യം; (2) വ്യവസായനടത്തിപ്പിനാവശ്യമുള്ള വിദഗ്ദ്ധരായ ജോലിക്കാർ, വിദ്യുച്ഛക്തി, മൂലധനം ഇവ ലഭിക്കുന്നതിനുള്ള സൗകര്യം; (3) സമർത്ഥരായ വ്യവസായനേതാക്കളുടെയും കച്ചവടക്കാരുടെയും സാന്നിധ്യം.

2. ചണവ്യവസായം.—ലോകത്തിൽ ചണം ഉല്പാദിപ്പിക്കുന്ന സുപ്രധാന കേന്ദ്രം ഗംഗാ-ബ്രഹ്മപുത്രാ തടമാണെന്നു നാം പഠിച്ചു. പശ്ചിമബംഗാളിലും പാക്കിസ്ഥാന്റെ വക പൂർവ്വബംഗാളിലും കൂടി ആകെയുള്ള 112 ചണവ്യവസായശാലകളിൽ നൂറും (100) പശ്ചിമബംഗാളിൽ കൽക്കട്ടായ്ക്കു ചുററും ഹൂഗ്ലിനദിയുടെ കരകളിൽ സ്ഥിതിചെയ്യുന്നു. ഈ വ്യവസായം ഇവിടെ കേന്ദ്രീഭവിച്ചിട്ടുള്ളതിനു കാരണങ്ങൾ:—(1) അസംസ്കൃതസാധനമായ ചണം സമീപത്തു ധാരാളം ലഭിക്കുന്നു; (2) കല്ക്കട്ടായ്ക്കു ചുററും ഹൂഗ്ലിനദിയുടെ ഇരുകരകളിലും സ്ഥാപിച്ചിട്ടുള്ള ഈ വ്യവസായശാലകൾക്ക് ജലമാർഗ്ഗം (നദികളിലും സമുദ്രത്തിലും കൂടെ) ലാഭകരമായ വാഹനസൗകര്യമുള്ളതു്.

3. രോമവ്യവസായം.—കരിമ്പടം, കമ്പിളി, മററു രോമവസ്ത്രങ്ങൾ ഇവ കാശ്മീരം, പൂർവ്വപഞ്ചാബ് ഉത്തരപ്രദേശത്തുള്ള കാൺപൂർ, ബാങ്ഗ്ലൂർ, ബോംബേ എന്നപ്രദേശങ്ങളിൽ നടത്തിവരുന്നു.

4. പട്ട്വ്യവസായം:—ഇൻഡ്യയിൽ പട്ടുവ്യവസായം നടത്തിവരുന്ന പ്രധാന കേന്ദ്രങ്ങൾ മൈസൂർ, ബംഗാൾ, കാശ്മീർ, പൂർവപഞ്ചാബ് ഇവയാണ്. തിരുവിതാംകൂർ-കൊച്ചിയിലുള്ള പെരുമ്പാവൂർ കൃത്രിമപ്പട്ടുവ്യവസായത്തിന്റെ ഒരു കേന്ദ്രമാണ്.

5. ഇരുമ്പും ഉരുക്കും വ്യവസായം:—ഈ വ്യവസായത്തിന്റെ പ്രധാന കേന്ദ്രങ്ങൾ ബീഹാറിൽ ററാററാനഗർ (ജംഷഡ്പൂർ), ബംഗാളിൽ അസൻസോൾ, കൾട്ടി, മൈസൂറിൽ ഭദ്രാവതി ഇവയാണ്. കല്ക്കരിയും സംസ്കരിക്കാത്ത ഇരുമ്പും അടുത്തു കാണുന്നത് ഈ വ്യവസായം ലാഭകരമായി നടത്തുന്നതിനു സൗകര്യപ്രദമാകുന്നു.

6. പഞ്ചസാരവ്യവസായം.—കരിമ്പിൽനിന്നും പഞ്ചസാരവ്യവസായം ചെയ്തുവരുന്ന ഇൻഡ്യയിലെ പ്രധാന പ്രദേശങ്ങൾ ഉത്തരപ്രദേശ്, ബീഹാർ, ഒറീസ്സാ, പഞ്ചാബ്, തിരുവിതാംകൂർ-കൊച്ചിയിൽ തിരുവല്ലാ ഇവയാകുന്നു.

7. കടലാസ് വ്യവസായം.—പുല്ല്, ഈററ (മുള), കരിമ്പിന്റെ ചവറ്, മൃദുവായ തടി, ഇത്യാദി സാധനങ്ങൾ ഉപയോഗിച്ച് കടലാസ് ഉണ്ടാക്കിവരുന്നു. ഇൻഡ്യയിലെ പ്രധാന കടലാസ് വ്യവസായകേന്ദ്രങ്ങൾ ബംഗാൾ, മൈസൂർ, ലക്നൗ, പൂനാ, പഞ്ചാബ്, തിരുവിതാംകൂറിൽ പുനലൂർ ഇവയാണ്.

8. സിമൻറ്വ്യവസായം:— പ്രധാന സിമൻറ് വ്യവസായകേന്ദ്രങ്ങൾ സിൻഡിൽകറാച്ചി, മധ്യപ്രദേശത്തുള്ള കററ്നി, ജബ്ബൽപൂർ, ഗ്വാളിയർ, ബീഹാർ, തിരുവിതാംകൂർ-കൊച്ചിയിൽ കോട്ടയം ഇവയാണ്. വേമ്പനാട്ടുകായലിൽനിന്നു ലഭിക്കുന്ന കക്കാ, സമീപത്തു

നിന്നും ലഭിക്കുന്ന കരിങ്കല്ലും കളിമണ്ണും, ജലമാർഗ്ഗവും കരമാർഗ്ഗവും ഉള്ള വാഹനസൗകര്യം, സിമൻറ് ഉടനടി വിൽക്കുവാനുള്ള സൗകര്യം, ഇവ കോട്ടയത്തെ സിമൻറ് വ്യവസായത്തിൻെറ പുരോഗതിക്ക് സഹായകരമായിരിക്കുന്നു.

നഗരജീവിതം:—വ്യവസായങ്ങളുടെ അഭിവൃദ്ധിയോടുകൂടി പട്ടണങ്ങളും വർദ്ധിച്ചുവരുന്നു. നഗരജീവിതം സംബന്ധിച്ചുള്ള പ്രശ്നങ്ങളും ഇതോടുകൂടി ഉദിക്കുന്നു. നഗരസഭകൾ സ്വയം ഭരണം നടത്തി പട്ടണജീവിതത്തെ നിയന്ത്രിച്ചുവരുന്നു.

ചോദ്യങ്ങളും അഭ്യാസങ്ങളും

1. ഇൻഡ്യയിൽ അഭിവൃദ്ധിപ്രാപിച്ചുവരുന്ന ചെറുതരം. കുടിൽവ്യവസായങ്ങൾ ഏവ ?
2. ഇൻഡ്യയിലെ പ്രധാനപ്പെട്ട വൻതരം വ്യവസായങ്ങളുടെ പേർ പറയുക.
3. കൽക്കട്ടാ സമീപിച്ച് ചണവ്യവസായം കേന്ദ്രീഭവിക്കുവാനുള്ള സൗകര്യങ്ങൾ എന്തെല്ലാം ?
4. ഇൻഡ്യയുടെ ഒരു ഔട്ട്ലൈൻപടത്തിൽ പ്രധാന വ്യവസായങ്ങളുടെ സ്ഥാനങ്ങൾ 18-ാം ചിത്രത്തിൽ കാണിച്ചിട്ടുള്ളവ അടയാളപ്പെടുത്തുക.

അദ്ധ്യായം 13

ഗതാഗതമാർഗ്ഗങ്ങളും പട്ടണങ്ങളും

അഭിവൃദ്ധികരമായി ജനങ്ങൾ ജീവിക്കുന്ന ഏതൊരു രാജ്യത്തും മനുഷ്യർക്ക് സഞ്ചരിക്കുന്നതിനും, സാധനങ്ങൾക്കു സ്ഥലഭേദം വരുത്തുന്നതിനും നല്ല സൗകര്യം ഉണ്ടായിരിക്കണം. ആധുനിക ഗതാഗതമാർഗ്ഗങ്ങളിൽ

പ്രധാനപ്പെട്ടവ റോഡുകൾ, റെയിൽവേ, ജലമാർഗ്ഗങ്ങൾ, വിമാനമാർഗ്ഗങ്ങൾ ഇവയാണ്. ഇൻഡ്യയിൽ രണ്ടുലക്ഷം മൈൽ ദൂരത്തിലധികം നല്ല റോഡുകളുണ്ട്. നദികളിലും സമുദ്രത്തിലും കൂടെയുള്ള ഗതാഗതമാർഗ്ഗങ്ങളും ഇൻഡ്യയിൽ പുരോഗമിച്ചിട്ടുണ്ട്.

റെയിൽമാർഗ്ഗങ്ങൾ.— ഇൻഡ്യയിലും പാക്കിസ്ഥാനിലും ആകെ 33,000 മൈൽ ദൂരത്തിലധികം റെയിൽറോഡുകളുണ്ട്. പ്രധാന റെയിൽമാർഗ്ഗങ്ങൾ താഴെ ചേർത്തിട്ടുള്ളവയാണ്:—(1) ബംഗാൾ ആസ്സാം റെയിൽവേ, (2) ഈസ്റ്റ് ബംഗാൾ റെയിൽവേ, (3) ഈസ്റ്റ് ഇൻഡ്യൻ റെയിൽവേ, ഈ മൂന്നു റെയിൽവേകളുടെയും കേന്ദ്രം കൽക്കട്ടാ ആണ്. (4) ബംഗാൾ നാഗപ്പൂർ റെയിൽവേ (B. N. R.) ഇതു് കൽക്കട്ടായിൽനിന്നും നാഗപ്പൂരിലേക്കും വാൾട്ടയറിലേക്കും പോകുന്നു. (5) ഗ്രേററ് ഇൻഡ്യൻ പെനിൻസുലർ റെയിൽവേ (G. I. P. R). ഇതു് ബോംബേയിൽനിന്നും മദ്ധ്യഇൻഡ്യയുടെ എല്ലാ ഭാഗങ്ങളിലേക്കും പോകുന്നു. മദ്രാസ് ആൻഡ് സതേൺ മറാട്ടാ റെയിൽവേ (M. & S. M. R.) ഇതു് മദ്രാസിൽനിന്നും വാൾട്ടയറിലേക്കും, റെയിച്ചൂരിലേക്കും, ഗോവാ, പൂനാ ഈ പട്ടണങ്ങളിലേക്കും പോകുന്നു. (7) ബോംബെ—ബറോഡാ ആൻഡ് സെൻട്രൽ ഇൻഡ്യൻ റെയിൽവേ (B. B. & C. I. R), ഈ പാത ബോംബേയിൽനിന്നും ഡൽഹിവരെപോകുന്നു. (8) നോർത്ത് വെസ്റ്റേൺ റെയിൽവേ: പശ്ചിമപാക്കിസ്ഥാനിലുള്ള ഈ റെയിൽവേ കറാച്ചിമുതൽ പേഷവാർവരെ പോകുന്നു. (9) സൗത്ത് ഇൻഡ്യൻ റെയിൽവേ (S. I. R.): ഇതു് മദ്രാസിൽനിന്നും തിരുവനന്തപുരത്തേക്കും കൊച്ചിതുറമുഖത്തേക്കും പോകുന്നു.

ചിത്രം 19.

ഇൻഡ്യയും പാക്കിസ്ഥാനും: റെയിൽപാതകളും പട്ടണങ്ങളും

ജലമാർഗ്ഗങ്ങൾ.—സമുദ്രമാർഗ്ഗം കപ്പലുകളിലും നദികളിൽക്കൂടെ ബോട്ട്, വള്ളം ഇവയിലും ഇൻഡ്യയിൽ ജനങ്ങൾ സഞ്ചരിക്കുകയും, സാധനങ്ങൾ കയററി അയയ്ക്കുകയും ചെയ്യുന്നു. ഇൻഡ്യയിലെ പ്രധാന തുറമുഖങ്ങൾ കൽക്കട്ടാ, വിശാഖപട്ടണം, കോകനഡ, മസൂലിപട്ടണം,

മദ്രാസ്, തൂത്തുക്കുടി, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, കോഴിക്കോട്, മംഗലപുരം, ബോംബേ, സൂററ്റ് ഇവയാണ്. പാക്കിസ്ഥാനിലെ പ്രധാന തുറമുഖങ്ങൾ പൂർവ്വബംഗാളിൽ ഡാക്കായും, സിൻഡിൽ



ചിത്രം 20.

ഇൻഡ്യയും പാക്കിസ്ഥാനും: വിമാനസഞ്ചാരമാർഗ്ഗങ്ങളും പട്ടണങ്ങളും

കറാച്ചിയും ആകുന്നു. 24-ാം നമ്പർ ഭൂലോകപടത്തിൽ ഇൻഡ്യയുടെ കപ്പൽസഞ്ചാരമാർഗ്ഗങ്ങൾ അടയാളപ്പെടുത്തിയിട്ടുള്ളതു നോക്കുക.

വിമാനങ്ങൾ:— 20-ാം നമ്പർ ഇൻഡ്യാ ഭൂപടത്തിൽ പ്രധാന വിമാനസഞ്ചാരമാർഗ്ഗങ്ങളും അവയാൽ ബന്ധിക്കപ്പെട്ടിട്ടുള്ള പ്രധാന പട്ടണങ്ങളും കാണിച്ചിട്ടുള്ളതു് നോക്കുക. ഇൻഡ്യയിൽ വിമാനസഞ്ചാരം നടത്തിവരുന്ന ആറു പ്രധാന കമ്പനികളുണ്ടു്:— (1) എയാർ ഇൻഡ്യാ; (2) എയാർ സർവീസസ് ഓഫ് ഇൻഡ്യാ; (3) എയാർവേസ് (ഇൻഡ്യാ); (4) ഭാരത് എയാർവേസ്; (5) ഇൻഡ്യൻ നാഷനൽ എയാർവേസ്; (6) ഡക്കാൺ എയാർവേസ്. ഇവ ഇൻഡ്യയിലുള്ള പ്രധാന പട്ടണങ്ങളെ പരസ്പരം ബന്ധിപ്പിച്ചിരിക്കുന്നു.

ഇൻഡ്യയിലും പാക്കിസ്ഥാനിലും ഉള്ള പ്രധാന വിമാനത്താവളങ്ങൾ ലാഹൂർ, ന്യൂഡൽഹി, കറാച്ചി, ബോംബേ, കൽക്കട്ടാ, മദ്രാസ്, ബാങ്ളൂർ, കോയമ്പത്തൂർ, കൊച്ചി, തിരുവനന്തപുരം ഇവയാകുന്നു.

ചോദ്യങ്ങളും അഭ്യാസങ്ങളും

1. ഇൻഡ്യയിലെ പ്രധാന റെയിൽ മാർഗ്ഗങ്ങൾ ഏവ ?
2. സൗത്ത് ഇൻഡ്യൻ റെയിൽവേ മുഖാന്തരം ബന്ധിപ്പിക്കപ്പെടുന്ന പ്രധാന പട്ടണങ്ങളുടെ പേർ എഴുതുക.
3. ഇൻഡ്യയിലെ പ്രധാന തുറമുഖങ്ങൾ ഏവ ?
4. ഇൻഡ്യയിൽ പ്രവർത്തനം നടത്തുന്ന പ്രധാന വിമാനസർവീസുകൾ ഏവ ?
5. ഇൻഡ്യയുടെ ഒരു ഔട്ട്ലൈൻപടത്തിൽ 20-ാം നമ്പർ ചിത്രത്തിൽ കാണിച്ചിട്ടുള്ള വിമാനമാർഗ്ഗങ്ങളും അവ ബന്ധിപ്പിക്കുന്ന പ്രധാന പട്ടണങ്ങളും അടയാളപ്പെടുത്തുക.

അദ്ധ്യായം 14

പ്രധാന കയററുമതികളും ഇറക്കുമതികളും

വിദേശവാണിജ്യം.—മുപ്പത്താറുകോടിയിൽ അധികം പരിഷ്കൃത ജനങ്ങൾ വസിക്കുന്ന മഹാരാജ്യമായ ഇൻഡ്യയിൽ, വിദേശങ്ങളുമായുള്ള വാണിജ്യം വളരെ അഭിവൃദ്ധികരമായി നടത്തിവരുന്നു. പ്രധാന തൊഴിൽ കൃഷിയാകയാൽ, ഇൻഡ്യയിലെ കയററുമതി സാധനങ്ങൾ അധികവും കൃഷിഫലങ്ങളാണ്; ഇറക്കുമതി സാധനങ്ങൾ അധികവും വ്യവസായസാധനങ്ങൾ ആകുന്നു. എന്നാൽ വ്യവസായങ്ങൾ വർദ്ധിപ്പിച്ച് ഇറക്കുമതി എത്രയും കുറയ്ക്കുവാൻ ഇൻഡ്യാ ശ്രമിച്ചു വരുന്നുണ്ട്. വിദേശ വാണിജ്യത്തിൽ ഏർപ്പെട്ടിട്ടുള്ള ഇൻഡ്യയിലെയും പാക്കിസ്ററാനിലെയും പ്രധാന തുറമുഖങ്ങൾ കൽക്കട്ടാ, ബോംബേ, കറാച്ചി, മദ്രാസ്, കൊച്ചി ഇവയാകുന്നു.

പ്രധാന കയററുമതികൾ

ബോംബേയിലെ പ്രധാന കയററുമതികൾ പഞ്ഞി വസ്ത്രങ്ങൾ, പഞ്ഞി, പരുത്തിക്കുരു, ചെറുചണവിത്ത്, നിലക്കടല, എള്ള്, രോമം, തുകൽ, കോതമ്പ് ഇവയാകുന്നു. ഏററവും പ്രധാനപ്പെട്ട കയററുമതിയായ പഞ്ഞി ജപ്പാൻ, ചൈനാ, ഗ്രേററ്ബ്രിട്ടൻ, ഇററലി, ഫ്രാൻസ്, ബൽജിയം, ജർമ്മനി ഈ രാജ്യങ്ങളിലേക്ക് അയച്ചു വരുന്നു. പഞ്ഞി വസ്ത്രങ്ങൾ ഇറാക്ക്, സിലോൺ, പേർഷ്യാ, തെക്കേആഫ്രിക്കാ എന്നീ രാജ്യങ്ങളിലേക്കാണ് അയച്ചുവരുന്നത്.

കൽക്കട്ടായിലെ പ്രധാന കയററുമതികൾ ചണം, ചണവ്യവസായസാധനങ്ങൾ, തേയില, അരക്ക്, എണ്ണക്കുരുക്കൾ, തുകൽ, ധാന്യങ്ങൾ, പഞ്ഞി, പഞ്ഞിവസ്ത്രങ്ങൾ, കരപ്പ്, പുകയില ഇവയാണു്. പ്രധാന കയററുമതികളായ ചണവും ചണ വ്യവസായങ്ങളും സാധനയുണൈറെറഡ് സ്റ്റേററ്സ്, കാനഡാ, ബ്രിട്ടീഷ്ദ്വീപുകൾ, ജർമ്മനി, ആസ്ത്രേലിയാ, ആർജൻറിനാ, ജാവാ, ചൈനാ, ജപ്പാൻ ഈ രാജ്യങ്ങളിലേക്ക് അയച്ചുവരുന്നു.

മദ്രാസിലെ പ്രധാന കയററുമതിസാധനങ്ങൾ ഊറയ്ക്കിട്ട തുകൽ, തുകൽ, പഞ്ഞി, പഞ്ഞിവസ്ത്രങ്ങൾ, നിലക്കടല ഇവയാണു്.

കൊച്ചിയിലെ പ്രധാന കയററുമതികൾ കയർവ്യവസായസാധനങ്ങൾ, കൊപ്രാ, വെളിച്ചെണ്ണ, തേയില, റബ്ബർ, കുരുമുളക്, ഏലം, ചുക്ക് ഇവയാകുന്നു.

പാക്കിസ്ഥാനിൽ കറാച്ചിയിലെ പ്രധാന കയററുമതിസാധനങ്ങൾ പഞ്ഞി, കോതമ്പ്, ബാർലി, എണ്ണക്കുരുക്കൾ, മുതിര, രോമം ഇവയാണു്.

പ്രധാന ഇറക്കുമതികൾ

ബോംബേയിലെ പ്രധാന ഇറക്കുമതികൾ പഞ്ഞിവ്യവസായസാധനങ്ങൾ, രോമവ്യവസായ സാധനങ്ങൾ, യന്ത്രസാമഗ്രികൾ, പട്ടുവസ്ത്രങ്ങൾ, പഞ്ചസാര, മണ്ണെണ്ണ, ഔഷധങ്ങൾ ഇവയത്രേ.

കൽക്കട്ടായിലെ ഇറക്കുമതികൾ ജവുളി, യന്ത്രസാമഗ്രികൾ, പഞ്ചസാര, മണ്ണെണ്ണ, പട്ട്, കടലാസ്, മോട്ടോർ വണ്ടികൾ ഇവയാണു്.

മദ്രാസിലെയും കൊച്ചിയിലെയും പ്രധാന ഇറക്കുമതികൾ പെട്രോൾ, മണ്ണെണ്ണ, നെല്ല്, നെല്ലരി, കോതമ്പ്, ജവുളി, പഞ്ചസാര, ഔഷധങ്ങൾ, യന്ത്രസാമഗ്രികൾ, ഇരുമ്പു സാമാനങ്ങൾ, മോട്ടോർ വണ്ടികൾ, കടലാസ് ഇവയാകുന്നു.

കറാച്ചിയിലെ ഇറക്കുമതികൾ ജവുളി, രോമവസ്ത്രങ്ങൾ, പഞ്ചസാര, യന്ത്രസാമഗ്രികൾ, ഇരുമ്പും ഉരുക്കും സാധനങ്ങൾ, എണ്ണ ഇവയാണ്. പഞ്ഞിവസ്ത്രങ്ങൾ അധികവും ഇംഗ്ലണ്ടിൽ നിന്നും വരുത്തുന്നു. യന്ത്രസാമഗ്രികളും ഇരുമ്പും ഉരുക്കും കൊണ്ടുള്ള സാധനങ്ങളും ഇംഗ്ലണ്ട്, അമേരിക്കാ, ജമ്മനി ഈ രാജ്യങ്ങളിൽനിന്നും, പഞ്ചസാര ജാവായിൽ നിന്നും, പട്ടുവസ്ത്രങ്ങൾ ജപ്പാൻ, ഇററലി ഈ രാജ്യങ്ങളിൽനിന്നും വരുത്തുന്നു. റെയിൽവേ എൻജിൻ, മോട്ടോർ സാമാനങ്ങൾ ഇവ ഇംഗ്ലണ്ട്, അമേരിക്കാ, കാനഡാ ഈ രാജ്യങ്ങളിൽ നിന്നാണ് ഇറക്കുമതി ചെയ്യുന്നത്. മണ്ണെണ്ണയും പെട്രോളും യൂണൈറെറഡ് സ്റ്റേററ്സ്, ബമ്മാ ഈ രാജ്യങ്ങളിൽ നിന്നും വരുത്തുന്നു.

ചോദ്യങ്ങളും അഭ്യാസങ്ങളും

1. വിദേശ വാണിജ്യത്തിൽ ഏർപ്പെട്ടിട്ടുള്ള ഇൻഡ്യയിലെ പ്രധാന തുറമുഖങ്ങൾ ഏവ?
2. ഇൻഡ്യയിലെ പ്രധാന കയററുമതിസാധനങ്ങളുടെ പേർ എഴുതുക.
3. ഇൻഡ്യയിലെ പ്രധാന ഇറക്കുമതിസാധനങ്ങൾ ഏവ?
4. കൊച്ചിതുറമുഖത്തുനിന്നും കയററുമതി ചെയ്യുന്ന പ്രധാന സാധനങ്ങൾ ഏവ?

അദ്ധ്യായം 15

ഇൻഡ്യാഭരണം

ഇൻഡ്യാ ഒരു സ്വതന്ത്രജനായത്തഭരണരാഷ്ട്രം (ജനകീയ റിപ്പബ്ളിക്ക്) ആണ്. ഭരണാദ്ധ്യക്ഷൻ പ്രസിഡണ്ട് ആകുന്നു. കേന്ദ്രത്തിൽഒരു പാർലമെൻറും ഉപരിസഭാമണ്ഡലവും ഉണ്ട്. പ്രധാനമന്ത്രി അദ്ധ്യക്ഷനായുള്ള കേന്ദ്രമന്ത്രിസഭ ഭരണകാര്യങ്ങൾ നിയന്ത്രിക്കുന്നു. പ്രായപൂർത്തി വോട്ടവകാശപ്രകാരമാണ് 1952-ൽ കേന്ദ്ര ഗവണ്മെൻറിലേക്കും സംസ്ഥാനങ്ങളിലേക്കും നിയമസഭാംഗങ്ങളെ തെരഞ്ഞെടുത്തതു്.

സംസ്ഥാനങ്ങളെ A, B, C, D, എന്ന നാലു വിഭാഗങ്ങളായി തരം തിരിച്ച് ഭരണം നടത്തിവരുന്നു. ഈ വകുപ്പുകൾ ഓരോന്നിലും ഉൾപ്പെട്ട സംസ്ഥാനങ്ങളുടെയും അവയുടെ തലസ്ഥാനങ്ങളുടെയും ലിസ്റ്റ് 11-ാം അദ്ധ്യായത്തിൽ പട്ടികയിൽ ചേർത്തിട്ടുള്ളതു് നോക്കുക.

A വിഭാഗത്തിൽ ആസ്സാം, ബീഹാർ, ബോംബേ, മദ്ധ്യപ്രദേശ്, മദ്രാസ്, ഒറീസ്സാ, പഞ്ചാബ്, ഉത്തരപ്രദേശ്, പശ്ചിമബംഗാൾ എന്ന ഒൻപതു രാജ്യങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ഇവയുടെ ഭരണത്തിനായി ഗവർണർ, മന്ത്രിസഭ, നിയമസഭ ഈ സ്ഥാപനങ്ങളുണ്ട്.

B വിഭാഗത്തിൽ ഹൈദ്രബാദ്, ജമ്മുവും കാശ്മീരവും, മദ്ധ്യഭാരത്, മൈസൂർ, പെപ്സു, രാജസ്ഥാൻ സൗരാഷ്ട്ര, തിരുവിതാംകൂർ-കൊച്ചി, ഇവ ഉൾപ്പെടുന്നു. രാജപ്രമുഖനും മന്ത്രിസഭയും നിയമസഭയും ഇവയുടെ ഭരണം നടത്തി വരുന്നു.

C വിഭാഗത്തിൽ ആജ്മിർ, ഭോപാൽ, ബിലാസ്പൂർ, കൂർഗ്, ഡൽഹി, ഹിമാചലപ്രദേശ്, കച്ച്, മണിപ്പൂർ, ത്രിപുര, വിന്ധ്യാപ്രദേശ് ഈ രാജ്യങ്ങൾ ഉൾപ്പെടുന്നു. ഇൻഡ്യയുടെ പ്രസിഡണ്ടിൻെറ നിയന്ത്രണത്തിൽ ചീഫ് കമ്മീഷണർ മുഖാന്തരം കേന്ദ്രഗവണ്മെൻറ് ഇവയുടെ ഭരണം നടത്തിവരുന്നു.

D വിഭാഗത്തിൽ ഉൾപ്പെട്ട ആൻഡമാൻ-നിക്കോബർ ദ്വീപുകളുടെ ഭരണവും കേന്ദ്ര ഗവണ്മെൻറിൻെറ നിയന്ത്രണത്തിലാണ്.

ചോദ്യങ്ങളും അഭ്യാസങ്ങളും

1. ഇൻഡ്യയുടെ കേന്ദ്രഭരണത്തിലുള്ള പ്രധാന സ്ഥാപനങ്ങൾ ഏവ?
2. A വിഭാഗത്തിൽ ചേൎന്ന സംസ്ഥാനങ്ങളുടെ ഭരണം നടത്തുന്നതിനുള്ള സ്ഥാപനങ്ങൾ ഏതെല്ലാം?
3. തിരുവിതാംകൂർ-കൊച്ചി ഏതു വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്നു? ഇതിൻെറ ഭരണം എങ്ങനെ നടത്തി വരുന്നു?

III. ആസ്ട്രേലിയായും ന്യൂസീലാൻഡും

അദ്ധ്യായം 16

ആസ്ട്രേലിയാ

ദ്വീപ്-ഭൂഖണ്ഡത്തിൻെറ കണ്ടുപിടിത്തം:—ദ്വീപുകളിൽ വച്ച് ഏററവും വലുതായ ആസ്ട്രേലിയാ, ഭൂഖണ്ഡങ്ങളിൽ വച്ച് ഏററവും ചെറിയതാകുന്നു. പരിഷ്കൃതലോകത്തിൽനിന്നും ദൂരെ സ്ഥിതിചെയ്കയാൽ, ദീർഘകാലത്തേയ്ക്കു് ആസ്ട്രേലിയാ അജ്ഞാത ഭൂഖണ്ഡമായി

രുന്നു. ആദ്യമായി ആസ്ത്രേലിയാ സന്ദർശിച്ചതു് ഡച്ചു കാരായിരുന്നു. 1606-ൽ ഡച്ചുകാരുടെ ഒരു ചെറുകപ്പൽ കാർപന്റേറിയാ ഉൾക്കടൽ സന്ദർശിച്ചു. 1642-ൽ ടാസ്മാൻ എന്ന ഡച്ചുകാരൻ ദക്ഷിണഭാഗത്തു കണ്ടു പിടിച്ച ദ്വീപിനു് ടാസ്മാനിയാ എന്നു പേരായി. ആദ്യമായി (1685-ൽ) ആസ്ത്രേലിയാ സന്ദർശിച്ച ഇംഗ്ലീഷുകാരൻ വില്യം ഡാമ്പിയർ ആയിരുന്നു. 1770-ൽ ജയിംസ് കുക്ക് എന്ന ഇംഗ്ലീഷുകാരൻ ബോട്ടനി ഉൾക്കടൽ കണ്ടുപിടിച്ചു. ക്യാപ്റ്റൺ കുക്ക് ആസ്ത്രേലിയായുടെ കിഴക്കേ തീരത്തും ന്യൂസീലാൻഡിലും സഞ്ചരിച്ചു് വിവരങ്ങൾ ശേഖരിച്ചു. ബാസ്സ്, മറേ, ഗ്രാൻറ്, ഫ്ളിൻഡേഴ്സ്, എന്നീ രാജ്യാന്വേഷകന്മാരും ആസ്ത്രേലിയായുടെ പല ഭാഗങ്ങളിൽ സഞ്ചരിച്ചു് വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. കുററക്കാരെ നാടു കടത്തുന്ന സ്ഥലമായി ആസ്ത്രേലിയായെ ഗണിച്ചു് ഇംഗ്ലീഷുകാർ 1788-മുതൽ അവിടെ കുടിയേററം ആരംഭിച്ചു. കിഴക്കേ തീരത്തു് സിഡ്നിയിൽ വാസം ഉറപ്പിച്ചുകൊണ്ടു് ഇംഗ്ലീഷുകാർ ക്രമേണ ആസ്ത്രേലിയാ മുഴുവൻ അധീനമാക്കി. 1790 ആയപ്പോഴേയ്ക്കു് സ്വതന്ത്രരായ ധാരാളം ഇംഗ്ലീഷുകാർ ആസ്ത്രേലിയായിൽ എത്തി വാസം ഉറപ്പിച്ചു. അടുത്ത അൻപതു വർഷത്തിനുള്ളിൽ അഞ്ചു് സ്വതന്ത്ര ഇംഗ്ലീഷ് രാഷ്ട്രങ്ങൾ ഇവിടെ ആവിർഭവിച്ചു. ന്യൂ സൗത്തു് വെയിത്സ് (1788), ടാസ്മാനിയാ (1804), പശ്ചിമ ആസ്ത്രേലിയാ (1829), ദക്ഷിണ ആസ്ത്രേലിയാ (1836), വിക്ടോറിയാ (1851), ക്വീൻസ്ലൻഡ് (1859), ഈ കോളനികളാണു് ആസ്ത്രേലിയായിൽ ഇംഗ്ലീഷുകാർ സ്ഥാപിച്ചതു്.

1900-ൽ ആയിരുന്നു ഈ സ്വതന്ത്ര കുടിയേററരാജ്യങ്ങൾ (കോളണി) യോജിച്ച് ആസ്ട്രേലിയൻ കോമൺവെൽത്ത് ആയിത്തീന്നതു്. വെള്ളക്കാരുടെ അധിവാസസ്ഥാനമായി മാത്രം ആസ്ട്രേലിയാ ഇന്നു് പുരോഗമിച്ചു വരുന്നു.

സ്ഥാനവും വലിപ്പവും:—ദക്ഷിണ അക്ഷാംശം 10-ഡിഗ്രിക്കും 40-ഡിഗ്രിക്കും മദ്ധ്യേയും (ഉഷ്ണമേഖലയിൽ), പൂവ് രേഖാംശം 113-ഡിഗ്രിക്കും 154-ഡിഗ്രിക്കും മദ്ധ്യേയും ആണു് ആസ്ട്രേലിയായുടെ സ്ഥാനം (21-ാം ചിത്രം നോക്കുക). ദക്ഷിണായനരേഖ മദ്ധ്യഭാഗത്തുക്കൂടി കടന്നുപോകുന്നതിനാൽ ഈ ഭൂഖണ്ഡത്തിൻെറ ഉത്തരാൎദ്ധം ഉഷ്ണമേഖലയിലും, ദക്ഷിണാൎദ്ധം മിതോഷ്ണമേഖലയിലും കിടക്കുന്നു. ആസ്ട്രേലിയായ്ക്കു് ഇൻഡ്യയുടെ രണ്ടിരട്ടി (2,974,581 ച. മൈൽ) വിസ്തീണ്ണമുണ്ടു്. കിഴക്കു പടിഞ്ഞാറു് ഏകദേശം 2400 മൈലും, തെക്കു വടക്കു് 1950 മൈലും ഇതിനു് അളവുണ്ടു്.

പ്രകൃതി.—ഭൂപ്രകൃതി അടിസ്ഥാനമാക്കി ആസ്ട്രേലിയായെ നാലായി വിഭാഗിക്കാം—(1) ഇടുങ്ങിയ തീരസമതലം: ജനവാസം കൂടുതലുള്ളതും പ്രധാന പട്ടണങ്ങളെല്ലാം സ്ഥിതിചെയ്യുന്നതും കിഴക്കുഭാഗത്തുള്ള തീരസമതലത്തിലാണു്. ഈ തീരം സമീപിച്ചു പവിഴപ്പുററു ദ്വീപസമൂഹങ്ങൾ ദീർഘദൂരം തെക്കുവടക്കായി കിടക്കുന്നു. (2) കിഴക്കുഭാഗത്തുള്ള പർവതപ്രദേശം:— ഇവിടെയുള്ള അത്യുന്നതകൊടുമുടിയായ കൊസിയുസ്കോ 7,328 അടി ഉയരമുള്ളതാണു്. (3) മദ്ധ്യസമതലങ്ങൾ:—ഇവിടെ കന്നുകാലികളെയും ആടിനെയും വളത്തുന്ന വിശാലമായ മേച്ചിൽ പ്രദേശങ്ങളും, കരിമ്പും, പഞ്ഞിയും, കോതമ്പും സമൃദ്ധിയായി

വിളയുന്ന വിസ്തൃത പ്രദേശങ്ങളും ഉണ്ടു്. കന്നുകാലി വളർത്തുകയും കോതമ്പു കൃഷിചെയ്യുകയുംചെയ്യുന്ന വിശാല പ്രദേശങ്ങൾ തെക്കുഭാഗത്തുള്ള മറേ നദീതടത്തിലാണു്.

(4) പശ്ചിമ പീഠപ്രദേശം:—ഇതു് മിക്കവാറും മരുഭൂപ്രദേശമാണു്. 21-ാം നമ്പർ ഭൂപടത്തിൽ ഈ വിഭാഗങ്ങൾ

ചിത്രം 21. ആസ്ട്രേലേഷ്യാ: ഭൂപ്രകൃതി

കാണുക. ഈ ഭൂഖണ്ഡം മുഴുവനിലുംകൂടെ മറേ എന്ന ഒരു പ്രധാന നദിയും അതിൻെറ പോഷകനദികളും മാത്രമേയുള്ളു.

കാലാവസ്ഥ.—ആസ്ത്രേലിയായുടെ ഉത്തരാർദ്ധം നമ്മുടെ കേരളത്തെപ്പോലെ ഉഷ്ണമേഖലയിലും, ദക്ഷിണാർദ്ധം മിതോഷ്ണമേഖലയിലും സ്ഥിതി ചെയ്യുന്നതായി നാം പഠിച്ചു. ഉഷ്ണമേഖലയിൽ കിടക്കുന്ന വടക്കേ ആസ്ത്രേലിയായ്ക്കു് നിരന്തരമായി അത്യുഷ്ണവും, നവംബർമുതൽ ഏപ്രിൽവരെയുള്ള വേനൽക്കാലത്തു് മൺസൂൺ വർഷപാതവും അനുഭവമാകുന്നു. തെക്കുകിഴക്കേതീരത്തു് മഴ എല്ലാമാസങ്ങളിലും ലഭിക്കുന്നു. തീരസമതലത്തിൽ വേനൽക്കാലത്തു് അത്യുഷ്ണവും, ശീതകാലത്തു് മിതോഷ്ണവും അനുഭവപ്പെടുന്നു. ഉയരമേറിയ പർവ്വതപ്രദേശത്തു് കാലാവസ്ഥ വളരെ സുഖപ്രദമാണു്. കിഴക്കുഭാഗത്തുള്ള പർവ്വതങ്ങൾ വനം മൂടിക്കിടക്കുന്നു. മഴ കുറവുള്ള പശ്ചിമഭാഗത്തു് തീരം മുതൽ പുല്ലും മുൾച്ചെടികളും വളരുന്ന വിശാലസമതലങ്ങളും, ഭൂഖണ്ഡത്തിൽ ഉൾപ്രദേശങ്ങളിലേക്കു് പോകുന്തോറും ഊഷരമരുഭൂപ്രദേശങ്ങളും കാണപ്പെടുന്നു. ആസ്ത്രേലിയായുടെ തെക്കുകിഴക്കും തെക്കുപടിഞ്ഞാറും അറ്റങ്ങളിൽ യൂറോപ്പിലെ മെഡിറററേനിയൻ പ്രദേശത്തെപ്പോലെ ശീതകാലത്തു് മഴയും മിതോഷ്ണവും ഉള്ള ഏററവും സുഖപ്രദമായ കാലാവസ്ഥ അനുഭവപ്പെടുന്നു.

ലോഹസമ്പത്തു്.—ആസ്ത്രേലിയാ ലോഹസമ്പത്തു് വളരെയുള്ള ഒരു ഭൂഖണ്ഡമാണു്. സ്വർണ്ണം പശ്ചിമആസ്ത്രേലിയൻ മരുഭൂമിയിൽ കാണപ്പെടുന്നു. ഇവിടെ കാൽഗ്രൂർലി, കൂൾഗാർഡി എന്നീ പ്രദേശങ്ങൾ സ്വർണ്ണഖനികൾക്കു്

സുപ്രസിദ്ധമാകുന്നു. വെള്ളിയും ചെമ്പും ന്യൂ സൗത്ത് വെയിത്സിൽ ഖനനംചെയ്യുവരുന്നു. കല്ക്കരി കിഴക്കേ തീരത്ത് പല ഭാഗങ്ങളിലും, വിശിഷ്യ ന്യൂ കാസിൽ പട്ടണത്തിലും ഖനനംചെയ്യുവരുന്നുണ്ട്. നാകം, ഈയം ഇവ ന്യൂ സൗത്ത് വെയിത്സിലും, വെളത്തീയം ക്വീൻസ് ലൻഡിലും ടാസ്മാനിയായിലും ഖനനം ചെയ്യുവരുന്നു.

പ്രാകൃതികസസ്യാദികൾ.—കാലാവസ്ഥയും പ്രകൃതിപ്രകാരമുള്ള സസ്യാദികളും അടിസ്ഥാനപ്പെടുത്തി ആസ്ട്രേലിയായെ ആറു പ്രദേശങ്ങളായി വിഭജിക്കാം:— (1) ഉഷ്ണമേഖലയിലെ സദാ പച്ചനിറമുള്ള വനങ്ങളോടുകൂടിയ പുൽപ്രദേശം.— സമുദ്രതീരം സമീപിച്ച്, എപ്പോഴും പച്ചനിറമുള്ള വനങ്ങളും, വനങ്ങൾക്കും ഉൾപ്രദേശത്തെ ശുഷ്കമരുഭൂപ്രദേശത്തിനും ഇടയ്ക്ക് ഉഷ്ണമേഖലയിലെ പുൽപ്രദേശവും കാണപ്പെടുന്നു. ക്വീൻസ് ലൻഡിലെ പുൽപ്രദേശത്ത് കാലിവളർത്തൽ വളരെ അഭിവൃദ്ധിപ്രാപിച്ചിട്ടുണ്ട്. (2) ഉഷ്ണമരുഭൂപ്രദേശം.— പശ്ചിമ പീഠപ്രദേശവും അയർ തടാകത്തിനു ചുററും ഉള്ള മധ്യസമതലവും ഉൾപ്പെട്ട ഉൾപ്രദേശമെല്ലാം ഉഷ്ണമരുഭൂമിയാണ്. ഈ മരുഭൂമിയിൽ ചില ഭാഗങ്ങളിൽ യൂക്കാലിപ്ററസ്, മുൾച്ചെടികൾ, കുററിക്കാടുകൾ ഇവ കാണപ്പെടുന്നു. (3) മെഡിററേനിയൻ കാലാവസ്ഥയുള്ള പ്രദേശം.—തെക്കുപടിഞ്ഞാറും തെക്കുകിഴക്കും തീരങ്ങളിൽ (വിക്ടോറിയാ രാജ്യത്തിന്റെ അധികഭാഗം ഉൾപ്പെടെ) സുഖപ്രദമായ മെഡിററേനിയൻ കാലാവസ്ഥ അനുഭവപ്പെടുന്നു. ഇവിടെ എപ്പോഴും മിതോഷ്ണവും ശീതകാലത്ത് വർഷപാതവും ഉണ്ട്. ഈർപ്പം കൂടുതലുള്ള ഭാഗങ്ങളിൽ വനങ്ങൾ കാണപ്പെടുന്നു. (4) മറേ-ഡാർലിങ് നദീതടത്തിലെ മിതോഷ്ണമുള്ള പുൽപ്രദേശം.— കിഴക്കുഭാഗത്തുള്ള പർവ്വതനിര മുതൽ

പടിഞ്ഞാറോട്ട് ഈ പ്രദേശത്തു മഴ കുറവാകയാൽ, പർവതങ്ങളുടെ ചരിവിൽ മഴ കൂടുതലുള്ള ഭാഗങ്ങളിൽ വൃക്ഷങ്ങളും, നദീതടത്തിൽ മററെല്ലായിടത്തും പുല്ലും വളരുന്നു. (5) ന്യൂ സൗത്തു് വെയിത്സിൻെറ തീരത്തുള്ള യൂക്കാലിപ്ററസ് വനപ്രദേശം.— മിതമായ ചൂടും വർഷപാതവും ലഭിക്കുന്ന ഈ പ്രദേശം യൂക്കാലിപ്ററസ് വനപ്രദേശമാണ്. (6) ടാസ്മാനിയാ.— വളരെ സുഖപ്രദമായ കാലാവസ്ഥയാണ് ഈ പ്രദേശത്തിനുള്ളതു്. പലതരം വൃക്ഷങ്ങൾ ഇവിടെ വളരുന്നു.

പരിഷ്കൃത ഭൂഖണ്ഡങ്ങളിൽനിന്നും വേർതിരിക്കപ്പെട്ട് മനുഷ്യസമ്പർക്കം കൂടാതെ അനേകായിരം വർഷം കഴിഞ്ഞുകൂടിയ ഈ ഭൂഖണ്ഡത്തിലെ സസ്യാദികൾക്കും ജീവജാലങ്ങൾക്കും ഒരു പ്രത്യേകതയുണ്ട്. ഇവിടെയുള്ള പ്രാകൃതസസ്യാദികളിൽ ഏററവും വിശിഷ്ടമായിട്ടുള്ളതു് യൂക്കാലിപ്ററസ് വൃക്ഷമാണ്. ഈ വൃക്ഷം പലതരമുണ്ട്. മഴ കുറവുള്ള പ്രദേശങ്ങളിൽ ഇതു് വെറും കുററിച്ചെടിയായി വളരുന്നു; മഴ കൂടുതലുള്ള ഭാഗങ്ങളിൽ യൂക്കാലിപ്ററസ് വൃക്ഷം വളരെ ഉയരത്തിൽ തഴച്ചുവളരുന്നു. ഇതിൻെറ തടി നല്ല കട്ടപ്പമുള്ളതും ചിതൽ തിന്നാത്തതുമാണ്.

കൃഷിയും വിളവുകളും.—ആസ്ത്രേലിയായിലെ കൃഷിസ്ഥലങ്ങൾ അധികവും സ്ഥിതി ചെയ്യുന്നതു് കിഴക്കേതീരം സമീപിച്ചും, കിഴക്കുള്ള പർവതങ്ങളുടെ താഴ്വരകളിലും, മറേ നദീതടത്തിലും, തെക്കേ ആസ്ത്രേലിയായിലും, പശ്ചിമ ആസ്ത്രേലിയായുടെ തെക്കുപടിഞ്ഞാറു ഭാഗത്തും ആണ്. മറേനദിയിൽ നിന്നുള്ള ജലസേചനപദ്ധതികളാൽ വിക്ടോറിയായിലും ന്യൂസൗത്തു്വെയിത്സിലും

കോതമ്പ് ധാരാളം കൃഷിചെയ്യുവരുന്നു. ക്വീൻസ് ലൻഡ് തോട്ടക്കൃഷിക്ക് കേൾവി കേട്ടതാണ്. കരിമ്പ്, ചോളം, ഫലവർഗ്ഗങ്ങൾ, ഉരുളക്കിഴങ്ങ്, പുകയില, പിറുത്തിച്ചക്ക ഇവ ഇവിടെ സമൃദ്ധിയായുണ്ടാകുന്നു. പഴവർഗ്ഗങ്ങൾ തകരത്തിലടച്ച് ഇവിടെ നിന്നും ഇൻഡ്യയിലേക്കും മററും കയററുമതിചെയ്യുവരുന്നു. വടക്ക് ഉഷ്ണമേഖലയിൽ സ്ഥിതിചെയ്യുന്ന മൺസൂൺപ്രദേശത്ത് കരിമ്പും നെല്ലും നേന്ത്രവാഴയും ഇതര ഫലവർഗ്ഗങ്ങളും ധാരാളം വിളയുന്നു. മെഡിററേനിയൻ കാലാവസ്ഥയുള്ള വിക്റേറാറിയാ പ്രദേശത്ത് ഓറഞ്ച്, മുന്തിരിങ്ങാ, കോതമ്പ് ഇവ ധാരാളം വിളയുന്നുണ്ട്.

ജീവജാലങ്ങൾ.—ഇതര ഭൂഖണ്ഡങ്ങളിൽ ഇല്ലാത്ത പല തരം മൃഗങ്ങളും പക്ഷികളും ആസ്ട്രേലിയായിൽ കാണപ്പെടുന്നു. ഇവയിൽ പ്രധാനപ്പെട്ടവ കങ്ഗാരു (സഞ്ചിമൃഗം), പ്ലാററിപ്പസ്, സിങ്കോ, എമു, കസ്സോവാരി, പറക്കുന്ന അണ്ണാൻ, ഇവയാണ്. സഞ്ചിമൃഗങ്ങൾ ഇവിടെ വളരെ അധികമുണ്ട്. പ്ലാററിപ്പസ് മുട്ടയിടുന്ന ഒരുവക മൃഗമാണ്. സിങ്കോ ആടുകളെ നശിപ്പിക്കുന്ന ഒരു വക ദുഷ്ടമൃഗമാകുന്നു. എമു, കസ്സോവാരി ഇവയ്ക്കു് പക്ഷം (ചിറക്) ഇല്ലെങ്കിലും, പക്ഷികളോടു സാമ്യമുണ്ട്. പറക്കുന്ന അണ്ണാനും ഭംഗിയേറിയ തത്തകളും ഇവിടെ ധാരാളം കണ്ടുവരുന്നു.

വളർത്തുമൃഗങ്ങളിൽ പ്രധാനപ്പെട്ടവ കുതിര, കന്നുകാലികൾ, ആട്, പന്നി ഇവയാണ്. യൂറോപ്പിൽ നിന്നും ഇവിടെ അവതരിപ്പിച്ച കുഴിമുയൽ എണ്ണത്തിൽ പെരുകി ഇപ്പോൾ കൃഷിക്ക് ശല്യമായിത്തീർന്നിരിക്കുകയാണ്.

ആസ്ത്രേലിയായിൽ കന്നുകാലികൾ, ആട് ഇവയെ മേയിക്കുന്ന പ്രദേശങ്ങൾ

ആസ്ത്രേലിയായിൽ കാലിവളത്തൽ അഭിവൃദ്ധികരമായി നടത്തിവരുന്നത് മിതോഷ്ണവും വർഷപാതവും നിമിത്തം പുല്ല് ധാരാളം വളരുന്ന തെക്കുകിഴക്കു ഭാഗത്താണ്. മറേ നദിയിൽനിന്നുള്ള ജലസേചനത്താൽ വിക്റേറാറിയായിലും ന്യൂ സൗത്ത് വെയിത്സിലും കോതമ്പ് സമൃദ്ധിയായി കൃഷിചെയ്തുവരുന്നു. ഈ പ്രദേശമാണ് കാലി വളത്തുന്നതിൽ മുന്നിട്ടു നിൽക്കുന്നത്. ക്വീൻസ്ലൻഡിൻെറ കിഴക്കേതീരം കാലിവളത്തലിന് പ്രാധാന്യമുള്ളതാണ്. ഇവിടെ ക്ഷീരവ്യവസായം അഭിവൃദ്ധികരമായി നടത്തിവരുന്നു. മാംസത്തിനായി ഇവിടെ കന്നുകാലികളെ പ്രത്യേകം വളത്തിവരുന്നു. മാംസം പാകപ്പെടുത്തി തകരത്തിലാക്കി കയററുമതി ചെയ്യുന്ന വ്യവസായം ഇവിടെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്.

മിതമായ വർഷമുള്ള ഉന്നതപ്രദേശങ്ങളും സമതലങ്ങളും ആടു വളത്തുവാൻ അനുയോജ്യമാണ്. മധ്യസമതലവും മറേ-ഡാർലിങ് നദീതടവും ലോകത്തിൽ ആടു വളത്തലിന് സുപ്രസിദ്ധിയുള്ള പ്രദേശങ്ങളാകുന്നു. വൃക്ഷങ്ങളില്ലാത്ത ഈ സമതലം ആണ് ആസ്ത്രേലിയായിലെ പ്രധാന തൊഴിലായ ആടു വളത്തലിൻെറ സ്ഥാനം. അതിവിശാലമായ ഈ സമതലത്തിൽ വളരെ ആടുകളെ മേയിച്ചുവരുന്നു. ഇവിടെ ആടുകളുടെ പ്രധാന ഭക്ഷണം ഉപ്പുരസമുള്ള കററിച്ചെടികളാണ്. ശീതകാലം കഴിഞ്ഞു വേനൽ ആരംഭിക്കുമ്പോഴേയ്ക്കു ആടുകളുടെ രോമം കത്രിച്ചുതുടങ്ങും. ഓരോ ആടിനേയും കുളിപ്പിച്ച് ശുദ്ധിയാക്കിയ ശേഷമാണ് രോമം കത്രിക്കുന്നത്. വീണ്ടും മേച്ചിലിൽ വിടുന്നതിനു മുമ്പ് ഉടമസ്ഥൻെറ മുദ്ര ഓരോ ആടിൻെറയും ശരീരത്തിൽ പതിച്ചിരിക്കും.

ഈ ഭൂഖണ്ഡത്തിൽ ആകെയുള്ളതിൽ 85% ആടുകളെ ന്യൂസൗത്ത്‌വെയിത്സിൽ വളർത്തിവരുന്നു. വിലക്കൂടുതലുള്ള മേൽത്തരം മെറീനോ രോമം ഉല്പാദിപ്പിക്കുന്ന മെറീനോ ആടുകളെ ധാരാളം വളർത്തിവരുന്നു. ലോക



ചിത്രം 22. ആസ്ട്രേലിയാ: ഭൂപ്രകൃതി; രാജ്യവിഭാഗങ്ങൾ, പട്ടണങ്ങൾ

ത്തിൽ ഏററവും അധികം ആട്ടരോമം കയററുമതി ചെയ്യുന്നതു് ആസ്ട്രേലിയായിൽ നിന്നാണു്. സിഡ്നി,

മെൽബോൺ എന്നീ തുറമുഖങ്ങളിൽ നിന്നും ആട്ടു രോമവും മാംസവും ഗ്രേറബ്രിട്ടനിലേക്കും അമേരിക്കയിലേക്കും ധാരാളം കയററുമതി ചെയ്യുന്നു.

രാഷ്ട്രീയ വിഭാഗങ്ങളും തലസ്ഥാന പട്ടണങ്ങളും

ആസ്ട്രേലിയൻ കോമൺവെൽത്തു് എന്ന ജനകീയ ഐക്യരാഷ്ട്രത്തിൽ എട്ടു് ഉപരാജ്യങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. കോമൺവെൽത്തിൻെറ തലസ്ഥാനം കാൻബറാ ആണു്.

രാഷ്ട്രീയവിഭാഗങ്ങൾ	തലസ്ഥാനപട്ടണങ്ങൾ
1. ന്യൂസൗത്ത് വെയിൽസ്	സിഡ്നി
2. വിക്റേറാറിയാ	മെൽബോൺ
3. ക്വീൻസ്ലൻഡ്	ബ്രിസ്ബെയിൻ
4. ദക്ഷിണ ആസ്ത്രേലിയാ	ആഡിലെയിഡ്
5. പശ്ചിമ ആസ്ത്രേലിയാ.	പെർത്ത്
6. ടാസ്മാനിയാ.	ഹോബാർട്ട്
7. നോർത്തേൺ ടെറിററി	പാമേഴ്സ്റ്റൺ
(a) ഉത്തരആസ്ത്രേലിയാ	ഡാർവിൻ
(b) സെൻട്രൽആസ്ത്രേലിയാ:	ആലിസ് സ്പ്രിങ്സ്
8. ഫെഡറൽ തലസ്ഥാനരാജ്യം:	കാൻബറാ

ചോദ്യങ്ങളും അഭ്യാസങ്ങളും

1. ആസ്ട്രേലിയായുടെ പ്രധാന ഭൂപ്രകൃതി വിഭാഗങ്ങൾ ഏവ?
2. ഈ ഭൂഖണ്ഡത്തിൻെറ തെക്കുകിഴക്കേതീരത്തു് ജനവാസം കേന്ദ്രീഭവിക്കുന്നതിനു കാരണമെന്തു്?
3. ആസ്ട്രേലിയായിൽ കന്നുകാലികളെയും ആടുകളെയും മേയിക്കുന്നതിൽ ഏർപ്പെട്ടിട്ടുള്ള പ്രധാന പ്രദേശം ഏതു്? ഈ തൊഴിലിനു് ഈ പ്രദേശം അനുയോജ്യമായിരിക്കുന്നതെങ്ങനെ?

4. ആസ്ട്രേലിയായുടെ ഒരു ഔട്ട്ലൈൻ പടത്തിൽ താഴെ പറയുന്നവ അടയാളപ്പെടുത്തുക:—(1) സ്വർണ്ണഖനികളുടെ രണ്ടു സ്ഥലങ്ങൾ; (2) ടാസ്മാനിയാ; (3) സിഡ്നി; (4) ഫെഡറൽ തലസ്ഥാനം; (5) മറേ-ഡാർലിങ് നദീതടം.

അദ്ധ്യായം 17

ന്യൂസീലാൻഡ്

സ്ഥാനവും വലിപ്പവും:—ന്യൂസീലാൻഡിൽ ഉത്തരദ്വീപ്, ദക്ഷിണദ്വീപ് എന്ന രണ്ടു പ്രധാന ദ്വീപുകളും പല ചെറിയദ്വീപുകളുംഉൾപ്പെട്ടിരിക്കുന്നു. ഇവയുടെ ആകെ വിസ്തീർണ്ണം 103, 722 ച: മൈൽ ആണ്. ഉത്തരദ്വീപും ദക്ഷിണദ്വീപും ദക്ഷിണ അക്ഷാംശം 34 ഡിഗ്രിക്കും 47 ഡിഗ്രിക്കും മദ്ധ്യേ, അതായത് മിതോഷ്ണമേഖലയിൽ സ്ഥിതിചെയ്യുന്നു. 13 ഡിഗ്രിക്കുള്ളിൽ, ഏകദേശം 900 മൈൽ നീളത്തിൽ കിടക്കുന്നതിനാൽ, ഈ ദ്വീപുകളുടെ കാലാവസ്ഥ വിവിധമായിരിക്കുന്നു. ഇവിടെ മിതമായ ഉഷ്ണവും വർഷപാതവും നിമിത്തം കാലാവസ്ഥ സുഖപ്രദമാണ്.

പ്രകൃതി:— 23-ാം ചിത്രത്തിൽ ന്യൂസീലാൻഡിന്റെ ഭൂപ്രകൃതിവിഭാഗങ്ങൾ . കാണിച്ചിട്ടുള്ളതു നോക്കുക:— (1) ആക്‌ലൻഡ് ഉപദ്വീപ്; (2) അഗ്നിപർവ്വതപ്രദേശം; (3) ഉത്തരദ്വീപിലുള്ള തെക്കുപടിഞ്ഞാറെ സമതലങ്ങൾ; (4) ഉത്തരദ്വീപിലുള്ള കിഴക്കേപ്രദേശം; (5) ദക്ഷിണ ആൽപ്സ്പർവ്വത പ്രദേശം; (6) ഒട്ടാഗോ

പീഠപ്രദേശം; (7) കാൻറർബറിസമതലം; (8) ദക്ഷിണ ദ്വീപിൻെറ വടക്കുപടിഞ്ഞാറു സമതലവും കുന്നുകളും ഉള്ളപ്രദേശം.



ചിത്രം 23. ന്യൂസീലാൻഡ്: പ്രകൃതിവിഭാഗങ്ങളും സാമ്പത്തിക സ്ഥിതിയും

ജനങ്ങൾ:—ന്യൂസീലാൻഡ് ബ്രിട്ടീഷ് കോമൺവെൽത്തിൽ ഉൾപ്പെട്ട ഒരു സ്വാതന്ത്ര്യ ജനകീയ രാഷ്ട്രമാണ്. ഇവിടെ ആകെയുള്ള 17 ലക്ഷം ജനങ്ങളിൽ ഒരു ലക്ഷത്തിൽ കുറവായി പൂർവ്വനിവാസികളായ മയോറികളും, 16 ലക്ഷം ബ്രിട്ടീഷ് വർഗ്ഗക്കാരായ വെള്ളക്കാരും ഉൾപ്പെട്ടിരിക്കുന്നു.

ജനങ്ങളുടെ തൊഴിലുകൾ:— കൃഷിയും കാലി മേയ്ക്കലും ആണ് ന്യൂസീലാൻഡിലെ പ്രധാന തൊഴിലുകൾ. ആകെയുള്ള സ്ഥലത്തിന്റെ മൂന്നിൽ രണ്ടുഭാഗം കൃഷിക്കും കന്നുകാലി വളർത്തലിനും ഉപയോഗപ്പെടുത്തിവരുന്നു. ഫലഭൂയിഷ്ഠമായ മണ്ണും മിതോഷ്ണമുള്ള കാലാവസ്ഥയും നിമിത്തം, ഈ രാജ്യം വളരെ ഫലസമൃദ്ധിയുള്ളതായിത്തീർന്നിരിക്കുന്നു. ഉത്തരദ്വീപിൽ ചോളം, ചെറുചണം, മുന്തിരിങ്ങാ, മധുരനാരങ്ങാ ഇവ വിളയുന്നു. കാൻറർബറി സമതലത്തിൽ കോതമ്പ്, ബാർലി, ഓട്സ്, കിഴങ്ങുവർഗ്ഗങ്ങൾ ഇവ സമൃദ്ധിയായി വിളയുന്നു; ഇവിടെ കാലിവളർത്തൽ പ്രധാന തൊഴിലാണ്. നെൽസൺപ്രദേശത്തും മററുപല ഭാഗങ്ങളിലും ആപ്പിൾ മുതലായ ഫലവർഗ്ഗങ്ങൾ ധാരാളം കൃഷിചെയ്തുവരുന്നു. ആൽപ്സ് പർവ്വതത്തിന്റെ ചരിവുകളിൽ വളരെ ആടുകളെ വളർത്തിവരുന്നു. ക്ഷീരവ്യവസായം ഇവിടെ പുരോഗമിച്ചിട്ടുണ്ട്. വ്യവസായങ്ങൾ ഈ രാജ്യത്ത് അഭിവൃദ്ധിപ്രാപിച്ചിട്ടില്ല.

പ്രധാന കയററുമതികളും ഇറക്കുമതികളും:— ന്യൂസീലാൻഡിലെ പ്രധാന കയററുമതികൾ വെണ്ണ, മാംസം, ആട്ട

രോമം, പാൽക്കട്ടി, തുകൽ, സ്വർണ്ണം, കൃഷിസാധനങ്ങൾ ഇവയാണ്. പ്രധാന ഇറക്കുമതികൾ മോട്ടോർവണ്ടികൾ, വസ്ത്രങ്ങൾ, ഇരുമ്പ്, ഉരുക്ക്, യന്ത്രസാമഗ്രികൾ, എണ്ണ ഇവയാകുന്നു.

പ്രധാന പട്ടണങ്ങൾ:— ന്യൂസീലാൻഡിലെ പ്രധാന പട്ടണങ്ങൾ തലസ്ഥാനമായ വെല്ലിങ്ടൺ, ആക്‌ലൻഡ്, ക്രൈസ്റ്റ് ചർച്ച്, ഡ്യൂനെഡിൻ ഇവയാകുന്നു.

ന്യൂസീലാൻഡിൽ വലിയ ധനവാന്മാരോ, തീരെ നിർധനന്മാരോ ഇല്ല. ജനങ്ങൾ പരിശ്രമശീലരാകയാൽ ധനസ്ഥിതിയിൽ പുരോഗമിച്ചുവരുന്നു.

ചോദ്യങ്ങളും അഭ്യാസങ്ങളും

1. ന്യൂസീലാൻഡിലെ മിതമായ കാലാവസ്ഥയാൽ അവിടെ ഉണ്ടാകുന്ന പ്രധാനവിളവുകൾ ഏവ?
2. കാൻറർബറി സമതലത്തിൻെറ പ്രാധാന്യമെന്ത്?
3. ന്യൂസീലാൻഡിൻെറ ഒരു ഔട്ട്‌ലൈൻ പടത്തിൽ കാൻറർബറി സമതലം, പ്രധാന പട്ടണങ്ങൾ ഇവ അടയാളപ്പെടുത്തുക.

Printed at St. Joseph's Press, Trivandrum.



ചിത്രം 24. ഭൂലോകം: രാജ്യങ്ങൾ, പ്രധാനപ്പെട്ട പട്ടണങ്ങൾ, റെയിൽവേ, കപ്പൽ സഞ്ചാരമാർഗ്ഗങ്ങൾ.